# ജിന്നു വിവാദവും ചില ലളിത സത്യങ്ങളും

اطِّلَاعُ أَرْبَابِ الْكَمَالِ عَلَى مَا فِي رِسَالَةِ أَبِي طَلَالٍ مِنْ الِاخْتِلَالِ

وَمُجَانَبَتِهِ لِجَادَّةِ الْإِنْصَافِ وَالْإِعْتِدَالِ

........................................................................................

........................................................................................

.................................................... . . . . . . . . . . . . . . . .

. .

2:

# ജിന്ന വിവാദവും ചില ലളിത സത്യങ്ങളും

بِسْمِ اللهِ الرَّحْمَنِ الرَّحِيمِ

الْحَمْدُ لِلَّهِ رَبِّ الْعَالَمِينَ وَالصَّلَاةُ وَالسَّلَامُ عَلَى رَسُولِهِ الْأَمِينِ وَعَلَى آلِهِ وَأَصْحَابِهِ أَجْمَعِينَ

أَمَّا بَعْدُ:

ദീനിനെ സ്നേഹിക്കുന്ന ഏതൊരു മലയാളിയേയും വേദനിപ്പിക്കുന്ന തരത്തിലുള്ള സംഭവ വികാസങ്ങളാണ് ഒരു ഹദീഥിനെയും അതിനെ തുടർന്ന് ജിന്നിനോട് സഹായം ചോദിക്കുന്ന വിഷയവുമായി ബന്ധപ്പെട്ട് കേരളത്തിൽ നടന്നു കൊണ്ടിരിക്കുന്നത്. മതപരമായ ഒരു വിഷയം എന്നതിനു പുറമേ പൈശാചികമായ രാഷ്ട്രീയ താല്പര്യങ്ങൾ മിക്ക വിവാദങ്ങളിലുമെന്ന പോലെ ഈ വിവാദത്തിലും നിഴലിച്ചു നിൽക്കുന്നുണ്ട്. എന്നാൽ സംശയത്തിന്റെ യാതൊരു ആവശ്യവുമില്ലാത്ത വിധം ലളിതമായ ഒരു വിഷയത്തെ തെരുവിലിട്ട് അലക്കി ദീനുൽ ഇസ്‌ലാം എന്നു പറഞ്ഞാൽ ഒരുപാട് നിഗൂഢതകളും സംശയങ്ങളുമാണെന്ന തെറ്റിദ്ധാരണ പരത്താൻ കലക്കു വെള്ളത്തിൽ മീൻ പിടിക്കുന്ന മോഡേണിസ്റ്റുകൾ ശ്രമിക്കുന്നത് കൊണ്ടും പിശാചിന്റെ സഹായത്തോടെ അവരതിൽ അല്പമൊക്കെ വിജയിക്കുന്ന കാഴ്ച കാണേണ്ടി വന്നതിനാലും നമ്മുടെ ദീനിലെ ലളിതമായ അടിസ്ഥാന തത്വങ്ങളുടെ വെളിച്ചത്തിൽ സാധാരണക്കാരായ മുവഹ്ഹിദുകളെ ഉദ്ദേശിച്ച് ഏതാനും വാക്കുകൾ എഴുതുകയാണ്, അല്ലാഹുവിന്റെ സഹായം പ്രതീക്ഷിച്ചു കൊണ്ട്.

സഹോദരങ്ങളെ, നമ്മുടെ ദീൻ – ദീനുൽ ഇസ്‌ലാം– അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ട് വളരെ ലളിതമാണ്. ഇൽമുൽ കലാമിന്റെ നേതാവായിരുന്ന അബുൽ ഫത്ഹ് മുഹമ്മദുബ്നു അബ്ദിൽ കരീം അശ്ശഹ്റസ്താനീ പറഞ്ഞതായി ഇമാം മുഹമ്മദ് അമീൻ ശൻഖീതീ റഹിമഹുല്ലാഹ് ഉദ്ധരിച്ചിരിക്കുന്നത് നോക്കൂ.

"فَعَلَيْكُمْ بِدِينِ الْعَجَائِزِ فَهُوَ مِنْ أَسْنَى الْجَوَائِز"

(നിങ്ങൾ വല്യുമ്മമാരുടെ ദീൻ മുറുകെപ്പിടിക്കുക. അതാണ് ഏറ്റവും വലിയ വിജയം.)[1]

അൽ ഫഖ്ർ അർറാസീ റഹിമഹുല്ലായുടെ ചരിത്രത്തിൽ ഇമാം ദഹബി പറഞ്ഞതു നോക്കൂ

"وَكَانَ مَعَ تَبَحُّرِهِ فِي الْأُصُولِ يَقُولُ: مَنِ الْتَزَمَ دِينَ الْعَجَائِزِ فَهُوَ الْفَائِزُ"

(ഉസൂലുൽ ഫിഖ്ഹിൽ വിജ്ഞാനസാഗരമായിരുന്നിട്ടും അദ്ദേഹം പറയാറുണ്ടായിരുന്നു ''ആരാണോ വല്യുമ്മമാരുടെ ദീനിൽ ഉറച്ചു നിൽക്കുന്നത് അവനാണ് വിജയി'')[2]

---

1 أضواء البيان 7/475-476.

2 لسان الميزان (4/427)

ഇവിടെ വൃദ്ധകളുടെ ദീൻ എന്നതു കൊണ്ടുദ്ദേശിക്കുന്നത്, ഖുറാഫാത്തിൽ മുഴുകിജീവിക്കുന്ന വഴിതെറ്റിയ ഏതെങ്കിലും സ്തീകളുടെ ദീനിനെയല്ല. മറിച്ച്, ഇസ്‌ലാമിക സമൂഹങ്ങളിൽ ജീവിച്ച, അഹങ്കാരവും അതിബുദ്ധിമാനാണെന്ന മിഥ്യാബോധവുമില്ലാത്ത, ശുദ്ധഗതിക്കാരായ വല്യുമ്മമാരാണ് ഉദ്ദേശം. കാരണം, അവർ തങ്ങളുടെ ബുദ്ധി ദീനിൽ കടത്തികൂട്ടി മലിനമാക്കിയ ആശയങ്ങളിലല്ല, മറിച്ച്, പൂർവികരിൽ നിന്ന് കൈമാറിപ്പോന്ന ശുദ്ധമായ വിശ്വാസത്തിൽ അവരുടെ വക ഒന്നും കൂട്ടാതെയാണ് വിശ്വസിക്കുന്നത്.

വൃദ്ധകളായ സ്ത്രീകൾ എന്ന് പറയാൻ പ്രത്യേകിച്ച് കാരണമുണ്ട്.

പൊതുവേ സ്ത്രീകൾ പുരുഷന്മാരെക്കാൾ ബുദ്ധി കുറവുള്ളവരാണ് – നബിﷺ صلى الله عليه وسلم സ്ത്രീകളെപ്പറ്റി

(ബുദ്ധിയും ദീനും കുറഞ്ഞവർ) എന്നു പറഞ്ഞിട്ടുണ്ട്. ഖുർആനിൽ കടത്തിനു സാക്ഷി നിൽക്കുന്നന്നതിനെ പറ്റി പറഞ്ഞപ്പോൾ അല്ലാഹു പറഞ്ഞത്,

فَإِن لَّمۡ يَكُونَا رَجُلَيۡنِ فَرَجُلٞ وَٱمۡرَأَتَانِ مِمَّن تَرۡضَوۡنَ مِنَ ٱلشُّهَدَآءِ أَن تَضِلَّ إِحۡدَىٰهُمَا فَتُذَكِّرَ إِحۡدَىٰهُمَا ٱلۡأُخۡرَىٰۚ ﴿٢٨٢﴾ سورة البقرة

(ഇനി രണ്ട് പുരുഷന്മാർ ഇല്ലെങ്കിൽ ഒരു പുരുഷനും രണ്ട് സ്ത്രീകളുമായിക്കൊള്ളട്ടെ, അവരിൽ ഒരുവൾ മറന്നാൽ മറ്റവൾ ഓർമ്മിപ്പിക്കാൻ വേണ്ടി.) ഇത് ഒരിക്കലും സ്ത്രീകളെ കുറിച്ചുള്ള ഒരു ആക്ഷേപമല്ല, മറിച്ച് അല്ലാഹു അവന്റെ അപാരമായ ഹിക്മത്തിന്റെ അടിസ്ഥാനത്തിൽ ചെയ്ത ഒരു അനുഗ്രഹമാകുന്നു.

വാർദ്ധക്യവും ബുദ്ധിക്കു കുറവു സംഭവിക്കുന്ന ഒരു അവസ്ഥയാണെന്ന് ഖുർആൻ നമ്മെ പഠിപ്പിച്ചിട്ടുണ്ട്.

وَمِنكُم مَّن يُرَدُّ إِلَىٰٓ أَرۡذَلِ ٱلۡعُمُرِ لِكَيۡلَا يَعۡلَمَ مِنۢ بَعۡدِ عِلۡمٖ شَيۡـٔٗاۚ ﴿٥﴾ [3]

(നിങ്ങളിൽ ചിലർ അറിവുണ്ടായതിനു ശേഷം പിന്നീട് ഒന്നുമറിയാത്ത പടു വാർദ്ധക്യത്തിലേക്ക് മടക്കപ്പെടുന്നു.)

ഇത്രയും അറിവു കുറഞ്ഞവർക്കു പോലും മനസ്സിലാക്കാവുന്ന ലളിതമായ സത്യങ്ങളാണ് ഇസ്‌ലാമിലെ അടിസ്ഥാന വിശ്വാസങ്ങൾ എന്നതാണ് സത്യം. എന്നിരിക്കേ അത് മനസ്സിലാക്കാൻ ലോകത്ത് ഒന്നോ രണ്ടോ വ്യക്തികൾക്കേ സാധിക്കൂ, അല്ലെങ്കിൽ വിശ്വാസകാര്യങ്ങളിൽ ഡോക്ടറേറ്റെടുത്തവർക്കേ സാധിക്കൂ എന്ന് വരുത്തിത്തീർക്കുന്നത് തൗബ ചെയ്യൽ ആവശ്യമായ ഒരു അപരാധമാകുന്നു.

കൂടുതൽ ആമുഖങ്ങളില്ലാതെ വിഷയത്തിലേക്ക് കടക്കാം.

# ശിർക്കിന്റെ നിർവചനം

[3] سورة الحج 5

# 4:

അല്ലാഹുവിൽ പങ്കു ചേർക്കൽ അഥവാ ശിർക്ക് എന്താണെന്ന് വിശദീകരിക്കാൻ ഏറ്റവും അർഹൻ അല്ലാഹു തആലാ തന്നെയാണല്ലോ. ശിർക്കിന്റെ നിർവചനം ഖുർആനിൽ പരാമർശിച്ചിട്ടുണ്ട്, യാതൊരു സംശയത്തിനും പഴുതില്ലാത്ത വിധത്തിൽ.

الشِّرْكُ وَهُوَ دَعْوَةُ غَيْرِهِ مَعَهُ وَالدَّلِيلُ قَوْلُهُ تَعَالَى: {وَاعْبُدُوا اللَّهَ وَلَا تُشْرِكُوا بِهِ شَيْئًا}[4]

“ശിർക്ക് എന്നു വെച്ചാൽ അല്ലാഹുവിന്റെ കൂടെ അവനല്ലാത്തതിനോട് പ്രാർത്ഥിക്കലാകുന്നു. അതിനുള്ള തെളിവ് നിങ്ങൾ അല്ലാഹുവെ ആരാധിക്കുക, അവന്റെ കൂടെ ഒന്നിനേയും പങ്കു ചേർക്കരുത് എന്ന ആയത്താകുന്നു.”[5] ( മുഹമ്മദുബ്നു അബ്ദിൽ വഹ്ഹാബ് റഹിമഹുല്ലാഹ് ഉഥൂലുഥ്ഥലാഥയിൽ പറഞ്ഞത്)

ഈ ആയത്ത് ഒറ്റ നോട്ടത്തിൽ മനസ്സിലാകുന്നതിനേക്കാളധികം അതിനെപ്പറ്റി അല്പം ചിന്തിച്ചാൽ നമുക്ക് മനസ്സിലാകും. എന്തു കാര്യമാണോ അല്ലാഹുവിനു ചെയ്താൽ ഇബാദത്താകുന്നത്, അത് അവനല്ലാത്തവർക്ക് ചെയ്താൽ ശിർക്കാകും എന്നാണ് ആയത്തിന്റെ ആശയം.

തിരിച്ചു പറഞ്ഞാൽ, എന്തു കാര്യമാണോ അല്ലാഹു അല്ലാത്തവർക്ക് ചെയ്താൽ ശിർക്കാകുന്നത്, അത് അല്ലാഹുവിനു ചെയ്താൽ ഇബാദത്താകും!

നജ്ദീ പണ്ഡിതനായ അശ്ശൈഖ് അബ്ദുല്ലത്വീഫ് ഇബ്നു അബ്ദുർറഹ്മാൻ റഹിമഹുല്ലാഹ് പറഞ്ഞു:

“ശിർക്കെന്നു വെച്ചാൽ, അല്ലാഹുവിനു മാത്രം പ്രത്യേകമായി അർഹതയുള്ള ബാഹ്യമോ ഗോപ്യമോ ആയ ഇബാദത്തിൽ അവന് ഒരു പങ്കാളിയെ വെക്കലാണ്. അത്, സ്നേഹമായാലും, താഴ്മയായാലും, ഭയമായാലും, ബഹുമാനമായാലും, പ്രതീക്ഷയായാലും, ഭരമേല്പിക്കൽ, ബലി, അനുസരണം തുടങ്ങിയ എന്തായാലും.”

അല്ലാഹുവെ സ്നേഹിച്ചാൽ , ഇബാദത്താകുന്ന വിധം ഒരു സ്നേഹം ഒരാൾ മറ്റൊരാളെ സ്നേഹിച്ചാൽ അത് ശിർക്ക്.

അതല്ലാത്ത വിധത്തിൽ സ്നേഹിച്ചാൽ ശിർക്കല്ല.

അല്ലാഹുവെ പേടിച്ചാൽ, ഇബാദത്താകുന്ന വിധം ഒരു പേടി ഒരാൾ മറ്റൊരാളെ പേടിച്ചാൽ അത് ശിർക്ക്. അതല്ലാത്ത വിധത്തിൽ പേടിച്ചാൽ ശിർക്കല്ല.

നേരെ തിരിച്ച്, അല്ലാഹു അല്ലാത്തവരെ സ്നേഹിച്ചാൽ ശിർക്ക് ചെയ്തതിന്റെ പേരിൽ അല്ലാഹു ശിക്ഷിക്കുന്ന വിധത്തിലുള്ള സ്നേഹം, അല്ലാഹുവെ സ്നേഹിച്ചാൽ അത് അല്ലാഹുവിനുള്ള ഇബാദത്തായിത്തീരും.

അല്ലാഹു അല്ലാത്തവരെ പേടിച്ചാൽ ശിർക്ക് ചെയ്തതിന്റെ പേരിൽ അല്ലാഹു ശിക്ഷിക്കുന്ന വിധത്തിലുള്ള പേടി അല്ലാഹുവെ പേടിച്ചാൽ അത് അല്ലാഹുവിനുള്ള ഇബാദത്തായിത്തീരും.

വളരെ ലളിതമായ ആശയം. പക്ഷെ തൗഹീദ് ആഴത്തിൽ പഠിച്ചവരെന്ന് അവകാശപ്പെടുന്നവർ പറഞ്ഞു പറഞ്ഞു പണ്ടൊരു പഴഞ്ചൊല്ലിൽ പറഞ്ഞതു പോലെയായി കാര്യം.

---

[4] سورة النساء 36

[5] ثلاثة الأصول وأدلتها للإمام النجدي رحمه الله تعالى

# أَرَادَ أَنْ يُكَحِّلَهَا فَأَعْمَـــــــــاهَا!

(അവൻ അവൾക്ക് സുറുമയിട്ടു കൊടുക്കാൻ ഉദ്ദേശിച്ചു, പക്ഷെ അവളുടെ കണ്ണു പൊട്ടിച്ചു കളയുകയാണ് ചെയ്തത്!)

നമ്മുടെ വിഷയത്തിലേക്ക് വരാം. ഒരാൾ തന്റെ അടുത്തു നിൽക്കുന്ന, തന്റെ ശബ്ദം കേൾക്കുന്ന ഒരു ജിന്നിനോട് നീ വന്ന് എന്റെ നഷ്ടപ്പെട്ട വാഹനം, അല്ലെങ്കിൽ ഒരു വസ്തു തെരഞ്ഞു കണ്ടു പിടിക്കാൻ എന്നെ സഹായിക്കൂ. നിനക്ക് കഴിയില്ലെങ്കിൽ സഹായിക്കേണ്ടതില്ല, സഹായിക്കാൻ ശ്രമിച്ചു അതിനു കഴിയാത്ത വിധം നീ തളർന്നാൽ  തിരിച്ചു പൊയ്ക്കോളൂ എന്നു പറഞ്ഞുവെന്നിരിക്കുക. ഈ വാക്ക് അല്ലെങ്കിൽ ഈ ഉദ്ദേശത്തോടെയുള്ള സമാനമായ മറ്റൊരു വാക്ക് പറയാമോ പാടില്ലേ എന്ന കാര്യത്തിൽ അല്ലാഹുവിന്റെ കാവൽ കൊണ്ട് കേരളത്തിൽ തർക്കമുണ്ടായിട്ടില്ല. അതു പാടില്ല. എന്നാൽ ഈ വാക്കു പറഞ്ഞാൽ ശിർക്കാകുമോ ഇല്ലേ? അതാണല്ലോ തർക്കം!

ശിർക്കിന്റെ നിർവചനം മുകളിൽ കൊടുത്തത് ഒന്നുകൂടെ വായിക്കാൻ ദയവുണ്ടാവുക.

ഈ വാക്കുകൾ ജിന്നിനോടു പറഞ്ഞാൽ ശിർക്കാകുമെങ്കിൽ അതു തന്നെ റബ്ബ് സുബ്ഹാനഹു വ തആലയോട് പറഞ്ഞാൽ ഇബാദത്താകണം.! അല്ലാഹുവിനോട് ഒരാൾ ഈ വാക്കു പറഞ്ഞാൽ അത് ഇബാദത്തല്ല ആവുക, അല്ലാഹുവെ കുറ്റം പറഞ്ഞ വകുപ്പിൽ പറഞ്ഞവൻ കാഫിറും മുർത്തദ്ദുമാണാകുക! മുസ്‌ലിം രാജ്യത്താണെങ്കിൽ അവൻ വധശിക്ഷക്കു വിധേയനാകും, മൂന്ന് ദിവസത്തിനകം തൗബ ചെയ്തില്ലെങ്കിൽ! പൂർവികരുടെ ബാക്കി – ബഖിയ്യതുസ്സലഫ്– എന്നറിയപ്പെടുന്ന മഹാപണ്ഡിതനായ സാലിഹുൽ ഫൗസാൻ ഹഫിദഹുല്ലാഹ് പറഞ്ഞു:

«فَالشِّرْكُ: هُوَ صَرْفُ شَيْءٍ مِنْ أَنْوَاعِ الْعِبَادَةِ لِغَيْرِ اللهِ، كَالدُّعَاءِ، وَالذَّبْحِ، وَالنَّذْرِ، وَالْإِسْتِغَاثَةِ بِغَيْرِ اللهِ فِيمَا لَا يَقْدِرُ عَلَيْهِ إِلاَّ اللهُ»[6]

(ദുആ, നേർച്ച, ബലി, അല്ലാഹു അല്ലാത്ത ആർക്കും കഴിവില്ലാത്ത വിഷയങ്ങളിൽ അവനല്ലാത്തവരോടു സഹായം ചോദിക്കൽ തുടങ്ങിയ ഇബാദത്തിന്റെ ഇനങ്ങളിൽ പെട്ട ഏതെങ്കിലും ഒരിനം അല്ലാഹു അല്ലാത്തവരിലേക്ക് തിരിച്ചു വിടുന്നതാണ് ശിർക്ക്.)

സഹായം ചോദിക്കുന്നത് ശിർക്കാകുന്നത് അല്ലാഹുവിന് മാത്രം കഴിയുന്ന കാര്യങ്ങൾ അഥവാ മഴപെയ്യിക്കുക, രോഗം സു:ഖപ്പെടുത്തുക, സന്താനങ്ങളെ നൽകുക തുടങ്ങിയ കാര്യങ്ങളാവുമ്പോഴാണ്. എന്ന് പറഞ്ഞത് പ്രത്യേകം ശ്രദ്ധിക്കുക.

# യാ ഇബാദല്ലാഹ് അഗ്വീഥൂനീ

[6] الإرشاد إلى صحيح الاعتقاد والردِّ على أهل الشرك والإلحاد: (43)

യാ ഇബാദല്ലാഹ് അഗ്വീഥൂനീ (അല്ലാഹുവിന്റെ അടിമകളേ എന്നെ സഹായിക്കൂ) എന്ന് ജിന്നുകളെ ഉദ്ദേശിച്ചു പറയുന്നതിനു ഒരു ദുർബലമായ ഹദീസുമായി ഖുറാഫികൾ വാദിക്കുകയും ജിന്നുകളെപ്പോലെ തന്നെയല്ലേ മരിച്ച മഹാത്മാക്കൾ എന്ന് അവർ ചോദിക്കുകയും ചെയ്തപ്പോൾ, മുശ്രിക്കുകളുടെ ഈ വാദത്തിനു സലഫികളും അല്ലാത്തവരുമായ മുസ്‌ലിം പണ്ഡിതന്മാരും പ്രബോധകന്മാരും കേരളത്തിലടക്കം ലോകത്തങ്ങോളമിങ്ങോളം സംശയത്തിനു വകുപ്പില്ലാത്ത വല്യുമ്മമാരുടെ മറുപടിയാണ് നൂറ്റാണ്ടുകളായി കൊടുത്തു പോരുന്നത്.

ആ മറുപടി ഇതാണ്, നിങ്ങൾ പറയുന്ന ഹദീഥ് ദുർബലമാണ്. ഇനി അത് പ്രബലമാണെന്ന് വന്നാൽ പോലും, അതിലെ ഉദ്ദേശം വിളിക്കുന്നവന്റെ അടുത്ത് നിൽക്കുന്ന അവന്റെ ശബ്ദം കേൾക്കുന്ന അവൻ ആവശ്യപ്പെടുന്ന സഹായം ചെയ്യാൻ കഴിവുള്ള ജിന്നോ മലക്കോ ആണ്. ഞങ്ങൾ തലമുറകളായി വിശ്വസിച്ചു പോരുന്ന ശിർക്കിന്റെ നിർവചനപ്രകാരം അത് ശിർക്കല്ല. അതു കൊണ്ടു നിങ്ങൾ ചെയ്യുന്ന ശിർക്കിനു അതു തെളിവുമല്ല.

ഷൈഖുൽ ഇസ്‌ലാം ഇബ്നു ബാസ് റഹിമഹുല്ലാഹ് യാ ഇബാദല്ലാഹ് ഇഹ്ബിസൂ (അല്ലാഹുവിന്റെ അടിമകളേ എന്റെ വാഹനത്തെ തടഞ്ഞു വെക്കൂ) എന്ന ഹദീഥിനെ സംബന്ധിച്ച് ചോദിക്കപ്പെട്ടു,

:അപ്പോൾ അദ്ദേഹം പറഞ്ഞത് നോക്കൂ

(ഹദീസിന്റെ സ്വിഹ്ഹത്ത് സംശയാസ്പദമാണ്. എന്നാൽ അതിൽ മറഞ്ഞവരോടുള്ള ദുആയില്ല. മറിച്ച് അതിന്റെ ഉദ്ദേശം ഹാജരുള്ളവരായ മലക്കുകളോ മുസ്‌ലിം ജിന്നുകളോ ആയേക്കാം- മസാഇലുൽ ഇമാം ഇബ്നു ബാസ് പേജ് 282)[7] മുസ്‌ലിമായ ജിന്നോ മലക്കോ ആവാം അല്ലാഹുവിന്റെ അടിമകൾ എന്ന് ഹദീഥിൽ പ്രയോഗിച്ചതിന്റെ ഉദ്ദേശം എന്ന് പറഞ്ഞതിന്റെ ശേഷം അത് ദുആ അല്ല എന്നതിന് ശൈഖ് ഇബ്നു ബാസ് പറഞ്ഞ കാരണമെന്താണ്? അവർ മറഞ്ഞവരല്ല, അഥവാ ഹാജറുള്ളവരാണ്! അഹ്‌ലുസ്സുന്നത്തിന്റെ അഖീദയുടെ ബാലപാഠമെങ്കിലും പഠിച്ചിട്ടുള്ള കുട്ടികൾക്ക് പോലും അറിയാവുന്ന ഒരു കാര്യമാണു ശൈഖ് ഇവിടെ പറഞ്ഞിരിക്കുന്നത്, അഥവാ ജീവനുള്ള, കഴിവുള്ള, ഹാജരുള്ളവരായ ആളോട് സഹായം തേടുന്നത് ശിർക്കല്ല.

# യാ ഇബാദല്ലാഹ് എന്ന ഹദീഥിനെ സംബന്ധിച്ച് അഹ്‌ലുസ്സുന്നത്തിന്റെ നിലപാട്

എന്താണ് തൗഹീദെന്ന് പഠിച്ച് മനസ്സിലാക്കിയിട്ടില്ലാത്ത മുഖല്ലിദുകളാണ്, യാ ഇബാദല്ലാ എന്ന ഹദീഥും ജിന്നിനോടുള്ള സഹായതേട്ടവുമായി ബന്ധപ്പെട്ട വിവാദത്തിൽ തല ചുറ്റി വീണിട്ടുള്ളത്. അവർക്ക് തൗഹീദും ശിർക്കുമെല്ലാം തങ്ങളുടെ ഉസ്താദന്മാരുടെ കൈയിൽ ഭദ്രമായി ഏല്പിക്കപ്പെട്ട അസ്പർശ്യമായ വിശുദ്ധ വസ്തുക്കളാണ്. ഉസ്താദ് തൗഹീദെന്നു പറഞ്ഞാൽ തൗഹീദ്, ശിർക്കെന്നു പറഞ്ഞാൽ ശിർക്ക്! ഇനി ഒന്നു കൂടെ തൗഹീദെന്നു പറഞ്ഞാൽ വീണ്ടും സന്തോഷം മാത്രം! ഇങ്ങനെ കേട്ടതിനൊക്കെ സമിഅ്നാ വ അത്വഅ്നാ – ഞങ്ങൾ കേട്ടിരിക്കുന്നു അനുസരിച്ചിരിക്കുന്നു– എന്നു പറയാൻ പൂർണ്ണ സന്നദ്ധത!

അത്തരക്കാർ തങ്ങൾക്കുണ്ടായ അസ്കിത മറ്റുള്ളവരുടെ കൂടെ തലയിൽ കെട്ടി വെക്കാൻ നോക്കുകയാണ്. മുഖല്ലിദുകൾക്ക് എപ്പോഴും ഒരു ദഹനക്കേടുണ്ടാകും. അതു സ്വാഭാവികം മാത്രമാണ്. അവർക്ക് തഖ്‌ലീദ് ചെയ്യാൻ ചെറിയ ഉളുപ്പ് തോന്നുന്ന വിഷയങ്ങളൊക്കെ വലിയ നവാസിലാണെന്ന് തോന്നും. നവാസിൽ എന്നു പറഞ്ഞാൽ മുമ്പു സമുദായത്തിൽ ചർച്ചയില്ലാത്ത പുതുമയുള്ള ഒരു ഫിത്ന എന്നാണർത്ഥം. യാ ഇബാദല്ലാഹ് എന്ന ഹദീഥിന്റെ മത്നിൽ ശിർക്കില്ലെന്ന വാദം നാസിലത്താണ്, എന്ന് പറയുന്നവർ തന്നെ അതേ ഹദീഥുപയോഗിച്ച് അതിൽ ശിർക്കില്ലെന്ന് പറഞ്ഞവരാണ് നൂറു

[7] محل نظر في صحته وقد يكون من الملئكة ومن ومن صالحي الجن وهوهؤلاء حاضرون وليس دعاء لغائب

വർഷം മുമ്പ് മരിച്ചു പോയ ദാവൂദിബ്നു ജർജിസും അതിനു ശേഷം വന്ന മുഹമ്മദ് അത്വാഉല്ലായും എന്നൊക്കെ പറയുന്നുമുണ്ട്. ഇത് വൈരുദ്ധ്യമല്ലെങ്കിൽ പിന്നെ എന്താണ് വൈരുദ്ധ്യം? ഇത് നൂറു വർഷം മുമ്പേ അഹ്ലുസ്സുന്നത്തിന്റെ ഉലമാക്കൾ മറുപടി കൊടുത്തു കഴിഞ്ഞ വിഷയമാണെങ്കിൽ 2013 ൽ ഇതെങ്ങനെ വീണ്ടും ഒരു നാസിലത്തായി?

നൂറുവർഷം മുമ്പ് ഉലമാക്കൾ സമർത്ഥിച്ച ഒരു കാര്യം അവരുടെ ഗ്രന്ഥങ്ങളിൽ നോക്കി മനസ്സിലാക്കാൻ കിബാറുൽ ഉലമായിൽ പെട്ട ശൈഖ് റബീഇനും ശൈഖ് ഫൗസാനും മാത്രമേ സാധിക്കൂ എന്ന് പറയുന്നത്, ഇന്ന് ജീവിച്ചിരിക്കുന്ന സലഫീ പണ്ഡിതന്മാരുടെ മൊത്തം വിലയിടിക്കുന്ന ക്രൂരകൃത്യമല്ലേ? മസ്ജിദുന്നബവിയിൽ അദ്ധ്യാപകനായ ശൈഖ് സാലിഹുസ്സുഹൈമിക്കും ശൈഖ് ഇബ്നു ബാസിന്റെ ദീർഘകാലത്തെ സഹവാസമുള്ള ശൈഖ് അബ്ദുർറഹ്മാൻ അൽബർറാക്കിനും അടക്കം, ചിരപുരാതനമായ ഈ സത്യം, ജീവൻ പോകുന്ന സമയത്ത് മരുഭൂമിയിൽ വെച്ച് ജിന്നിനെ വിളിച്ച് സഹായം ചോദിക്കുന്നത് ശിർക്കാണ് എന്ന സർവാംഗീകൃത സത്യം, അറിയാതെ പോയി എന്ന് പറയുകയും എന്നിട്ട് അവരുടെ അറിവില്ലായ്മ തെളിയിച്ച് അവരെ നിശിതമായി വിമർശിച്ച് അവരിൽ നിന്ന് ജനങ്ങളെ തടഞ്ഞ്, തൗഹീദിനോട് കൂറ് തെളിയിക്കുകയും ചെയ്യാതെ പോകുന്നത് വൈരുദ്ധ്യമല്ലെങ്കിൽ പിന്നെ എന്താണ് വൈരുദ്ധ്യം.

അതല്ല, നൂറു വർഷം മുമ്പ് ഈ ദുർബല ഹദീഥുമായി വന്ന ഖുബൂരീ ദജ്ജാലുകൾക്ക് മറുപടിയായി, ഈ ഹദീഥിന്റെ സനദ് ദുർബലവും മത്ന് ശിർക്കുമാണെന്ന് പറഞ്ഞ ഏതെങ്കിലും ആലിമുണ്ടോ? ഇല്ലെന്നു മാത്രമല്ല, അന്നത്തെ ഖുബൂരീ പിശാചുക്കൾക്ക് മറുപടി കൊടുത്ത ഇമാമീങ്ങളിൽ പ്രമുഖനായ സുലൈമാൻ ഇബ്നു സംഹാൻ റഹിമഹുല്ലായുടെ വാക്കുകൾ ഈ വിഷയത്തിലെ അഹ്ലുസ്സുന്നത്തിന്റെ നിലപാട് പകൽ സൂര്യനെന്ന പോലെ വ്യക്തമാക്കുന്നതാണ്.

وَعَلَى تَقْدِيرِ صِحَّتِهِ إِنَّمَا يُفِيدُ نِدَاءَ حَاضِرٍ، كَنِدَاءِ زَيْدٍ عَمْرًا مَثَلًا لِيُمْسِكَ دَابَّةً أَوْ لِيُرْجِعَهَا، أَوْ لِيُنَاوِلَهُ مَاءً أَوْ طَعَامًا، أَوْ نَحْوَ ذَلِكَ، وَهَذَا مِمَّا لَا نِزَاعَ فِيهِ، غَايَةُ مَا فِي الْبَابِ أَنَّ عَمْرًوا مَثَلًا مَحْسُوسٌ، وَهَؤُلَاءِ لَا يُرَوْنَ لِأَنَّهُمْ إِمَّا مُسْلِمُو الْجِنِّ أَوْ مَلَائِكَةٌ مُكَلَّمُونَ، لَا نِدَاءَ عَلَى شَيْءٍ لَايَقْدِرُ عَلَيْهِ إِلَّا اللهُ تَعَالَى. وَأَيْنَ هَذَا مِنَ الْاِسْتِغَاثَةِ بِأَصْحَابِ الْقُبُورِ مِنَ الْأَوْلِيَاءِ وَالْمَشَايِخِ؟ وَالْمَقْصُودُ أَنَّهُ لَيْسَ فِي الْحَدِيثِ إِلَّا نِدَاءُ الْأَحْيَاءِ وَالطَّلَبِ مِنْهُمْ مَا يَقْدِرُ هَؤُلَاءِ الْأَحْيَاءُ عَلَيْهِ وَذَلِكَ لَا نُنْكِرُهُ.[8]

(ഈ ഹദീഥ് സഹീഹാണെന്ന് സങ്കല്പിച്ചാൽ തന്നെ, അതിൽ നമ്മുടെ അടുക്കൽ സന്നിഹിതനായ -ഹാദിറായ- ഒരാളെ വിളിക്കുന്ന കാര്യം മാത്രമാണുള്ളത്. സൈദ് എന്ന ഒരു വ്യക്തി, അംറ് എന്ന മറ്റൊരുത്തനെ തന്റെ വാഹനം കണ്ടു പിടിക്കാനോ ഭക്ഷണമോ വെള്ളമോ എത്തിക്കാനോ വിളിക്കുന്നത് പോലെ. ഏറിപ്പോയാൽ, അംറിനെ നാം കാണുന്നുണ്ട് ഇവരെ കാണുന്നില്ല, എന്നേ ഒരു വ്യത്യാസമുള്ളു. കാരണം, അവർ മലക്കുകളോ മുസ്‌ലിം ജിന്നുകളോ ആണ്. അല്ലാഹു തആലാക്ക് മാത്രം സാധിക്കുന്ന ഒരു വിഷയത്തിലുള്ള ഒരു വിളിയും ഇവിടെ വരുന്നില്ല. ഖബ്റിൽ കിടക്കുന്ന മശായിഖിനെ വിളിക്കുന്നതും ഇതും തമ്മിലെന്തു ബന്ധം?! ജീവിച്ചിരിക്കുന്നവരോട് അവരുടെ കഴിവിൽ പെട്ട കാര്യം ചോദിക്കുക എന്നത് മാത്രമേ ഇതിലുള്ളു അതു നമ്മൾ നിഷേധിക്കുന്നുമില്ലല്ലോ.)

യാ ഇബാദല്ലാഹ് അഈനൂനീ എന്ന ഹദീഥിന്റെ മത്നിൽ ശിർക്കുണ്ടോ ഇല്ലേ? ജിന്നിനോടുള്ള സഹായാഭ്യർത്ഥനയിൽ ശിർക്കല്ലാത്ത വല്ലതും ഉണ്ടോ ഇല്ലേ? ഈ രണ്ടു ചോദ്യങ്ങൾക്കും നിരുപാധിക

[8] الصواعق المرسلة الشهابية على الشبه الداحضة الشامية

196\1

ശിർക്കുവാദികൾക്ക് ഉത്തരമില്ല. ഈ ഹദീഥിലെ ഇബാദുല്ലാ എന്നത് കൊണ്ട് ഹയ്യും ഹാദിറും ഖാദിറുമായ ഒരു ജിന്നിനെ ഉദ്ദേശിച്ചാൽ അത് ശിർക്കാകുമോ ഇല്ലേ? ഈ ചോദ്യങ്ങൾക്കൊന്നും ഉത്തരമില്ല! എല്ലാം ''ഉൾസാര വ്യാഖ്യാനങ്ങളും'' "പരേംഗിത ജ്ഞാന"വുമുള്ള നമ്മുടെ നേതാവിനറിയാം എന്ന സമാധാനിക്കുകയാണ് സാധുക്കൾ!

ഇനി ശൈഖ് അബ്ദുറഹ്മാൻ ഇബ്നു നാസിർ അൽ ബറാക് ഹഫിദഹുല്ലായെ ചെറുതാക്കിയപോലെ വിവരക്കേടു കൊണ്ട് കണ്ണുകാണാത്ത ആരും അല്ലാമാ സുലൈമാൻ ഇബ്നു സംഹാൻ റഹിമഹുല്ലായെ ചെറുതാക്കാൻ മെനക്കെടേണ്ട. സുലൈമാൻ ഇബ്നു സംഹാൻ റഹിമഹുല്ലാഹ് ഏകദേശം എൺപതു വർഷം മുമ്പ് മരണപ്പെട്ട ഒരു വലിയ പണ്ഡിതനാണ്. അദ്ദേഹം അമീർ അബ്ദുല്ലാഹിബ്നു ഫൈസൽ റഹിമഹുല്ലായുടെ എഴുത്തുകാരനായിരുന്നു. ഖുറാഫികൾക്ക് തീഷ്ണമായ ശൈലിയിൽ മറുപടി നൽകുന്നതിന്റെ പേരിൽ ഭരണാധികാരികളുടെ ഭീഷണിയും അദ്ദേഹത്തിന് നേരിടേണ്ടി വന്നു. എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അബ്ദുൽ അസീസ് രാജാവ് –റഹിമഹുല്ലാഹ്– അധികാരത്തിൽ വരികയും ചരിത്രപുരുഷന്റെ ധീരോദാത്തമായ പ്രബോധനദൗത്യത്തിനു അദ്ദേഹം കരുത്തു പകരുകയും ചെയ്തു. അവസാന കാലത്ത് അദ്ദേഹം ഖണ്ഡനരചനക്കായി റിയാദിൽ ഒഴിഞ്ഞിരുന്നു. പക്ഷെ അദ്ദേഹത്തിന്റെ കാഴ്ച തിരിച്ചെടുക്കാനായിരുന്നു അല്ലാഹുവിന്റെ വിധി. കാഴ്ചക്ക് മങ്ങലേറ്റു തുടങ്ങിയിട്ടും പൂർണമായി അന്ധത ബാധിക്കുന്നതിനു മുമ്പായി അദ്ദേഹം നാനാവിധ പുത്തൻ വാദികൾക്കായി ഇരുപത്താറു ഖണ്ഡനങ്ങൾ രചിച്ചിരുന്നു!

ഇബ്നു അബ്ദിൽ വഹ്ഹാബ് റഹിമഹുല്ലായുടെ ചെറുമകനായ അബ്ദുറഹ്മാൻ ബിൻ ഹസൻ, അദ്ദേഹത്തിന്റെ പുത്രനായ അബ്ദുല്ലത്വീഫ് ആലുശൈഖ് എന്നീ മഹാന്മാരുടെ ശിഷ്യത്വം സിദ്ധിക്കുക വഴി സലഫി അഖീദ വേണ്ടുവോളം പഠിക്കുകയും പ്രത്യേകിച്ച് തൗഹീദുൽ ഉലൂഹിയ്യത്തിൽ ഉൾക്കാഴ്ച നേടുകയും ചെയ്തിട്ടുണ്ട് സുലൈമാൻ ഇബ്നു സംഹാൻ റഹിമഹുല്ലാഹ്. സാന്ദർഭികമായി പറയട്ടെ, ചരിത്രപുരുഷൻ ഒരു പ്രതിഭാശാലിയായ കവികൂടിയായിരുന്നു. ഗദ്യത്തിലെന്ന പോലെ കവിതയിലും തൗഹീദിന്റെ ശത്രുക്കളെ മൂക്കുകുത്തിക്കുകയായിരുന്നു അദ്ദേഹത്തിന്റെ മുഖ്യദൗത്യം. അദ്ദേഹത്തിന്റെ കവിതാസമാഹാരം എണ്ണായിരത്തോളം വരികളിലായി ഇന്ത്യയിൽ അച്ചടിച്ചിറക്കിയിട്ടുണ്ട്! ഇതാ നമ്മുടെ സന്ദർഭത്തിനു യോജിക്കുന്ന വിധത്തിൽ അതിൽ നിന്ന് ഏതാനും വരികൾ:

و لَمْ أَكُ فِي رَدِّي عَلَيْهِ تَعَمُّقًا ... بِتَعْقِيدِ أَلْفَاظٍ كَمَنْظُومِ ذِي الْإِطْرَا

وَلَكِنْ بِلَفْظٍ مُسْتَقِيمٍ نَظَمْتُهُ ... لِيَفْهَمَهُ الْقَارِي وَمَنْ كَانَ لَا يَقْرَا[9]

(അവനുള്ള എന്റെ ഈ മറുപടിയിൽ മുഖസ്തുതിക്കാരായ കവികളെപ്പോലെ പദക്കസർത്തും സങ്കീർണ്ണതകളും ഞാൻ ഉദ്ദേശിക്കുന്നില്ല. മറിച്ച് നേർക്കു നേരെയുള്ള പദങ്ങൾ കൊണ്ടാണ് ഞാനീ കവിത രചിക്കുന്നത്, ഇതുവായിക്കുന്നവനും വായനയറിയാത്തവനു പോലും മനസ്സിലാകുന്ന വിധത്തിൽ!)

അബ്ദുറഹ്മാൻ ബർറാക് ഹഫിദഹുല്ലാഹ് ഈ വിളിയിൽ ശിർക്കില്ലെന്ന് പറഞ്ഞ് ഫത്വ കൊടുത്തപ്പോൾ അദ്ദേഹത്തെ ആക്ഷേപിക്കുകയാണ് കേരളത്തിലെ പല ജാഹിലുകളും ചെയ്തത്. ഒരു മഹാൻ പറഞ്ഞത്, അദ്ദേഹം സലാം സുല്ലമിയെപ്പോലെയുള്ള ഒരാളാണ് എന്നാണ്. അവന് ഈ വിവരം കിട്ടിയതിന്റെ സനദും എന്റെ കയ്യിലുണ്ട്. ആവശ്യം വരുമ്പോൾ പുറത്തു വിടാം. ശൈഖ് ബർറാകിനു ചില തെറ്റുകൾ പറ്റിയിട്ടുള്ളത് നേരത്തേ അറിയാം. എന്നാൽ ഏതു സലഫി ആലിമാണ് അദ്ദേഹത്തെ തബ്ദീഅ് നടത്തിയിട്ടുള്ളത്. അദ്ദേഹത്തിന്റെ ഫത്വ നിരുപാധിക ശിർക്കുവാദികൾക്ക് പുത്തൻ വാദത്തിന്റെ ഖബറടക്കമായിരുന്നു. രണ്ട് ഉത്തരങ്ങളാണ് അതിന് ''ഹിമായത്തുൽ മുസ്തഫ'' ദർസിൽ നൽകിയത്.

1. ബർറാക് അത്ര വലിയ ഒരു ആളല്ല. ഒരു മീഡിയം ആലിം മാത്രമാണ്, അതിനുള്ള ബഹുമാനമൊക്കെ കൊടുക്കുന്നുമുണ്ട്!

2. ബറാകിന്റെ ഫത്വയിൽ 'ഇബാദുല്ലായുടെ ഉദ്ദേശം ജിന്നല്ല, മനുഷ്യനാണ്' എന്നാണ് പറഞ്ഞിട്ടുള്ളത്!

ഇത് രണ്ടും വെള്ളം ചേർക്കാത്ത അസത്യവും അതിവിദഗ്ധമായ കുതന്ത്രവുമാകുന്നു!

1. ബർറാകിന്റെ ഫത്വ ശരിയാണെങ്കിൽ പിന്നെ ആൾ മീഡിയമാണെന്ന പുതുമയുള്ള വിവരം എന്തിനാണ് സുന്നത്തിന്റെ ശത്രുക്കളടക്കം കേൾക്കുന്ന ഒരു ദർസിൽ വെളിവാക്കിയത്? മീഡിയം ആളാണ് ബറാകെന്ന് അഹ്‌ലുസ്സുന്നത്തിന്റെ ഏത് ആലിമാണ് പറഞ്ഞത്? ഉലമാക്കൾക്ക് മാർക്കിടുന്ന ഈ പരിപാടി ഹദ്ദാദികളുടെ ലക്ഷണമല്ലേ? ബറാകിനെക്കാൾ മുന്തിയ ആളാണോ ബറാക്കിനെ വിലയിരുത്തുന്നത്? വലിയ വലിയ വിഷയങ്ങളിൽ നമുക്ക് മിണ്ടാതിരിക്കാം എന്നു പറയുന്ന സഹോദരങ്ങൾ, പരസ്യമായി ''ശരിക്കും'' വലിയ വിഷയമായ ''പാണ്ഡിത്യ മൂല്യനിർണ്ണയം'' നടത്തുന്നതിനെ പറ്റി എന്തു പറയുന്നു? ബർറാക് അഹ്‌ലുസ്സുന്നത്തിന് വലിയ ആളു തന്നെയാണ്.

[9] مشاهير علماء نجد وغيرهم 206

ജാഹിലുകളുടെ മുമ്പിലിട്ട് ഉലമാക്കളെ ആക്ഷേപിക്കുന്ന ഹദ്ദാദികൾക്ക് അദ്ദേഹം മീഡിയം ആളായിരിക്കും. അല്ലാഹു അദ്ദേഹത്തിനും നമുക്കുമെല്ലാം എല്ലാം തെറ്റുകളും പൊറുത്തു തരുമാറാകട്ടെ.

2. ബറാക് മനുഷ്യനെ ഉദ്ദേശിച്ചു പറഞ്ഞ ഫത്‌വ മനുഷ്യനല്ലാത്ത മറ്റു സൃഷ്ടികളിലേക്ക് വലിച്ച് നീട്ടുന്നത് വ്യക്തമായ നുണ അഥവാ കദിബ് അല്ലേ? കേരളത്തിലെ സലാഹി വിഭാഗം നുണയന്മാരാണെന്നതിന്റെ ഒരു തെളിവായി ഈ ഫത്‌വ ശൈഖ് റബീഇന് സമർപ്പിക്കുന്നതിനെ സംബന്ധിച്ച് എന്തു പറയുന്നു?

ഈ ഫത്‌വയിൽ ഇബാദല്ലാ എന്നത് കൊണ്ടു ബറാക് ഉദ്ദേശിച്ചത്, മനുഷ്യനെ മാത്രമാണെന്ന് അറബി അറിയാവുന്ന ആരെങ്കിലും പറയുമോ? മാന്യ സലഫി സഹോദരങ്ങളേ ഇംഗ്ലീഷുകാരോ മറ്റോ ആയ അറബി അറിയാവുന്ന നിങ്ങളുടെ ഏതെങ്കിലും സുഹൃത്തുക്കൾക്ക് ഈ ഫത്‌വ ഒന്നു കാണിച്ചു കൊടുത്ത് സത്യസന്ധൻ ആരാണ് ....... ആരാണ് എന്നൊന്ന് കണ്ടു പിടിക്കാമോ?

ഇതൊക്കെ വലിയ വിഷയമാണ്, നമ്മളതിലൊന്നും തലയിടേണ്ട, നമുക്ക് മത്നുകൾ പഠിക്കാം എന്നു പറയുന്നവർക്കും ഇവിടെ ഒരു സുവർണാവസരമാണ്! ബറാകിന്റെ ഫത്‌വയിൽ ഉദ്ദേശിച്ചത്, മനുഷ്യൻ മാത്രമോ അല്ലേ? രണ്ടേ രണ്ട് പേജല്ലേ അതുള്ളൂ. അതൊന്നു സ്വന്തമായി വായിക്കുക. ഇല്ലെങ്കിൽ അറബി അറിയാവുന്ന ആരെക്കൊണ്ടെങ്കിലും ഒന്നു വായിപ്പിക്കുക. അതിനും പറ്റില്ലെങ്കിൽ പിന്നെ നിങ്ങൾ എങ്ങനെ മത്നുകൾ ഹിഫ്ദാക്കും?

താൻ തഖ്‌ലീദ് ചെയ്യുന്ന ഉസ്താദിന് അടി തെറ്റുന്ന വിഷയങ്ങൾ ഏതൊരു മുഖല്ലിദിനും വലിയ വിഷയങ്ങളും നാസിലത്തും ഒക്കെ തന്നെ ആയിരിക്കും. ഖബറിന്റെ മുകളിൽ കെട്ടിപ്പിടിച്ച് കരയുന്ന ഖുബൂരിയോടു ചോദിച്ചു നോക്കൂ. അവൻ അവന്റെ ഖബർ പൂജ ആദ്യം കുറെ ന്യായീകരിക്കും. അവൻ കുറച്ച് നാണവും മാനവുമുള്ളവനാണെങ്കിൽ. ‘‘ഇതൊക്കെ വലിയ വലിയ വിഷയങ്ങളാണ്. നമ്മളൊന്നും പറഞ്ഞാൽ എവിടെയും എത്തില്ല. നമുക്ക് ഉസ്താദിന്റെ അടുത്തു പോകാം നിങ്ങൾ നിങ്ങളുടെ ആൾക്കാരെയും വിളിച്ചോളൂ’’ എന്നു പറയും. നമ്മൾ ഇത്രയും അധ:പതിക്കാൻ പാടുണ്ടോ? സുലൈമാനിബ്നു സംഹാൻ റഹിമഹുല്ലായുടെ ഈ വാക്കുകൾക്കും വ്യക്തത പോരാ എന്നു പറയുന്ന ആളുകളും നാട്ടിലുണ്ടാകും. പിന്നെ എന്താണു സുഹൃത്തേ ഈ വിഷയത്തിൽ വ്യക്തതയുള്ളത്? ഇരുനൂറ്റമ്പത് പ്രാവശ്യം വാക്കുമാറ്റിപ്പറയുന്ന, കേരളത്തിലെ പണ്ഡിതന്മാരുടെ ചവറുകളോ?

قَالَ السُّهَى لِلشَّمْسِ أَنْتِ ضَئِيلَةٌ***وَقَالَ الدُّجَى لِلصُّبْحِ لَونُكَ حَائِلُ

(സുഹാ നക്ഷത്രം സൂര്യനോടു പറഞ്ഞു, നിനക്കത്ര വ്യക്തത പോരാ. ഇരുൾ നിറഞ്ഞ രാവു പ്രഭാതത്തോടു പറഞ്ഞു, നിന്റെ നിറം മങ്ങിയിട്ടുണ്ട്!) സുഹാ എന്നു പറഞ്ഞാൽ ഒരു വിദൂര നക്ഷത്രമാണ്. നഗ്ന നേത്രം കൊണ്ട് അവ്യക്തമായി മാത്രം കാണുന്നത് കൊണ്ട്, കണ്ണിന്റെ കാഴ്ച നഷ്ടപ്പെടാൻ തുടങ്ങിയോ എന്നറിയുന്നത് അതിലേക്ക് നോക്കിയാണ്!

അത്തരക്കാരോട് പറയാൻ നിഘണ്ടുവിൽ വാക്കുകളില്ല.

പിന്നെ ആരാണ് നിങ്ങളോടീ വിഷയം വലുതാണെന്ന് പറഞ്ഞത്? ഇത് ചെറിയ ആളുകൾ സംസാരിക്കാൻ പാടില്ലാത്ത വലിയ വിഷയമാണെന്ന് നിങ്ങളോടാരു പറഞ്ഞു? ഇത് വലിയ വിഷയമോ പുതിയ വിഷയമോ ഒന്നുമല്ല. പഴയ തഖ്‌ലീദിന്റെ വീഞ്ഞ് പുതിയ നാസിലത്തിന്റെ കുപ്പിയിൽ എന്നു മാത്രം!

ചില നാണവും മാനവുമുള്ള മുഖല്ലിദുകളുമുണ്ട് നാട്ടിൽ! അവർക്ക് രണ്ടു തോണിയിലും കാലിടാനാണ് താല്പര്യം. ഈ വിഷയം നമ്മൾ ചർച്ച ചെയ്യേണ്ട. അത് വലിയ വിഷയമാണ്, വലിയ ആളുകൾ ചർച്ച ചെയ്യട്ടെ, നമുക്ക് ചെറിയ ചെറിയ മത്നുകളൊക്കെ ഹിഫ്ദാക്കി അങ്ങനെ പതുക്കെ മുന്നോട്ടു പോകാം. എന്തു നല്ല പരിഹാരം.

പക്ഷെ അറിഞ്ഞു വെച്ചു കൊള്ളുവിൻ, തഖ്‌ലീദും ഇത്തിബാഉം കൂടെ ഒന്നിച്ചു പോവുകയില്ല. ഇബ്നുൽ ഖയ്യിം റഹിമഹുല്ലാഹ് പറഞ്ഞു:

الْعِلْمُ مَعْرِفَةُ الْهُدَى بِدَلِيلِهِ***مَاذَاكَ وَالتَّقْلِيدُ يَجْتَمِعَانِ —القصيدة النونية للإمام ابن القيم الجوزية

(സൻമാർഗം തെളിവു സഹിതം മനസ്സിലാക്കുന്നതാണ് ഇൽമെന്നു പറയുന്നത്, അതും തഖ്‌ലീദും ഒന്നിച്ചു കൂടുകയില്ല) തൗഹീദെന്താണ്, അതിന്റെ വിപരീതമെന്താണ്, എന്ന് മനസ്സിലാക്കാതെ നിങ്ങൾ ഏതു മത്നാണ് ഹിഫ്ദാക്കാൻ പോകുന്നത്?

# ഇഫ്തിറാദിയ്യുൻ ജദലിയ്യുൻ!

പകൽ വെളിച്ചം പോലെ വ്യക്തമായ ശിർക്കിന്റെ നിർവചനത്തിൽ സംശയമുണ്ടാക്കാൻ വേണ്ടി സുബൈർ മൗലവി പറഞ്ഞത്, ഇബ്നുബാസടക്കമുള്ള ഉലമാക്കൾ പറഞ്ഞ ഈ ഉത്തരം ‘‘ഇജാബതുൻ ഇഫ്തിറാദിയ്യുൻ ജദലിയ്യുൻ’’ ആണ്. അത് ഒരു യാഥാർത്ഥ്യം വിവരിച്ചതല്ല! എന്നാണ്. ലാ ഹൗല വലാ ഖുവ്വത ഇല്ലാ ബില്ലാഹ്!

ജിന്നു വിവാദവും ചില ലളിത സത്യങ്ങളും

എന്താണീ ഇഫ്തിറാദീ ജദലീ?

കളവു പറയാനുള്ള ശറഇയ്യായ ആനുകൂല്യമാണെന്ന് തോന്നും കേട്ടാൽ! എന്നാൽ എന്താണ് വസ്തുത? ഒരു ഉദാഹരണത്തിലൂടെ വ്യക്തമാക്കാം.

രണ്ടു സുഹൃത്തുക്കൾ ഒരു ചെറിയ ആവശ്യത്തിനു വേണ്ടി തിരിക്കുന്നു, റമദാനിൽ. വഴിയിൽ വെച്ച് ഒരാൾ പുകവലിക്കുന്നു. അപ്പോൾ സുഹൃത്ത് അയാളെ വിലക്കിക്കൊണ്ടു പറയുന്ന ''റമദാനിലാണോ പുക വലിക്കുന്നത്?'' അയാൾ പറയുന്നു. "ഞാൻ നോമ്പു മുറിച്ചിട്ടുണ്ട്, കാരണം ഞാൻ യാത്രക്കാരനാണ്." അപ്പാൾ സുഹൃത്ത് പറയുന്നു. ''നീ യാത്രക്കാരനല്ല. നമ്മൾ രണ്ടു കിലോമീറ്റർ മാത്രമേ സഞ്ചരിച്ചിട്ടുള്ളൂ. ഇനി നീ യാത്രക്കാരനാണെന്ന് സങ്കല്പിച്ചാൽ തന്നെ നിനക്ക് വെള്ളം കുടിക്കാമെന്നല്ലാതെ പുകവലിക്കാൻ പാടില്ല. അതു റമദാനിലും അല്ലാത്തപ്പോഴുമെല്ലാം ഹറാം തന്നെയാണ്''

ഇതാണ് ഇജാബത്തുൻ ഇഫ്തിറാദിയ്യുൻ ജദലിയ്യുൻ!

ഇതിലെന്താണ് സത്യമല്ലാത്തതുള്ളത്?! എന്താണ് യാഥാർത്ഥ്യമല്ലാത്തത്?! ഇഫ്തിറാദിയ്യുൻ ജദലിയ്യുൻ ആയാലും തനാസുൽ ആയാലും ഷർത്വുകളിലല്ലേ ഇഫ്തിറാദും തനാസുലും വരൂ. മുദ്ദആ കള്ളമാവുകയില്ലല്ലോ! അഥവാ, നമ്മുടെ കഥയിൽ, പുകവലിക്കാരൻ യാത്രക്കാരനാണോ അല്ലേ എന്നതാണ് ഇഫ്തിറാദ്,ശർത്വ് എന്നൊക്കെ പറയുന്നത്, അത് വാദത്തിനു വേണ്ടി സമ്മതിച്ചു കൊടുത്തതാണ്. യാഥാർത്ഥ്യം പറഞ്ഞതല്ല എന്നു പറയാം. എന്നാൽ പുകവലിക്കാൻ പാടില്ല എന്ന 'വാദം' അറബിയിൽ പറഞ്ഞാൽ 'മുദ്ദആ', അത് യാഥാർത്ഥ്യമല്ലേ?

ഇതാണ് കണ്ണിൽ പൊടിയിടൽ എന്നു പറയുന്നത്! ഇഫ്തിറാദീ ജദലീ, കട്ട കൊണ്ട് കട്ടയുടക്കൽ, എന്നൊക്കെ കേട്ട് ഈ അറബി വാക്കുകളുടെ അർത്ഥമറിയാത്തവരും അറിയാൻ താല്പര്യമില്ലാത്തവരുമായ അന്ധവിശ്വാസികൾ അഥവാ മുഖല്ലിദുകൾ, കുറുക്കന് ആമയെ കിട്ടിയതു പോലെ അതു തിരിച്ചും മറിച്ചും നോക്കി മണത്തു നോക്കി പതുക്കെ മിണ്ടാതിരുന്നു കൊള്ളും. പക്ഷെ, തഖ്ലീദു ചെയ്യാൻ സന്നദ്ധരല്ലാത്ത സത്യാന്വേഷികളും കുറച്ചെങ്കിലും നാട്ടിലുണ്ട് എന്നൊരു ബോധം വേണ്ടേ?

പിന്നെ ഈ മറുപടി എഴുതിയ ഇബ്നു ബാസിന്റെ മസാഇൽ എന്ന കിതാബ് സലഫികൾ വായിക്കരുതെന്ന് ആരെങ്കിലും പറഞ്ഞിട്ടുണ്ടോ? ഇബ്നുതയ്മിയ്യയുടെ ചില കിതാബുകൾ പോലും സംശയമുണ്ടാകുന്ന നിലവാരത്തിലുള്ള തുടക്കക്കാർ വായിക്കരുതെന്ന് പണ്ഡിതന്മാർ പറഞ്ഞിട്ടില്ലേ?

ആ ഇനത്തിൽ പെട്ടതാണോ അതല്ല, സാധാരണ ക്കാർക്കുള്ളതാണോ ഇബ്നു ബാസിന്റെ ഈ കിതാബ്?

نَبِّـُٔونِي بِعِلۡمٍ إِن كُنتُمۡ صَٰدِقِينَ ١٤٣ [10]

(നിങ്ങൾ സത്യസന്ധരാണെങ്കിൽ എനിക്കു പറഞ്ഞു തരൂ!)

# പണ്ഡിതന്മാർക്കിടയിൽ അഭിപ്രായവ്യത്യാസമില്ല

[10] سورة الأنعام 143

# 11:

ജിന്നിനോടു സഹായം ചോദിക്കുന്നത് (ഹാജറുള്ള,ജീവനുള്ള,കഴിവുള്ള ജിന്നിനോട്) ശിർക്കാവുകയില്ല എന്ന വിഷയത്തിൽ ലോകത്തുള്ള സലഫീ പണ്ഡിതന്മാർക്കിടയിൽ പോയിട്ട് എണ്ണപ്പെടുന്ന ബിദ്അത്തുകാർക്കിടയിൽ പോലും തർക്കമില്ല.

സുബൈർ മൗലവിയും ഇതിൽ നിന്നൊഴിവല്ല. അദ്ദേഹത്തിനു മറ്റൊരു ഖൗലു കൂടി ഈ വിഷയത്തിലുണ്ടെങ്കിൽ കൂടി.

അദ്ദേഹം അറബിയിൽ എഴുതിയ രിസാലയിൽ സത്യം പറയുന്നത് അടുത്ത അധ്യായത്തിൽ വായിക്കാം.

എന്നാൽ ചില പണ്ഡിതന്മാർ ഇത് ശിർക്കാകും എന്നു പറഞ്ഞ ചില ഫത്‌വകൾ മാന്യവായനക്കാർ കണ്ടിരിക്കാം. അതിൽ ചിലത് സുബൈർ മൗലവി ഈ വിഷയം മക്കയിൽ പോയി പഠിച്ചു തെറ്റു തിരുത്തുന്നതിനു മുമ്പ് എറണാകുളത്തെടുത്ത ക്ലാസിൽ ഉദ്ധരിച്ചതുമാണല്ലോ? എന്താണ് ഈ ഫത്‌വകളുടെ അവസ്ഥ എന്ന് പലരും സംശയിക്കുന്നുണ്ടാകാം.

യഥാർത്ഥത്തിൽ യാതൊരു സംശയത്തിന്റെയും ആവശ്യമില്ല ഈ കാര്യത്തിൽ. ഒരല്പം ചിന്തിച്ചു നോക്കൂ സഹോദരാ. ലോകത്ത് ജിന്നിനെ വിളിച്ചു സഹായം തേടുന്നത് ആരാണ്?

അതു നിരുപാധികം ശിർക്കല്ല, പക്ഷേ ശിർക്കാകുന്നതും അല്ലാത്തതുമായ എല്ലാ തരം സഹായതേട്ടവും ഹറാമാണെന്നു പറയുന്നവരോ?

അതോ മുശ്‌രിക്കുകളായ ദുർമന്ത്രവാദികളോ?

അതല്ല, 2011 കേരളത്തിൽ പ്രത്യക്ഷപ്പെട്ട നിരുപാധിക ശിർക്കു വാദികളോ?

രണ്ടാമത്തെ വിഭാഗമാണ് ജിന്നിനെ വിളിക്കുന്നതിൽ ബഹു ഭൂരിപക്ഷവുമെന്നു പറയാൻ രണ്ടാമതൊന്നാലോചിക്കേണ്ടതില്ല.

ഇനി വായനക്കാർ എന്നോടല്പം ക്ഷമിച്ച് ഒരു ചെറിയ തത്വം മനസ്സിലാക്കാൻ ദയവുണ്ടാകണം. ഇത് പറയേണ്ടി വന്നത്, ചില തല്പരകക്ഷികൾ സംശയമുണ്ടാക്കുന്ന വിധത്തിൽ ഫത്‌വകൾ അസ്ഥാത്തുദ്ധരിക്കുന്നതു കൊണ്ടാണ്. ദയവായി ക്ഷമിക്കുക.

ഒരു കഥയിലൂടെ തത്വം വിശദീകരിക്കാം

ബുഖാരിയിലും മുസ്‌ലിമിലുമുള്ള കഥയാണ്. ഒരു മനുഷ്യൻ ഒരു പശുവിന്റെ പുറത്ത് കയറി. അപ്പോൾ പശു സംസാരിക്കാൻ തുടങ്ങി.

ഞങ്ങൾ ഇതിനു വേണ്ടി സൃഷ്ടിക്കപ്പെട്ടവരല്ല. ഞങ്ങൾ കൃഷിക്കു വേണ്ടി സൃഷ്ടിക്കപ്പെട്ടവരാണ്

'ഇന്നതല്ല ഇന്നതാണ്' എന്ന പ്രയോഗം അറബിയിൽ 'മാത്രം' എന്ന അർഥത്തിനുപയോഗിക്കുന്ന ഏറ്റവും ശക്തമായ ശൈലിയാണ്. അപ്പോൾ ബാഹ്യാർത്ഥത്തിൽ പശുവെ കൃഷിക്കു മാത്രമേ ഉപയോഗിക്കാവൂ എന്നു വരും!

എന്നാൽ മുസ്‌ലിമീങ്ങൾ പശുവിനെ തിന്നുന്ന കാര്യത്തിൽ പേരെടുത്തവരുമാണ്, യാതൊരു തർക്കവുമില്ലാതെ – അൽഹംദു ലില്ലാഹ്. കാരണം, ഞങ്ങളെ കൃഷിക്കു വേണ്ടിയാണ് സൃഷ്ടിച്ചതെന്ന് പറഞ്ഞാൽ, അധികവും കൃഷിക്കാണുപയോഗിക്കുക എന്നാണർത്ഥം എന്ന് നമുക്കറിയാം. പുറത്തു കേറുന്നത് തടയുകയാണ് ആ പശുവിന്റെ ലക്ഷ്യം. അതിന്റെ അർത്ഥം അവയെക്കൊണ്ട് കൃഷിയല്ലാത്ത യാതൊരു ഉപയോഗവും ഇല്ല എന്നല്ല.

ഇവിടെയാണ് പറയാനുദ്ദേശിച്ച തത്വം കടന്നു വരുന്നത്.

ഇമാം ശൻഖീത്വീ റഹിമഹുല്ലാഹ് പറഞ്ഞു:

أَنَّ كَوْنَ أَحَدِ الِاحْتِمَالَيْنِ هُوَ الْغَالِبُ فِي الْقُرْآنِ. يُبَيِّنُ أَنَّ ذَلِكَ الِاحْتِمَالَ الْغَالِبَ هُوَ الْمُرَادُ ؛ لِأَنَّ الْحَمْلَ عَلَى الْأَغْلَبِ أَوْلَى مِنَ الْحَمْلِ عَلَى غَيْرِهِ[11]

(ഖുർആനിൽ ഒരു വാക്കിനു രണ്ടു അർത്ഥം വരാൻ സാധ്യതയുണ്ടായിരുന്നാൽ അതിൽ ഒരാശയമാണ് അധികം സ്ഥലങ്ങളിലും ആ വാക്കിനു വന്നിട്ടുള്ളതെങ്കിൽ ചർച്ചയിലിരിക്കുന്ന ആയത്തിലും അതേ ആശയം തന്നെ പരിഗണിക്കും. കാരണം, അധികം സാഹചര്യങ്ങളിൽ വന്നിട്ടുള്ളതിനനുസരിച്ച് വ്യാഖ്യാനിക്കുന്നതാണ് മറ്റൊരു നിലക്ക് വ്യാഖ്യാനിക്കുന്നതിനേക്കാൾ നല്ലത്.)

ഇതേ രീതിയിൽ തന്നെ, ‘‘ജിന്നിനോടു ചോദിക്കുക’’ എന്നു പറഞ്ഞാൽ, ഒന്നുകിൽ മുശ്രിക്കുകൾ അല്ലെങ്കിൽ വിവരമില്ലാത്ത മന്ത്രചികിത്സകർ, അല്ലെങ്കിൽ അത്യപൂർവമായി, അതിസൂക്ഷ്മവും സാധാരണക്കാരെ സംബന്ധിച്ച് അപ്രാപ്യവുമായ നിബന്ധനകളോടെ അവരോടു ചോദിക്കുന്നത് അനുവദനീയമെന്ന് വിചാരിക്കുന്ന മുജ്തഹിദുകളായ പണ്ഡിതന്മാർ; ഇവരിലൊരാളായിരിക്കും ഉദ്ദേശം. സുഹൃത്തുക്കളേ, ഇതിൽ ആരാണ് തന്നോട് ഫത്‌വ ചോദിക്കുന്ന ഈ വ്യക്തി എന്നാണ് ഒരു ആലിം വിചാരിക്കേണ്ടത്, ഏത് ഭൂരിപക്ഷ സാഹചര്യത്തിനു യോജിക്കുന്ന പദമാണ് ഫത്‌വയിലുപയോഗിക്കേണ്ടത്? ഉത്തരം ബുദ്ധിമാന്മാരായ വായനക്കാർക്കു വിടുന്നു.

അതു കൊണ്ടു തന്നെ ജിന്നിനോട് സഹായം ചോദിക്കുന്നത് ശിർക്കാണ് എന്ന് പറയുന്ന ഫത്‌വകൾ ജിന്നിനോടുള്ള സഹായാർത്ഥനയിൽ ശിർക്കാകാത്ത വകുപ്പുമുണ്ടെന്ന് പറയുന്നവർക്ക് എതിരല്ല, ശൻഖീത്വിയുടെ വാക്കിലൂടെയും ബുഖാരിയിലെ ഹദീഥിന്റെ വെളിച്ചത്തിലും വിശദീകരിച്ച സലഫീ തത്വത്തിന്റെ അടിസ്ഥാനത്തിൽ നാം പ്രസ്തുത ഫത്‌വകൾ കണ്ണിലും തലയിലും വെച്ചു ഏറ്റുവാങ്ങിയിരിക്കുന്നു!

പക്ഷേ ഒരു ചോദ്യം തിരിച്ചു ചോദിക്കട്ടെ? ശിർക്കല്ലാത്ത ഇനം ഇസ്തിആനത്ത് ജിന്നിനോടുണ്ട് ,അതു ഹറാമാണെങ്കിലും  എന്നു പറയുന്ന ഒരു ഡസൻ ഫത്‌വകൾ[12] എന്തു ചെയ്യും?

അതിനെ ഏതു വ്യാഖ്യാനം കൊടുത്തു സ്വീകരിക്കും?

അതു കൊണ്ടു പിഴച്ച വാദങ്ങൾ തെളിയിക്കാൻ ഫത്‌വ കൊണ്ടു കളിക്കുന്നവർ സൂക്ഷിക്കുക!

قَدْ يَنْقَلِبُ السِّحْرُ عَلَى السَّاحِرِ!

(സിഹ്റ് സാഹിറിനെ തന്നെ തിരിഞ്ഞു കൊത്താൻ സാധ്യതയുണ്ട്.)

ഈ വിഷയത്തിലുള്ള പല ഫത്‌വകളും ദുർവ്യാഖ്യാനത്തിനു വിധേയമായിട്ടുണ്ടെന്ന സത്യം പറയാതിരിക്കാൻ വയ്യ. ചിലതിന്റെ ഇടയിൽ സ്വന്തം വാക്കുകൾ തിരുകിക്കയറ്റിയിട്ടുണ്ട്. ദുർവ്യാഖ്യാനിക്കപ്പെട്ട ഫത്‌വകൾ മാത്രം വിശദീകരിക്കാൻ തന്നെ ഇതു പോലെ ഒരു രിസാല വീണ്ടും വേണ്ടി വരും. അത് ഉടനെ പ്രതീക്ഷിക്കുക! ഇൻശാ അല്ലാഹ്

[11] أضواء البيان 1\189

[12] അല്ലാഹുവിന്റെ തൗഫീഖുണ്ടെങ്കിൽ ഈ ലേഖനതിന്റെ രണ്ടാം ഭാഗത്തിൽ അവയിൽ ചിലത് വായിക്കാം.പണ്ഡിതന്മാരോട് കേരളത്തിൽ ഉണ്ടായ വിവാദത്തിന്റെ സാഹചര്യം വിശദീകരിച്ചു കൊണ്ട് ചോദിച്ച ഏറ്റവും പുതിയ ഫത്‌വകളാണ് അവയൊക്കെ.

## 13:

# സുബൈർ മൗലവിയുടെ അവസാനത്തെ ഖൗൽ– ജിന്നിനോടു സഹായം തേടുന്നതിൽ ശിർക്കല്ലാത്തതും ഉണ്ട് ! (മക്കയിൽ വെച്ച് എഴുതിയത്)

സുബൈർ മൗലവി ശിർക്കിന്റെ നിർവചനവുമായി ബന്ധപ്പെട്ട് നമ്മൾ വിശദീകരിച്ച അടിസ്ഥാന തത്വം അറിയാതെയോ മറന്ന കൊണ്ടോ ഒരു പാട് കാര്യങ്ങൾ ഈ വിഷയത്തിൽ പറഞ്ഞു കൂട്ടി.

പതിവിൽ നിന്ന വ്യത്യസ്തമായി അഞ്ചു ക്ലാസ്സുകൾ ഈ ഒരൊറ്റ വിഷയത്തിൽ എടുക്കുകയും അതിൽ പലപ്പോഴും വാക്കുകൾ മാറ്റിപ്പറയുകയും ചെയ്തു. മറവിയും അറിവില്ലായ്മയും മനുഷ്യസഹജമാണല്ലോ!

തന്റെ വാക്കിൽ വന്ന വൈരുദ്ധ്യം മനുഷ്യസഹജമായ ന്യൂനതയാണെന്ന് എറണാകുളം ക്ലാസിൽ അദ്ദേഹം സമ്മതിച്ചതുമാണല്ലാ. അതിനാൽ അദ്ദേഹത്ത് വാക്കു മാറ്റിയെന്ന കുറ്റം പറയുന്നതിൽ കാര്യമില്ല.

തുടക്കത്തിൽ അദ്ദേഹം കലിമുത്വയ്യിബിന്റെ ക്ലാസിൽ ഇത് ശിർക്കാവില്ലെന്ന് പറഞ്ഞു

പിന്നീട് അഹ്കാമുൽ ജനാഇസിൽ ശിർക്കുൻ അക്ബർ എന്ന പറഞ്ഞു.

പിന്നീട് കിതാബുത്തൗഹീദിന്റെ ദർസിനിടയിൽ  ശിർക്കുൻ അസ്ഗർ എന്ന പറഞ്ഞു!

പിന്നീട് മക്കയിൽ വെച്ചിതാ വീണ്ടും പുറകോട്ടു പോയി ''തെളിവില്ലാത്ത കാര്യം'' എന്ന പറഞ്ഞിരിക്കുന്നു!

അദ്ദേഹത്തെ കുറ്റം പറയാൻ വേണ്ടി പറയുന്നതല്ല. മറിച്ച് ''തെളിവില്ലാത്ത കാര്യം'' എന്ന പറഞ്ഞിട്ടുള്ള രിസാല ശിർക്കാണെന്ന പറയുന്ന പഴയ ക്ലാസിന്റെ ഓഡിയോയുടെ കൂടെ അറ്റാച്ച് ചെയ്ത് ചില സുഹൃത്തുക്കൽ മെയിൽ അയച്ചു തന്നത് കണ്ടപ്പോഴുണ്ടായ ആശങ്കയാണ് മൗലവിയുടെ അവസാനത്തെ ഖൗൽ വ്യക്തമാക്കാൻ എന്നെ പ്രേരിപ്പിക്കുന്നത്.

പ്രസ്തുത സുഹൃത്തുക്കൾക്ക് അറബിയിലുള്ള രിസാല വായിച്ചു മനസ്സിലാകാഞ്ഞതു കൊണ്ടാവില്ല അങ്ങനെ ചെയ്തത്. മറിച്ച് രിസാലയിൽ അങ്ങോളമിങ്ങോളം അവ്യക്തതയുടെ നിഴലടിക്കുന്നുണ്ട്. പിന്നെ അവസാനത്തെ അഭിപ്രായം വളരെ സംക്ഷിപ്തമായിട്ടാണ് (ഇരുപത്തേഴ് പേജിൽ ഒരൊറ്റ വാചകം മാത്രം!) അവതരിപ്പിക്കുന്നത്. ആശയക്കുഴപ്പത്തിന്റെ കാരണം, സൂഉൽ ഫഹ്മാണല്ലോ! ഇത്ആനത്തുർറഹ്മാൻ എന്ന അവസാനത്തെ രിസാലയിൽ അദ്ദേഹം അഹ്ലുസ്സുന്നത്തിന്റെ വിശേഷണങ്ങൾ, ജിന്നിനോടു ചോദിച്ചാൽ ശിർക്കാകുന്ന സഹായതേട്ടം എന്നീ ഗൗരവതരമായ വിഷയങ്ങളിൽ –ജിന്നു വിവാദവുമായി അവക്കു ബന്ധമില്ലെങ്കിലും– ദീർഘമായി ഉപന്യസിച്ച ശേഷം, തന്റെ രിസാലയുടെ പകുതിയിലെത്തിയപ്പോൾ പറഞ്ഞു:

"أَمَّا اتِّخَاذُ الْجِنِّ سَبَبًا لِقَضَاءِ الْحَوَائِجِ فِيمَا يَقْدِرُونَ عَلَيْهِ كَمَا يَسْتَعِينُ الْإِنْسَانُ بِبَنِي جِنْسِهِ فِي مَا يَقْدِرُونَ عَلَيْهِ فَهَذَا أَمْرٌ لَمْ يَرِدْ فِي الشَّرْعِ دَلِيلٌ عَلَيْهِ لَا فِي كِتَابِ اللهِ وَلَا فِي سُنَّةِ رَسُولِ اللهِ"

إعانة الرحمن صــ13

(എന്നാൽ മനുഷ്യൻ മറ്റു മനുഷ്യരോടു അവർക്ക് കഴിവുള്ള വിഷയത്തിൽ സഹായം ചോദിക്കുന്നതു പോലെ, ജിന്നുകൾക്കു കഴിവുള്ള വിഷയത്തിൽ, നമ്മുടെ ആവശ്യങ്ങൾ നിവർത്തിക്കാനുള്ള കാരണമായി അവരെ സ്വീകരിക്കുകയാണെങ്കിൽ, ഇതിനു ഖുർആനിലോ ഹദീസിലോ യാതൊരു തെളിവുമില്ല.!)

മുകളിൽ ഉദ്ധരിച്ച ഉദ്ധരണിയിലെ ''അമ്മാ'' എന്ന അറബി പദത്തിന്റെ അർത്ഥം, ഒരു വിശദീകരണത്തിനുള്ള ഒരുക്കം എന്നാണ്. ഒന്നു കൂടി വിശദീകരിച്ചാൽ, 'ഇത്രയും സമയം പറഞ്ഞത് എന്തായിരുന്നാലും....' എന്നർത്ഥം.

''അമ്മാ'' യുടെ അർത്ഥത്തിൽ എന്നെ വിശ്വസിക്കുകയോ വിശ്വാസമുള്ള അറബി അധ്യാപകരോട് ചോദിക്കുകയോ ചെയ്യുക.

ഇതു തന്നെയല്ലേ സലഫികളും കേരളത്തിലെ ജിന്നു വിവാദത്തിൽ സകരിയ്യാ സ്വലാഹിയുടെ വിഭാഗവും പറഞ്ഞു കൊണ്ടിരിക്കുന്നത്! ജിന്നിനോട് പ്രാർത്ഥിക്കുന്നതും പ്രാർത്ഥനയുടെ അർത്ഥത്തിലുള്ള അഥവാ, മറഞ്ഞ നിലക്കും അല്ലാഹുവിനു മാത്രം കഴിയുന്ന വിഷയങ്ങളിലുമുള്ള സഹായതേട്ടവും ശിർക്കാണ്. എന്നാൽ, മനുഷ്യനോട് ചോദിക്കുന്ന അതേ അർത്ഥത്തിൽ ചോദിക്കുകയാണെങ്കിലോ, അതിന് തെളിവു കാണുന്നില്ല! അതു കൊണ്ടു ചെയ്തു പോകരുത്.

അൽഹംദു ലില്ലാഹ് മൗലവി എത്തിച്ചേർന്ന ഈ സത്യത്തിൽ ഉറച്ചു നിൽക്കാൻ അദ്ദേഹത്തിനു സാധിക്കട്ടെ. അത് അദ്ദേഹം മശായിഖിനെക്കൂടി അറിയിച്ചിരിക്കുമെന്ന് വിചാരിക്കാം.

# അറിവില്ലാത്ത വിഷയത്തിൽ തെരക്കു കൂട്ടുന്നവർ സൂക്ഷിക്കുക!

ശറഇൽ തെരക്കു കൂട്ടാൻ പറഞ്ഞിട്ടുള്ള അഞ്ചു കാര്യങ്ങളിലൊഴികെ ഏതു കാര്യത്തിലായാലും ധൃതി കൂട്ടുന്നത് ഇസ്‌ലാം നിരുൽസാഹപ്പെടുത്തിയിട്ടുണ്ട്. ഹദീസിൽ കാണാം.

الْعَجَلَةُ مِنَ الشَّيْطَانِ

(തിരക്ക് കൂട്ടുന്നത് ശൈത്വാനിൽ നിന്നുള്ളതാണ്)

പ്രത്യേകിച്ച് ദീനിന്റെ കാര്യത്തിൽ വിവരമില്ലാത്തത് പറയാൻ തെരക്കു കൂട്ടുന്നത്, ആത്മഹത്യാപരമാണ്. സുബൈർ മൗലവി അവസാനം മദീനയിൽ വെച്ചു പറഞ്ഞതു പോലെ, വലിയ വലിയ വിഷയങ്ങളിൽ തെരക്കിട്ട് അഭിപ്രായം പറയാതെ മക്കയിലും മദീനയിലും ഒക്കെ പോയി കിബാറായ ഉലമാക്കളോടു

ചോദിക്കുകയാണ് വേണ്ടത്. ജിന്ന വിഷയം അത്ര വലുതല്ലെങ്കിലും വലുതാണെന്നാണ് മൗലവിയുടെ അഭിപ്രായം. അതിന്റെ അടിസ്ഥാനത്തിൽ ഖദ്രിയ്യാക്കളെ പറ്റി ഫത്‌വ വാങ്ങാൻ യഹ്‌യ ബ്‌നു യഅ്മുർ എന്ന താബിഈ ബസറയിൽ നിന്ന് മക്കയിലേക്ക് പോയതു പോലെയാണ് താൻ മക്കയിൽ വന്നിരിക്കുന്നത് എന്നും പ്രസ്തുത ക്ലാസിൽ മൗലവി പറഞ്ഞു. എന്തൊരു നല്ല നിലപാടാണിത് !

സലഫികൾ ഇങ്ങനെ വേണം. നാട്ടിൽ നാലഞ്ചു ക്ലാസ്സെടുത്ത് ജിന്ന വിഷയത്തിൽ തെറ്റു പറഞ്ഞിട്ടും അഹങ്കാരത്തോടെ അതിൽ കടിച്ചു തൂങ്ങി നിൽക്കാതെ, മക്കയിലേക്ക് പോയി സത്യം കണ്ടെത്തി. അതു പക്ഷെ അറബിയിലുള്ള രിസാലയിൽ മാത്രം പോരാ. മലയാളത്തിൽ കൂടി വേണമെന്ന് മാത്രം. കാരണം, കേരളത്തിൽ പത്തു വർഷത്തോളമായി സലഫീ ദഅ്‌വത്ത് നടക്കുന്നുണ്ടെങ്കിലും ''ഇആനത്തുർറഹ്മാൻ'' പോലെ ഒരു സങ്കീർണമായ ഗവേഷണ പ്രബന്ധം വായിച്ചു മനസ്സിലാക്കാൻ മാത്രം അറബിയിലും അഖീദയിലും പരിജ്ഞാനമുള്ള എത്ര പേർ മലയാളി – പ്രവാസി സലഫികൾക്കിടയിൽ വളർന്നു വന്നിട്ടുണ്ട് എന്നത് ഒരു പദപ്രശ്നമാണ്! അറബി വായിക്കുന്നവരായ മലയാളി വിദ്യാർത്ഥികളും അറബികളായ സലഫികളുമെല്ലാം ഈ വിഷയത്തിൽ മറ്റു പല വിഷയങ്ങളിലുമെന്ന പോലെ സത്യം മനസ്സിലാക്കിയിട്ടുമുണ്ട്. പിന്നെ അങ്കലാപ്പിൽ നടക്കുന്നത്, മലയാളം മാത്രം കേട്ട് നടക്കുന്ന സുഹൃത്തുക്കളാണ്. അവർക്ക് ഒരു പാട് ശുബുഹത്തുകളുണ്ട്. അതു കൊണ്ടു ജിന്ന വിഷയത്തിലെഴുതിയ രിസാല മലയാളത്തിലായിരുന്നു ആവശ്യം. പ്രത്യേകിച്ച് മലയാളത്തിൽ ഹിമായത്തുൽ മുസ്തഫാ പോലുള്ള ദർസുകൾ കേട്ട് ആശയക്കുഴപ്പത്തിലായ അനേകരുള്ളത് കൊണ്ട്.

എന്നാൽ രിസാലയിൽ ഇടക്ക് തലപൊക്കിയ വൈരുദ്ധ്യാധിഷ്ഠിതമായ പഴയ നിരുപാധിക ശിർക്കു വാദം ഇപ്പോഴും കൊണ്ടു നടക്കുന്ന ചില സഹോദരങ്ങളുണ്ട്. അത് സത്യമെന്ന് തെറ്റിദ്ധരിച്ചോ സ്വയം വഞ്ചിച്ചോ അവർ അഖ്‌ലാനികളുടെ ശിർക്കാരോപണ ക്യാമ്പയിന് എണ്ണയൊഴിച്ചു കൊണ്ടിരിക്കുകയാണ്.

ഇങ്ങനെ തിരക്കു കൂട്ടുന്ന പലരും പറയുന്ന ന്യായം, ഏലസ്സു കെട്ടുക, ലക്ഷണം നോക്കുക തുടങ്ങിയ ശിർക്കുൻ അക്ബറല്ലാത്ത പല കാര്യത്തിനും ഹദീസുകളിൽ ശിർക്ക് എന്ന പദം വന്നിട്ടുണ്ടല്ലോ എന്നതാണ്. പഴയ ഹിമായത്തുൽ മുസ്തഫയിലെയും രിസാലയിലെ ഒരു അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിലാണ് ഇവർ പരിണതപ്രജ്ഞയില്ലാതെ ഇത്തരം അബദ്ധങ്ങൾ പറയുന്നത് എന്നതൊരു ദു:ഖ സത്യമാകുന്നു.

ഇങ്ങനെ തെരക്കു കൂട്ടി പ്രചാരണം, നടത്തുന്നവരുടെ ശ്രദ്ധയിലേക്കായി ഒരു ചെറിയ കാര്യം:

പാപങ്ങൾ, അതെത്ര വലുതായാലും ശിർക്കല്ല, കുഫ്റല്ല. എന്നാൽ ഒരു ഗൗരവം വരുത്താൻ വേണ്ടി അതു ശിർക്കാണെന്ന് പറഞ്ഞു സൂക്ഷ്മത കാണിക്കാൻ തീരുമാനിച്ചാലോ? അവൻ ഖവാരിജുകളുടെ മൻഹജിലെത്തും. ഈ വിഷയം അഖീദയുടെ കിതാബുകളിൽ നോക്കുക.

പക്ഷെ ഇതേ അവസ്ഥയാണ്, ശിർക്കുൻ അക്ബറല്ലാത്ത കാര്യങ്ങൾ –ഹദീസിൽ അതിനെ പറ്റി ശിർക്കെന്ന വാക്കുപയോഗിച്ചാൽ പോലും– ശിർക്കുൻ അക്ബറാക്കുന്നതും. അതും ഖവാരിജിന്റെ വാദം തന്നെയാണ്. സുബ്ഹാനല്ലാഹ്. അല്ലാഹു കാക്കട്ടെ!

ഹിജ്റ 240 ൽ മരണപ്പെട്ട മഹാനായ അബൂ ഉബൈദ് ഖാസിമുബ്‌നു സല്ലാം റഹിമഹുല്ലാഹ് അദ്ദേഹത്തിന്റെ കിതാബുൽ ഈമാനിൽ പറയുന്നു.

وَمِنَ النَّوْعِ الَّذِي فِيهِ ذِكْرُ الشِّرْكِ قَوْلُ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: "أَخْوَفُ مَا أَخَافُ عَلَى أُمَّتِي الشِّرْكُ الْأَصْغَرُ"، قِيلَ يَا رَسُولَ اللَّهِ! وَمَا الشرك الأصغر؟ قال: "الرياء". فَطَائِفَةٌ: تَذْهَبُ إِلَى كُفْرِ النِّعْمَةِ.وَثَانِيَةٌ: تَحْمِلُهَا عَلَى التَّغْلِيظِ وَالتَّرْهِيبِ.وَثَالِثَةٌ: تَجْعَلَهَا

كفرَ أهلِ الرِّدَّةِ.وَرَابِعَةٌ: تُذْهِبُهَا كُلَّهَا، وَتَرُدُّهَا.فَكُلُّ هَذِهِ الْوُجُوهِ عِنْدَنَا مردودةٌ غَيْرُ مقبولةٍ، لِمَا يَدْخُلُهَا مِنَ الْخَلَلِ وَالْفَسَادِ

(ശിർക്ക് എന്ന് പദം വന്നിട്ടുള്ള പാപങ്ങൾക്കുദാഹരണമാണ് ''ഞാൻ എന്റെ ഉമ്മത്തിന് ഏറ്റവും ഭയക്കുന്നത് ചെറിയ ശിർക്കാണെന്ന ഹദീസ്. അതെന്താണെന്ന് ചോദിച്ചപ്പോൾ റസൂൽصلى الله عليه وسلم പറഞ്ഞത് ''രിയാആണ്'' എന്നായിരുന്നു. ഇതിനെപറ്റി ഒരു വിഭാഗം പറഞ്ഞത് ഇതിൽ ശിർക്ക് എന്നു പറഞ്ഞതിന് ''നന്ദികേട്'' എന്നേ അർത്ഥമുള്ളൂ എന്നാണ്. രണ്ടാമത്തെ വിഭാഗം പറഞ്ഞു, അതൊരു ഗൗരവം കിട്ടാൻ വേണ്ടി പറഞ്ഞതാണ്.മൂന്നാമതൊരു വിഭാഗം പറഞ്ഞു, അതു മുർത്തദ്ദായിപ്പോകുന്ന കുഫ്റാണ്.നാലാമതൊരു കൂട്ടർ ഇതു മൂന്നും നിഷേധിക്കുന്നു. ഈ വ്യാഖ്യാനങ്ങളെല്ലാം അബദ്ധങ്ങളായത് കൊണ്ട് നമ്മുടെ അടുക്കൽ സ്വീകാര്യമല്ല.)

പിന്നീടദ്ദേഹം മൂന്നാമത്തെ വിഭാഗത്തെ കുറിച്ച് പറയുന്നത് കാണുക.

وَأَمَّا الثالث: الذي بلغ به كُفْرَ الرِّدَّةِ نَفْسِهَا فَهُوَ شَرٌّ مِنَ الَّذِي قَبْلَهُ؛ لِأَنَّهُ مَذْهَبُ الْخَوَارِجِ؛ الَّذِينَ مَرَقُوا مِنَ الدِّينِ بِالتَّأْوِيلِ، فَكَفَّرُوا النَّاسَ بِصِغَارِ الذُّنُوبِ وَكِبَارِهَا[13]

(എന്നാൽ മൂന്നാമത്തെ വിഭാഗമാകട്ടെ, അവർ മുമ്പുള്ളവരേക്കാൾ മോശമാണ്. കാരണം, അതു ഖവാരിജുകളുടെ വാദമാണ്. അവർ ദീനിൽ നിന്ന് ദുർവ്യാഖ്യാനം വഴി പുറത്തു പോയിരിക്കുന്നു. ചെറുതും വലുതുമായ പാപങ്ങൾ കൊണ്ടു മുസ്‌ലിംകളെ കാഫിറാക്കുകയും ചെയ്തിരിക്കുന്നു. )

അല്ലാഹു കാത്തു രക്ഷിക്കട്ടെ!

# സബബല്ലാത്തതിനെ സബബാക്കുന്നത് മുഴുവൻ ശിർക്കല്ല!

മൗലവിയുടെ വ്യത്യസ്തമായ ഖൗലുകൾ തമ്മിൽ യോജിപ്പിച്ച്, ജംഅ് ചെയ്ത് മനസ്സിലാക്കാനുള്ള ത്രാണിയില്ലാത്ത അഖ്‌ലാനീ പുരോഹിതന്മാരും അദ്ദേഹത്തിന്റെ ചില പഴയ വാദങ്ങളെടുത്ത് ഊരുചുറ്റുന്നുണ്ട്. അതിൽ പ്രധാനപ്പെട്ടതാണ്, ജിന്നിനെ അല്ലാഹു നമുക്ക് കാര്യങ്ങൾ നടത്താൻ സബബാക്കിയിട്ടില്ല; സബബല്ലാത്തതിനെ ഒരാൾ സബബാക്കിയാൽ അവൻ മുശ്‌രിക്കായി എന്ന വാദം. യഥാർത്ഥത്തിൽ ഒരാവേശത്തിൽ മൗലവി ഇതു പറഞ്ഞിട്ടുണ്ടെന്നത് നേരാണ്. എന്നാൽ മഹാ പണ്ഡിതനായ ശൈഖ് റബീഉമായി വൈജ്ഞാനികമായി ചർച്ച നടത്തിയ ശേഷം രചിച്ച രിസാലയിൽ അദ്ദേഹം ഈ വാദം പിൻവലിച്ച കാര്യമുണ്ടോ ഗ്രന്ഥം ചുമക്കുന്ന കെ എന്നെമ്മുകാർക്കറിയുന്നു. അവർക്കുണ്ടോ ഉലമാക്കളുടെ വല്ല ഉസ്‌ലൂബും തിരിയുന്നു. അവർക്കുണ്ടോ വല്ല ഖാഇദയും ഉസൂലും തിരിയുന്നു. സാധുക്കൾ എന്നല്ലാതെ അവരെ എന്തു വിളിക്കാൻ!

തിരുത്തിയ വാദം രിസാലയുടെ പതിമൂന്നാം പേജിലുണ്ട്. ആ പേജിലെ തലക്കെട്ട് ഇങ്ങനെയാണ്. ''ശറഇയ്യല്ലാത്ത സബബുകൾ സ്വീകരിക്കലും അതിനെ ആശ്രയിക്കലും ശിർക്കാകുന്നു'' എന്താണിതിൽ ഇത്ര തിരുത്തുള്ളത് എന്ന് വിവരമില്ലാത്തവർ ചോദിക്കും. പക്ഷെ ''മൗലവിയുടെ വിവരം അദ്ദേഹത്തിന്റെ തലക്കെട്ടുകളിൽ ഒളിഞ്ഞിരിക്കും'' എന്ന് വിവരമുള്ളവർക്കറിയാം.

[13] الإيمان للإمام أبو عبيد قاسم ابن سلام صـ75-77

അതിലെ തിരുത്തിതാണ്. അതായത്, സബബല്ലാത്തതിനെ സബബാക്കലല്ല ശിർക്ക്. അതു ശിർക്കായിരുന്നെങ്കിൽ ശറഇയ്യല്ലാത്ത സബബുകളെ സ്വീകരിക്കൽ ശിർക്ക് എന്നായിരുന്നല്ലോ തൽക്കെട്ട് വരേണ്ടത്

എന്നാൽ അദ്ദേഹം പറഞ്ഞത്, ശറഇയ്യല്ലാത്ത സബബുകൾ സ്വീകരിക്കുകയും അതിനെ ആശ്രയിക്കുകയും ചെയ്യൽ എന്നാണ്. ഇവിടെയാണ് മഹത്തായ സത്യം ഒരു വാക്കിന്റെ മറവിൽ ഒളിഞ്ഞിരിക്കുന്നത്. സബബുകളെ ആശ്രയിക്കുന്നത്, അവലംബിക്കുന്നത് ശിർക്കാണ്. അത് ശറഇയ്യായ സബബുകളാണെങ്കിൽ പോലും.

മാത്രമല്ല, മാനസികമായ ആശ്രയവും അവലംബവുമില്ലെങ്കിൽ പോലും സബബല്ലാത്തതിനെ സബബാക്കുന്നത് തന്നെ ശിർക്കായിരുന്നെങ്കിൽ ഈ ലോകത്ത് പിന്നെ ബിദ്അത്ത് എന്ന ഒരു വകുപ്പേ കാണില്ലല്ലോ. കാരണം, എല്ലാ ബിദ്അത്തും സബബല്ലാത്തതിനെ സബബാക്കലല്ലേ?

പ്രസവം സുഖമാക്കാൻ നഫീസത്ത് മാല

കന്നു കാലികൾക്ക് രോഗം വരാതിരിക്കാൻ കൂട്ട സ്വലാത്ത്

മഴ പെയ്യാൻ റാത്തീബ് ഇതിലൊക്കെ ശിർക്കാവുന്നതും അല്ലാത്തതുമില്ലേ??

നജ്ദീ പണ്ഡിതന്മാരിൽ പ്രമുഖനായ അബ്ദുറഹ്മാൻ ബിൻ നാസിർ അസ്സഅ്ദീ റഹിമഹുല്ലാഹ് പറയുന്നത് നോക്കൂ:

وَإِنِ اعْتَقَدَ أَنَّ اللهَ هُوَ النَّافِعُ الرَّافِعُ وَحْدَهُ وَلَكِنِ اعْتَقَدَهَا سَبَبًا يُسْتَدْفَعُ بِهَا الْبَلَاءُ فَقَدْ جَعَلَ مَا لَيْسَ سَبَبًا شَرَعِيًّا وَلَا قَدَرِيًّا سَبَبًا، وَهَذَا مُحَرَّمٌ وَكَذِبٌ عَلَى الشَّرْعِ وَعَلَى الْقَدَرِ.[14]

(ഇനി അല്ലാഹു മാത്രമാണ് രോഗം തടയുന്നതും സുഖപ്പെടുത്തുന്നതുമൊക്കെ എന്ന് വിശ്വസിച്ചു കൊണ്ടു ഒരു സബബായിക്കൊണ്ടാണ് അതിനെ (നൂലിനെയും ഏലസ്സിനെയുമൊക്കെ) ഒരാൾ കാണുന്നതെങ്കിൽ അവൻ സബബല്ലാത്തതിനെ സബബാക്കിയിരിക്കുകയാണ്. ഇത് നിഷിദ്ധവും ശറഇന്റെയും ഖദറിന്റെയും മേലുള്ള കളവുമാകുന്നു)

എന്നാലും കിതാബുതൗഹീദിന്റെ ശറഹിൽ വ്യക്തമായി സഅ്ദീ റഹിമഹുല്ലാഹ് പറഞ്ഞ ഈ കാര്യത്തിനെതിരായി മൗലവി പറയുമോ? ഞാനും വിചാരിച്ചതല്ല. പക്ഷെ തെറ്റുകളും വൈരുദ്ധ്യവുമെല്ലാം മനുഷ്യസഹജമാണല്ലോ (ഹിമായത്തുൽ മുസ്തഫാ ദർസ് ഒന്നാം ഭാഗം)

അതു കൊണ്ട് പരിശുദ്ധ മക്കയിൽ വെച്ച് മൗലവി തിരുത്തി.

സബബല്ലാത്തതിനെ സബബാക്കിയാൽ പോരാ ശിർക്കാവാൻ, അതു ബിദ്അത്തോ ഹറാമോ ഒക്കേ ആവൂ മറിച്ച് അതിൽ ആശ്രയിക്കുമ്പോഴാണ് ശിർക്ക് വരുന്നത്.

!

[14] القول السديد شرح كتاب التوحيدص46

# 18:

# ഇമാം അഹ്മദ് യാ ഇബാദല്ലാഹ് എന്ന് വിളിച്ചിട്ടുണ്ടോ?

മക്കയിൽ വെച്ചെഴുതിയ രിസാലയിൽ ഉള്ള മറ്റൊരു പുതുമ ഇമാം അഹ്മദ് റഹിമഹുല്ലാഹ് യാ ഇബാദല്ലാഹ് എന്ന് വിളിച്ചതായി, അദ്ദേഹത്തിന്റെ മകനായ ഇമാം അബ്ദുല്ലാഹിബ്നൽ ഇമാമി അഹ്മദ് പറയുന്ന കിതാബിന്റെ സനദ് കണ്ണിമുറിഞ്ഞതാണ് എന്ന വിവരമാണ്. ഇമാം അബ്ദുല്ലാഹ് ഇബ്നു അഹ്മദ് അദ്ദേഹത്തിന്റെ മസാഇലുൽ ഇമാമി അഹ്മദ് എന്ന ഗ്രന്ഥത്തിലാണ് ഈ സംഭവം ഉദ്ധരിക്കുന്നത്. ഈ കിതാബിൽ ഒന്നാമത്തെ റിപ്പോർട്ടർ, അഥവാ ഇമാം അബ്ദുല്ലയിൽ നിന്ന് കേട്ടത് ആരാണെന്ന് ഖണ്ഡിതമായി പറയാൻ സാധിക്കുന്നില്ല എന്നതാണ് കാരണം. അത് ഏതെങ്കിലും പിഴച്ച കക്ഷികൾ കടത്തി കൂട്ടിയതാവാനാണ് സാധ്യത എന്ന് ശൈഖ് റബീഅ് ഹഫിദഹുല്ലാഹ് പറഞ്ഞുവെന്നും പറയുന്നു, രിസാലയിൽ.

ജിന്നിനെ വിളിക്കുന്നത്, ഹയ്യും ഹാദിറും ഖാദിറുമായിരിക്കുക എന്ന നിബന്ധനകളോടെ അനുവദിച്ച എല്ലാവരും പിഴച്ച കക്ഷികൾ എന്നല്ല, ശിർക്കിന്റെ പ്രചാരകർ എന്നാണ് രിസാലയുടെ രചയിതാവിന്റെ വാദം. (രിസാലയിൽ രണ്ടടി പിന്നോട്ടു വെച്ചെങ്കിലും അവസാനത്തെ ''വസിയ്യ''ത്തിലൂടെ വീണ്ടും ഈ മുടന്തൻ വാദം പുനരാരംഭിച്ചിരിക്കുകയാണല്ലോ.) ജിന്നിനോട് സഹായം ചോദിക്കുന്നതിനെ അനുവദിച്ചവരിൽ സൂഫികളും ശിയാക്കളുമടക്കമുള്ള പിഴച്ച കക്ഷികളില്ലെന്ന് നമുക്ക് പറയാനും സാധിക്കില്ല. പഴക്കമുള്ള വാദങ്ങളൊക്കെ അങ്ങനെയാണ്. അതിൽ സത്യം പറയുന്നവരുടെ കൂടെ പിഴച്ചവരും പങ്കു ചേർന്നെന്നിരിക്കും. ഉദാഹരണത്തിന്, അഞ്ചു നേരത്തെ നമസ്കാരം, നോമ്പ് തുടങ്ങിയ കാര്യങ്ങളെടുക്കുക. വഴിപിഴച്ച എത്രയെത്ര കക്ഷികളാണ് അതൊക്കെ പുലർത്തിപ്പോരുന്നത്! ആശയത്തിന്റെ പഴക്കം കൂടുന്നതിനനുസരിച്ച് അതിൽ അവകാശികൾ കൂടാനുള്ള സാധ്യത കൂടും. പുതു പുത്തൻ വാദങ്ങളിൽ അതിന്റെ ഉല്പാദകർ മാത്രമേ കാണൂ. അത് പതുക്കെ പ്രചരിച്ച് വരുമ്പോൾ ആളു കൂടും എന്നു മാത്രം. ഈ കൊച്ചു കേരളമാകുന്ന പൊട്ടക്കിണറ്റിൽ വെച്ച് കഴിഞ്ഞ മഴക്കാലത്ത് മാത്രം ഉല്പാദിപ്പിക്കപ്പെട്ട ഈ നിരുപാധിക ശിർക്കുവാദത്തിൽ പോലും തെറ്റിദ്ധാരണയിൽ പെട്ട സലഫികൾ, മുഴുത്ത അഖ്ലാനികൾ, സലഫികളാണെന്ന് പറഞ്ഞ് നടക്കുന്ന മുഖല്ലിദുകൾ തുടങ്ങിയവരായി പത്തു മുന്നൂറ്റമ്പത് പേർ കാണുമല്ലോ. അപ്പോൾ പിന്നെ നിബന്ധനകളോടെ ജിന്നിനോട് സഹായം ചോദിക്കുന്നത് ശിർക്കല്ല എന്ന സർവാംഗീകൃത സത്യത്തിന്റെയും അത് അനുവദനീയമാണെന്ന തെറ്റായ പണ്ഡിതാഭിപ്രായത്തിന്റെയും പിന്നിൽ അണി നിരക്കുന്ന സലഫീ സഹസ്രങ്ങളുടെയും സമുദായ സന്തതികളുടെയും ഇടയിൽ പിഴച്ചു പോയ ചിലർ കൂടി ഈ സത്യവും തെറ്റായ ഈ പണ്ഡിതാഭിപ്രായവും സ്വീകരിക്കുന്നത് സ്വാഭാവികം മാത്രമല്ലേ?

അങ്ങനെ ഈ സത്യം സ്വീകരിച്ചവരിൽ പിഴച്ചവരുണ്ടെന്ന് വെച്ച് നമുക്ക് അതു ശിർക്കല്ല എന്ന സത്യം ഉപേക്ഷിക്കുവാൻ സാധിക്കുമോ? ഇല്ല. എന്നാൽ, ഈ സത്യം അംഗീകരിക്കുകയും അതിനെ വലിച്ചു നീട്ടി തങ്ങളുടെ കുഫ്റിന് തെളിവുണ്ടാക്കുകയും ചെയ്യുന്ന ഖുബൂരികളടക്കമുള്ള വ്യതിയാന കക്ഷികളിൽ വല്ലവരുമായിരിക്കാം ഇമാം അഹ്മദിന്റെ പേരിൽ ഈ സംഭവം കടത്തിക്കൂട്ടിയത് എന്ന ഒരു സാധ്യത ശൈഖ് റബീഅ് പറഞ്ഞുവത്രെ!.

എന്നാൽ ശൈഖ് അങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ തന്നെ നമ്മൾ പറയുന്ന ചിരപുരാതനമായ സത്യം –ശിർക്കിന്റെ നിർവചനം– ഉപേക്ഷിച്ച് ശിർക്കൻ അക്ബറാകുന്ന ഒരു പ്രവർത്തി ഇമാം അഹ്മദ് ചെയ്തു എന്നു പറഞ്ഞിട്ടല്ല, ശൈഖ് റബീഅ് ഈ സനദു ചർച്ച നടത്തുന്നത്. അങ്ങനെയായിരുന്നെങ്കിൽ ഈ സനദിലുള്ള ബാക്കി റിപ്പോർട്ടർമാരൊക്കെ ശിർക്ക് പ്രചരിച്ചവരാണോ? ഒന്നു കൂടി ഓർമിക്കുക, ചോദ്യം ശൈഖ് റബീഇനോടല്ല, നിരുപാധിക ശിർക്കുവാദികളിൽ ആർക്കും ഉത്തരം പറയാം.

ശിർക്കാകുന്ന ഒരു പ്രവർത്തിയാണ് ആളില്ലാത്ത സ്ഥലത്തു വെച്ച് ജിന്നിനെയൊ മലക്കിനെയോ മറ്റു വല്ല അദൃശ്യ സൃഷ്ടികളെയോ ഉദ്ദേശിച്ച് യാ ഇബാദല്ലാഹ് എന്ന് വിളിക്കൽ, അത് ഇമാം അഹ്മദ് ചെയ്താൽ അത് അദ്ദേഹത്തിന്റെ പേരിൽ ഗുരുതരമായ ആരോപണമാണ്.എന്നു പറഞ്ഞാണ് ശൈഖ് റബീ ആ കിതാബിന്റെ സനദിനെ ചോദ്യം ചെയ്യുന്നതെന്നു വാദിച്ചാൽ ഉത്തരമില്ലാത്ത മറുചോദ്യങ്ങളുടെ ഒരു പെരുന്നാളായിരിക്കും പിന്നെ!

1. ശിർക്കായ ഒരു കാര്യം ഇമാം അഹ്മദ് ചെയ്തു എന്ന് പറയുന്ന കിതാബ് വ്യാജമാണെന്ന് പറയാൻ സൂക്ഷ്മ ദർശിനി വെച്ച് നോക്കണോ? ''ഇത്ആനത്തുർറഹ്മാൻ''ൽ സുബൈർ മൗലവി പറയുന്നത്, ഈ കിതാബിന്റെ സനദിലുള്ള കുഴപ്പം ശൈഖ് റബീഇനെപ്പൊലെ അഗാധ ജ്ഞാനമുള്ളവർക്കേ അറിയാൻ സാധിക്കൂ എന്നാണ്. പച്ചയായ ശിർക്ക് ഇമാം അഹ്മദിന്റെ പേരിൽ കെട്ടിപ്പറയുന്ന ഒരു ക്ഷുദ്രകൃതിയായിരുന്ന ''മസാഇലുൽ ഇമാം അഹ്മദ്'' എങ്കിൽ അത് വ്യാജമാണെന്ന് പറയാൻ ശൈഖ് റബീഇന് മാത്രമാണോ സാധിക്കുക? അറിവിന്റെ കാര്യത്തിൽ ഇത്രയും ദരിദ്രവാസികളാണോ നിങ്ങൾ സലഫികളെന്ന് നാട്ടുകാർ ചോദിച്ചാൽ നമ്മളെന്തു സമാധാനം പറയും. അതു കൊണ്ട് ശൈഖ് റബീഇനെ പുകഴ്ത്തുന്നതായി പുറമേക്ക് തോന്നുമെങ്കിലും ഉള്ളിലൂടെ മൊത്തം സലഫികളുടെ മാനം കളയുന്ന ഈ വരി ''ഇത്ആനത്തുർറഹ്മാൻ'' ൽ നിന്ന് ഒഴിവാക്കുന്നതായിരിക്കും നല്ലതെന്ന തോന്നുന്നു.

2. ആ സനദിൽ ഒരു റിപ്പോർട്ടർ അജ്ഞാതനാണെന്നതല്ലേ കുഴപ്പം. ബാക്കിയുള്ള റിപ്പോർട്ടർമാരൊക്കെ മുശ്രിക്കുകരിക്കുകളാണോ? അതോ "ശിർക്ക് പ്രചരിപ്പിക്കുകയും അതിനു കൂട്ടു നിൽക്കുകയും ചെയ്തവരാണവർ. എന്നാലും അവഗാഹമുള്ളപണ്ഡിതന്മാർ വന്ന് അവരെ വിചാരണ നടത്തിയിട്ടില്ലാത്തത് കൊണ്ട് അവരെ പറ്റി മുശ്രിക്കെന്ന് വിളിക്കാൻ പാടില്ല" എന്നാണോ? "ശിർക്കും മുശ്രിക്കും തമ്മിൽ വ്യത്യാസമുണ്ട്........." എന്നാണോ??

3. ഇമാം അഹ്മദിന്റെ മസാഇൽ, മകൻ അബ്ദുല്ലാ رحمه الله യുടെ റിപ്പോർട്ട് പ്രകാരമുള്ളത് തഹ്ഖീഖ് നടത്തിയ സുഹൈർ ഷാവീഷും മറ്റു പലരും മുശ്രിക്കുകളോ

4. ഇതേ കിതാബിൽ നിന്ന് തന്റെ ''ആദാബുസഫാഫ്''(പേജ് 263), ''സ്വിഫതു സ്വലാതുന്നബി''(വാള്യം 1 പേജ് 225) തുടങ്ങിയ കിതാബുകളിൽ ഉദ്ധരണികൾ ചേർത്ത ശൈഖ് മുഹമ്മദ് നാസിറുദ്ദീൻ അൽ അൽബാനിرحمه الله വേറെ ശിർക്ക് പ്രചരിപ്പിക്കുന്ന എത്ര കിതാബുകളിൽ നിന്ന് തെളിവുദ്ധരിച്ചിട്ടുണ്ട്?!

5. തങ്ങളുടെ കർമ ശാസ്ത്ര ഗവേഷണ പ്രബന്ധങ്ങളുടെ സമാഹാരത്തിൽ ഹൻബലീ മദ്ഹബിന്റെ റഫറൻസ് ഗ്രന്ഥങ്ങൾ കൊടുത്ത കൂട്ടത്തിൽ, ഇമാം അഹ്മദിന്റെ മസാഇലിന്റെ, ഇമാം അബ്ദുല്ലായുടെ – ഇപ്പോൾ ശിർക്കാരോപിക്കപ്പെട്ട –റിപ്പോർട്ട് തന്നെ കൊടുത്ത സൗദി അറേബ്യയിലെ ഹൈഅത്തു കിബാരിൽ ഉലമാ എന്ന പണ്ഡിത സഭയെപ്പറ്റി എന്തു പറയുന്നു?

6. ഇബ്നുൽ ഖയ്യിമിന്റെ വിജ്ഞാനത്തെ പുനരുജ്ജീവിപ്പിച്ച ഗവേഷകൻ എന്നറിയപ്പെടുന്ന ശൈഖ് ബക്ർ അബൂ സൈദ് رحمه الله (മവാരിദു ഇബ്നിൽ ഖയ്യിം ഫീ കുതുബിഹി, പേജ് 93–109) ഇബ്നുൽ ഖയ്യിമിന്റെ അവലംബ ഗ്രന്ഥങ്ങൾ വിവരിക്കേ ഈ കിതാബ് അതിൽ ഉൾപ്പെടുത്തിയതിനെ പറ്റി എന്തു പറയുന്നു? ഇബ്നുൽ ഖയ്യിമിന്റെ പ്രസ്തുത അവലംബഗ്രന്ഥങ്ങളിൽ വേറെ ശിർക്കിന്റെയും ഖുറാഫാത്തിന്റെയും പുസ്തകങ്ങളുണ്ടോ?

7. ബിദ്അത്തിന്റെയും വിശ്വാസപരമായ വ്യതിയാനങ്ങളുടെയും മണമടിക്കുന്ന പുസ്തകങ്ങൾ പോലും നിരോധിച്ച് പൗരന്മാരുടെ വിശ്വാസസുരക്ഷ ഉറപ്പു വരുത്തുന്ന ബഹുമാന്യരായ സൗദി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തി ഈ പുസ്തകം തടയുവാൻ ശൈഖ് റബീഅ് ശ്രമിക്കാത്തത്, ഇത് വഴി പിഴച്ചവർ കടത്തിക്കൂട്ടിയതാണെങ്കിലും ശിർക്കുൻ അക്ബറാകുന്ന സംഗതിയൊന്നുമല്ല എന്ന് ശൈഖ് വിചാരിക്കുന്നത് കൊണ്ടാണോ?

ഇമാം അഹ്മദ് അങ്ങനെ വിളിച്ചിട്ടില്ലാ, അത് കടത്തിക്കൂട്ടിയതായിരിക്കും എന്നത്, ജിന്നിനെ വിളിക്കൽ നിരുപാധികം ഹറാമാണെന്നും ഹയ്യും ഹാദിറും ഖാദിറുമായ ജിന്നാണെങ്കിൽ ശിർക്കല്ലെന്നും പറയുന്നവർക്ക് ശൈഖ് റബീഅ് ഹഫിദഹുല്ലാഹ് നല്കുന്ന ഒരു വൈജ്ഞാനിക സമ്മാനമാണ്. കാരണം, ശിർക്കല്ലെങ്കിലും ഹറാമായ ഒരു കാര്യം ഇമാം അഹ്മദ് ചെയ്തു എന്നത് നമ്മെ ഞെട്ടിക്കുന്ന ഒരു കാര്യമാണ്, അദ്ദേഹത്തിന് അതിൽ യാതൊരു കുറ്റവുമില്ലെങ്കിൽ കൂടി. ഇപ്പോൾ ആ സംശയം മാറാൻ ഒരു വഴി തുറന്നു. അൽ ഹംദുലില്ലാഹ്! പക്ഷെ, ശൈഖ് റബീഇന്റെ വാക്കുകളുടെ സനദ് ഒന്ന് പരിശോധിക്കണം എന്നു മാത്രം.

ഇമാം അഹ്മദിന്റെ മസാഇലിൽ ഹിജ്റ മുന്നൂറിന്നടുത്തു ജീവിച്ച  പിഴച്ച കക്ഷികൾക്ക് കടത്തിക്കൂട്ടാമെങ്കിൽ, അന്ത്യനാളിന്റെ പല അടയാളങ്ങളും കണ്ടു തുടങ്ങിയ ഈ കാലത്ത് ശൈഖ് റബീഇന്റെ വാക്കിൽ കടത്തിക്കൂട്ടാനും അവർ മടിക്കുകയില്ലല്ലോ!

ഇനിയും ചോദ്യങ്ങൾ തീർന്നിട്ടില്ല. ഇമാം അഹ്മദ് ഈ ഹദീഥിന്റെ അടിസ്ഥാനത്തിൽ അമൽ ചെയ്തിട്ടില്ല, അതിന്റെ സനദ് ദുർബലമാണ് എന്ന് ശൈഖ് റബീഅ് പറഞ്ഞിട്ടുണ്ട് എന്ന് പറയുന്ന ലേഖകൻ വീണ്ടും, ഇമാം അഹ്മദിന്റെ ഉദ്ദേശം ജിന്നാണെന്ന് ഇമാമീങ്ങൾ ആരും പറഞ്ഞിട്ടില്ല എന്ന് പറയുന്നത് കാണുമ്പോൾ എനിക്ക് സുബൈർ മൗലവിയുടെ പഴയ ഇഫ്തിറാദീ ജദലീ ആണ് ഓർമ്മ വരുന്നത്.

സുബൈർ മൗലവിയുടെ പഴയ തത്വമെന്താണ്? റസൂൽ صلى الله عليه وسلم യാ ഇബാദല്ലാഹ് എന്ന് വിളിക്കാൻ പറഞ്ഞിട്ടില്ല. പറഞ്ഞെന്ന് സങ്കല്പിച്ചാൽ ഉദ്ദേശം ഹാദിറായ ജിന്നും മലക്കുമെന്ന് മാത്രം. അപ്പോൾ ശിർക്കിന് സാധ്യതയില്ല. -ഇബ്നു ബാസ് റഹിമഹുല്ലായുടെയും മറ്റനേകം പണ്ഡിതന്മാരുടെയും സലഫികളുടെയും നിലപാട് .അവസാനം പറഞ്ഞ വാചകം ''എതിരാളികൾക്ക് ഒപ്പിച്ച് കട്ട കൊണ്ട് കട്ടയുടക്കാൻ പറഞ്ഞത്, യഥാർത്ഥ്യമല്ലാത്തത്'' എന്ന് ഹിമായത്തുൽ മുസ്തഫയിലെയും ഇത്ആനത്തുർറഹ്മാനിലെയും വിശദീകരണം – അതിനുള്ള തെളിവ്, ഇഫ്തിറാദീ ജദലീ തത്വം!!

ശരി, സുബൈർ മൗലവിയുടെ  ഇതേ തത്വം നമുക്ക് ഇവിടെയും അപ്ലൈ ചെയ്യാം. ഇാം അഹ്മദ് യാ ഇബാദല്ലാഹ് എന്ന് വിളിച്ചിട്ടില്ല. വിളിച്ചു എന്ന് സങ്കല്പിച്ചാൽ തന്നെ ഉദ്ദേശം ജിന്നല്ല. ഇത്ആനത്തു റഹ്മാൻ രിസാലയിലെ വാദം. അപ്പോൾ ജിന്നല്ല ഇമാം അഹ്മദിന്റെ ഉദ്ദേശം എന്ന വാചകം, ''എതിരാളികൾക്ക് ഒപ്പിച്ച് കട്ട കൊണ്ട് കട്ടയുടക്കാൻ പറഞ്ഞത്, യഥാർത്ഥ്യമല്ലാത്തത്'' അപ്പോൾ ഇമാം അഹ്മദ് ഉദ്ദേശിച്ചത് ജിന്നിനെ തന്നെ!

ഇതാണ് വിവരമുള്ളവർ പറഞ്ഞത്, തർക്കശാസ്ത്രം, ഒട്ടകമൂത്രം പോലെയാണ് എന്ന്. ഒട്ടകം മൂത്രമൊഴിക്കുമ്പോൾ, മുന്നിലേക്കാണ് ഒഴിച്ചതെങ്കിലും അതിന്റെ ശരീര ഘടനയുടെ ഭാഗമായ വളവ് കാരണം മൂത്രം നിലത്തെത്തുമ്പോഴേക്കും പിന്നിലെത്തിയിരിക്കുമത്രെ!

അതു കൊണ്ട് ഇത്തരം തിരിച്ചടിക്കുന്ന വാദങ്ങളെ വർണിച്ചു കൊണ്ട് ഒരു കവി പറഞ്ഞു:

أَخْلَفُ مِنْ بَولِ ٱلبَعِيرِ فَإِنَّهُ *** إِذَا هُوَ لِلْإِقْبَالِ وُجِّهَ أَدْبَرَا

(ഒട്ടക മൂത്രത്തേക്കാൾ പിന്തിരിപ്പനാണല്ലോ ഈ വാദം! അത് എത്ര മുന്നിലേക്ക് നീട്ടിയൊഴിച്ചാലും പിന്നിൽ തന്നെയെത്തും.)

ഇമാം അഹ്മദ് യാ ഇബാദല്ലാഹ് എന്ന് വിളിച്ചത്, മസാഇലിന്റെ സനദിലെ പ്രശ്നം പറഞ്ഞ് നിഷേധിച്ച് ആശ്വസിക്കാൻ സാധിക്കുന്നത്, ഹാദിറായ ജിന്നിനെ അതിനു കഴിവുള്ള കാര്യത്തിൽ വിളിക്കുന്നത് ഹറാമാണെന്ന് പറയുന്നവർക്ക് മാത്രമാണ്. പക്ഷെ, ഹറാം എന്നു പറയുന്ന മാന്യ സലഫീ സഹോദരങ്ങൾ ഒരു ആവേശത്തിൽ എടുത്തു ചാടി ഇത് ജാഇസാണെന്ന് പറയുന്ന അജ്ഞാത കേന്ദ്രങ്ങളിൽ ശൈഖ് റബീഇന്റെ വാക്ക് വിതരണം ചെയ്യണ്ട എന്നാണ് എന്റെ അഭിപ്രായം. കാരണം, നമുക്ക് ലക്ഷ്യവും മാർഗവും ഒരു പോലെ പരിശുദ്ധമാകണമല്ലോ. അതു കൊണ്ട്,

1. ആദ്യം നമുക്ക് ശൈഖ് റബീഇന്റെ ഈ വാക്കു വിശ്വാസയോഗ്യമായ പരമ്പരയിലൂടെ വന്നതാണോ എന്ന് ഉറപ്പിക്കണം.

2. രണ്ടാമതായി, ഇമാം അഹ്മദ് യാ ഇബാദല്ലാഹ് എന്ന് വിളിച്ച സംഭവം റിപ്പോർട്ട് ചെയ്തത്, മകൻ അബ്ദുല്ലാ മാത്രമല്ല. ഷൈഖ് അൽബാനീ റഹിമഹുല്ലാഹ് സിൽസിലത്തു ദ്വഈഫയിൽ (2/111) പറയുന്നത്, ഇമാം അഹ്മദിന്റെ സംഭവം ഇമാം ബൈഹഖീ റഹിമഹുല്ലാഹ് ഷുഅബുൽ ഈമാനിലും, ഇബ്നു അസാകിർ താരീഖു ദിമശ്ഖിലും ഉദ്ധരിച്ചിട്ടുണ്ട് എന്നാണ്. എന്നു മാത്രമല്ല, അതിൽ ഇബ്നു അസാകിറിന്റെ സനദ് സഹീഹാണെന്നും അൽബാനീ റഹിമഹുല്ലാഹ് പറയുന്നു! ഈ രണ്ടും

കിതാബുകളും വ്യാജമാണോ? അതിൽ നിന്ന് ഉദ്ധരിച്ച ശൈഖ് അൽബാനിയും തൗഹീദ് തിരിയാത്ത ആളാണോ??

ജിന്നിനോട് നിബന്ധനാവിധേയമായ ഇസ്തിആനത്ത് അനുവദിക്കുന്ന പണ്ഡിതന്മാർക്കെതിരിൽ ഇമാം അഹ്മദിന്റെ സംഭവം ദുർബലമാണെന്ന്വലിയ ഒരു തെളിവായി നമുക്ക് പറയാൻ സാധിക്കാത്തതിന് വേറെയും കാരണമുണ്ട്. അതായത്, ഹദീഥ് സമാഹരണത്തിന്റെയും നിരൂപണത്തിന്റെയും കാര്യത്തിൽ കാണിക്കുന്ന നിഷ്കർഷ ഗ്രന്ഥങ്ങളുടെ സനദുകൾ പരിശോധിക്കുന്ന വിഷയത്തിൽ ഉലമാക്കൾ കാണിക്കാറില്ല എന്നതാണ് സത്യം. ഇമാം ഇബ്നുസ്സലാഹ് റഹിമഹുല്ലായുടെ വാക്കു നോക്കൂ.

اعْلَمْ أَنَّ الرِّوَايَةَ بِالْأَسَانِيدِ الْمُتَّصِلَةِ لَيْسَ الْمَقْصُودُ مِنْهَا فِي عَصْرِنَا وَكَثِيرٍ مِنَ الْأَعْصَارِ قَبْلَهُ اِثْبَاتُ مَا يُرْوَى اِذْ لَا يَخْلُو اِسْنَادٌ مِنْهَا عَنْ شَيْخٍ لَا يَدْرِي مَا يَرْوِيهِ وَلَا يَضْبُطُ مَا فِي كِتَابِهِ ضَبْطًا يَصْلُحُ لِاَنْ يُعْتَمَدَ عَلَيْهِ فِي ثُبُوتِهِ وَاِنَّمَا الْمَقْصُودُ بِهَا اِبْقَاءُ سِلْسِلَةِ الْاِسْنَادِ الَّتِي خُصَّتْ بِهَا هَذِهِ الْأُمَّةُ زَادَهَا اللهُ كَرَامَة[15]

(നീ മനസ്സിലാക്കുക: എന്തെന്നാൽ,ഇന്നത്തെക്കാലത്തും നമുക്കു മുമ്പുള്ള കുറെ കാലങ്ങളിലും കണ്ണിമുറിയാത്ത സനദോടു കൂടി രിവായത്ത് ചെയ്യുന്നതിന്റെ ഉദ്ദേശം, രിവായത്ത് ചെയ്യപ്പെടുന്ന(ഗ്രന്ഥത്തിന്റെ) വിശ്വസനീയത ഉറപ്പാക്കുക എന്നതല്ല. കാരണം, ഇന്നത്തെ ഈ ഇസ്നാദുകളിൽ ഒന്നും തന്നെ, താനെന്താണ് രിവായത്തു ചെയ്യുന്നതെന്ന് വേർത്തിരിച്ച് മനസ്സിലാക്കാൻ സാധിക്കാത്ത, രിവായത്ത് ചെയ്യപ്പെടുന്ന അടിസ്ഥാനഗ്രന്ഥത്തിന്റെ വിശ്വസനീയതയിൽ അവലംബിക്കാൻ സാധിക്കാത്ത ഒരു ശൈഖെങ്കിലും ഇല്ലാതിരിക്കില്ല. എന്നാൽ ഈ ഉമ്മത്തിന്റെ സവിശേഷതയായ സനദ് എന്ന ഗുണം നിലനിർത്താൻ വേണ്ടിയാകുന്നു (ഇന്നത്തെ ഈ സനദുകൾ). അല്ലാഹു ഈ ഉമ്മത്തിന്റെ മഹത്വം വർധിപ്പിക്കുമാറാകട്ടെ.)

ഹദീഥുകളുടേതിൽ നിന്ന് വ്യത്യസ്തമായി ഗ്രന്ഥങ്ങളുടെ സനദുകളുടെ പരിശോധന ഉദാരമായിരിക്കും. ഇതാ ഈ കാലഘട്ടത്തിലെ ഏറ്റവും വലിയ മുഹദ്ദിഥായിരുന്ന മുഹമ്മദ് നാസിറുദ്ദീൻ അൽ അൽബാനീ റഹിമഹുല്ലായുടെ വാക്കുകൾ:

مَا رَأْيُكَ فِي أَسَانِيدِ الْكُتُبِ؟ هَلْ يُشْتَرَطُ فِيهَا مَا يُشْتَرَطُ فِي رِوَايَةِ الْأَحَادِيثِ أَمْ يُتَسَاهَلُ فِيهَا؟

الْجَوَابُ: رَأْيِي يَخْتَلِفُ مِنْ كِتَابٍ إِلَى آخَر: فَإِذَا كَانَ كِتَاباً مَشْهُوراً مُتَدَاوَلاً بَيْنَ أَيْدِي الْعُلَمَاءِ وَوَثِقُوا بِهِ، فَلَا يُشْتَرَطُ.

أَمَّا إِذَا كَانَ غَيْرَ ذَلِكَ فَإِنَّهُ يُشتَرَط.[16]

---

[15] المنهاج شرح صحيح مسلم بن الحجاج

أبو زكريا محيي الدين يحيى بن شرف النووي 1\13

[16] سؤال وجه للشيخ رحمه الله في آخر محاضرة له بعنوان عدم تقليد الكفار

(കിതാബുകളുടെ സനദുകളെപ്പറ്റി താങ്കളുടെ അഭിപ്രായമെന്താണ്? അതിന് ഹദീഥിന്റെ സനദിനെപ്പോലെയുള്ള നിബന്ധനകളുണ്ടോ?
ഉത്തരം : എന്റെ അഭിപ്രായം, അത് കിതാബിന്റെ സ്വഭാവത്തിനനുസരിച്ച് മാറും എന്നാണ്. ഒരു കിതാബ് അറിയപ്പെട്ടതും ഉലമാക്കൾക്കിടയിൽ പ്രചാരത്തിലിരിക്കുന്നതുമാണെങ്കിൽ അതിൽ അങ്ങനെയുള്ള നിബന്ധനകളില്ല. എന്നാൽ അതല്ലാത്ത കിതാബുകളിൽ ഹദീഥിന്റെ സനദു പോലെയുള്ള നിബന്ധനകൾ ബാധകമാകും.)
ഇമാം അഹ്മദിന്റെ മസാഇൽ – ഇമാം അബ്ദുല്ലയുടെ രിവായത്തു പ്രകാരമുള്ളത്– പ്രശസ്തമായ കിതാബാണോ? ഉലമാക്കൾക്കിടയിൽ പ്രചാരത്തിലുള്ളതാണോ?
ഇമാം ഇബ്നുൽ ഖയ്യിം, ശൈഖ് അൽ അൽബാനീ, ലജ്നത്തുദ്ദാഇമയിലെ അംഗങ്ങൾ, ബക്ർ ബിൻ അബ്ദില്ലാ അബൂ സൈദ് ഇവരൊക്കെ പണ്ഡിതന്മാരാണെങ്കിൽ ഉത്തരം അതെ എന്നായിരിക്കും!

ഞങ്ങളുടെ നാട്ടിൽ പതിനായിരക്കണക്കിനു മുസ്‌ലിംകളെ നിയന്ത്രിക്കുന്ന ഒരു കാട്ടു ഖുറാഫി, "" ജനങ്ങളെ കണ്ണുകെട്ടി, മെല്ലെ, മെല്ലെ ശിർക്കിലേക്കു കൊണ്ടു പോകുന്നുണ്ട്. പൊതുവെ ശിർക്ക് കണ്ടാൽ ചോര തിളക്കുന്ന എനിക്കു സഹിക്കാൻ പറ്റുന്നില്ല. അവർ ഖബ്റാരാധനക്കാരായ മുശ്‌രിക്കുകളെപ്പോലെയൊന്നുമല്ല പ്രവർത്തിക്കുന്നത്. മറിച്ച് സലഫികളാണെന്ന് അവകാശപ്പെട്ട്, ഇമാം അഹ്മദ് മുതൽ ഇബ്നു ബാസ് വരെയുള്ള പണ്ഡിതന്മാർ ആപൽ ഘട്ടത്തിൽ ജിന്നിനെ വിളിച്ചു ദുആ ചെയ്തവരാണെന്നു പഠിപ്പിക്കുക വഴി ഇമാം അഹ്മദിന്റെ അഖീദ പഠിക്കുന്ന സലഫികളെപ്പോലും ശിർക്കിലേക്കു കൊണ്ടു പോകുന്ന ഒരു ചരിത്രമുഹൂർത്തമാണ് ആസന്നമായിരിക്കുന്നത്. ഈ സന്നിഗ്ധ ഘട്ടത്തിൽ കൈ മെയ് മറന്ന് നാം തൗഹീദീ പ്രബോധനം നടത്തിയില്ലെങ്കിൽ, ഒരു പക്ഷെ ചരിത്രത്തിൽ ഒരു കറുത്ത അധ്യായമായി രേഖപ്പെടുത്തപ്പെടുന്ന ഗുരുതരമായ സമൂഹമതം മാറ്റമായിരിക്കും കേരളത്തിൽ നടക്കുക! എന്ന് ഒരാൾ ശൈഖ് റബീഇനോട് പറഞ്ഞാൽ, യാ ഇബാദല്ലാ എന്ന വിളിയിൽ ശിർക്കുണ്ടോ എന്ന വിഷയത്തെ യാതൊരു നിലക്കും സ്പർശിക്കുന്നില്ലെങ്കിൽ പോലും ആ കിതാബിന്റെ സനദിലുള്ള ചെറിയ ന്യൂനത പോലും ധാർമികരോഷമുള്ള ഒരു സലഫീ പണ്ഡിതൻ പരാമർശിച്ചെന്നിരിക്കും. അതിൽ ഒട്ടും അത്ഭുതമില്ല താനും!

# ജിന്നിനെ വിളിക്കാൻ പ്രേരിപ്പിക്കുന്നോ?

ജിന്നിനോടു സഹായം ചോദിക്കുന്നത് മുഴുവനും ശിർക്കാണെന്ന പിഴച്ച വാദത്തെ എതിർത്താൽ അവൻ ശിർക്കിലേക്കു ക്ഷണിക്കുന്നവനാണെന്നാണ് ചിലരുടെ വാദം.

എന്നാൽ ഇവർ, ഏതു മഹാപാപം ചെയ്താലും അത് കുഫ്റിന്റെ പരിധിയിലെത്തുവോളും കാഫിറാവുകയില്ലെന്ന് പറഞ്ഞു, ഖവാരിജുകൾക്ക് മറുപടി പറയുന്ന അഹ്‌ലുസ്സുന്നത്തിന്റെ ഇമാമീങ്ങൾ പാപങ്ങളുടെ പ്രചാരകരാണെന്ന് പറയുമോ?!

അല്ലാഹുവേ നിന്റെ കാവൽ!!

ഇത്രയും ഭാഗം എഴുതിയത്, റജബ് 15 ശനിയാഴ്ച രാവിലെയായിരുന്നു[17]. അതു കഴിഞ്ഞ് പിറ്റേ ദിവസമാണ് എറണാകുളത്ത് വെച്ച് നടന്ന അവസാനത്തെ വിശദീകരണം, ''വസ്വിയ്യ'' എന്ന പേരിൽ കാണാനിടയായത്. സുബ്ഹാനല്ലാഹ്, തീർത്തും അവിശ്വസനീയമായ ഒരുപാട് വിവരങ്ങൾ ആ ദർസിൽ കേൾക്കേണ്ടി വന്നു.

ചെറിയ ചില ശുബ്ഹത്തുകളും ആ ദർസു കേൾക്കുന്ന ''സാധാരണക്കാർക്ക്'' വന്നുപെടാൻ സാധ്യതയുണ്ട്, ക്ലാസ്സെടുക്കുന്നയാളിന്റെ ഉസ്‌ലൂബറിയുന്നവർക്ക് സംശയമൊന്നുമുണ്ടാകില്ലെങ്കിലും. അതു കൊണ്ട് അതിൽ പറഞ്ഞ കാര്യം കൂടി പരാമർശിക്കാതെ ഈ ലേഖനം പൂർത്തിയാവില്ലെന്ന് തോന്നി.

ആ ക്ലാസിന്റെ ഉള്ളടക്കം അദ്ദേഹത്തിന്റെ മക്കാ രിസാലയിൽ നിന്നു തീർത്തും വ്യത്യസ്തമാണ് എന്നതാണ് ദു:ഖസത്യം. ചില്ലറ വൈരുദ്ധ്യങ്ങളുണ്ടായിരുന്നെങ്കിലും അറബിയിലെ രിസാല മലയാളത്തിലെ ദർസുകളേക്കാൾ എത്രയോ മാന്യമായിരുന്നു. എന്നാൽ, വീണ്ടും പഴയ ''കേരളാ

[17] എഴുതിയ ശേഷം ചില തിരുത്തുകൾ വരുത്തുകയും ചില ഖണ്ഡികകൾ പിന്നീട് കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്.

മോഡൽ'' ആണ് കൊച്ചി ക്ലാസ്സിൽ കേട്ടത്! രൂപം മാറാൻ കഴിവുള്ളവരായ ജിന്നുകളാണ് വിഷയം എന്നതുകൊണ്ടാണോ അഖീദയിൽ ഇങ്ങനെയൊരു രൂപ മാറ്റം വരുന്നത് എന്നറിയില്ല.

അതിൽ പുതുതായി പറഞ്ഞത്, ഒരേയൊരു കാര്യമായിരുന്നു:

**തക്ഫീർ – അഥവാ മുസ്‌ലിമായി നാട്ടിലൂടെ വിലസുന്ന ആളുകളെ കാഫിർ എന്നു വിളിക്കുന്നതിന്റെ മസ്അല.**

ഈ വിഷയം പറയുന്നത് കാണുമ്പോൾ, ഒരു അറബി പഴഞ്ചൊല്ല് കേരളത്തിൽ ചിലർക്കെങ്കിലും ഓർമ്മ വന്നാൽ കുറ്റം പറയാൻ സാധിക്കില്ല.

ذَكَّرْتَنِي بِالطَّعْنِ وَكُنْتُ نَاسِيًا

(നീ എന്നെ കുത്താൻ ഓർമ്മിപ്പിച്ചു ഞാൻ അത് മറന്നിരിക്കുകയായിരുന്നു!)

ഈ പഴഞ്ചൊല്ല് ശരിക്കു മനസ്സിലാകണമെങ്കിൽ അതിന്റെ പിന്നിലുള്ള ഒരു ചെറിയ കഥയുള്ളത് അറിയണം.

ഒരു മനുഷ്യൻ മറ്റൊരുത്തനെ അടിക്കുകയാണ്. പാവത്തെ തല്ലി വീഴ്ത്തി നെഞ്ചത്ത് കയറി നിരങ്ങിയാണ് പ്രയോഗം! പെട്ടെന്നുള്ള ആക്രമണത്തിൽ തന്റെ കയ്യിലുണ്ടായിരുന്ന കുന്തമെടുത്ത് പ്രയോഗിക്കാനൊക്കെ മറന്നു കൊണ്ട് കിട്ടുന്ന അടിയെല്ലാം വാങ്ങിക്കൊണ്ടിരിക്കുകയാണ് സാധു. അപ്പോളാണ് അക്രമിയായ മനുഷ്യൻ വിളിച്ചു പറയുന്നത്, ''താഴെയിട്ടെടാ നിന്റെ കുന്തം.'' ഇതു കേട്ടപ്പോഴാണ് സാധുവായ മനുഷ്യൻ വിളിച്ചു പറഞ്ഞത് "നീ എന്നെ കുത്താൻ ഓർമിപ്പിച്ചു ഞാൻ മറന്നിരിക്കുകയായിരുന്നു" എന്നത്. ഇതു പോലെയാണ് തക്ഫീറിന്റെ വിഷയം.

**ഖബ്റിനെ പൂജിക്കുന്ന ഖുറാഫികളെ കാഫിറാക്കിയതിന് കേരളത്തിലെ മുജാഹിദുകൾക്ക് കിട്ടിയ ശിക്ഷയാണ്, ജിന്നിനെ വിളിച്ച് ശിർക്ക് ചെയ്യേണ്ടി വന്നത്! എന്നാണ് ദർസിന്റെ ഉള്ളടക്കം.**

തക്ഫീറിന്റെ വിഷയത്തിൽ ഇരുട്ടിൽ തപ്പുന്ന കേരളത്തിലെ സലഫീ സഹോദരങ്ങൾ ആ വിഷയത്തിൽ ഉലമാക്കളുടെ ചില വാക്കുകൾ അറിഞ്ഞിരിക്കുന്നത് നന്നായിരിക്കും.

തക്ഫീർ രണ്ടു വിധത്തിലുണ്ട്. ഒന്ന്. പൊതുവിലുള്ള തക്ഫീർ അഥവാ അല്ലാഹുവെ അല്ലാതെ ഒരാൾ വിളിച്ചു ദുആ ചെയ്താൽ അവൻ കാഫിറാണ് എന്ന് ഏതൊരാൾക്കും പറയാം. എന്നാൽ രണ്ടാമത്തെ ഇനമാണ്, തക്ഫീറുൽ മുഅയ്യൻ. ഒരു വ്യക്തിയെ പേരെടുത്തു പറഞ്ഞു കാഫിറാക്കൽ. അതു വളരെ അപകടകരമായ കാര്യമാണ്. കാരണം, അതിനു പ്രത്യേകം നിബന്ധനകളുണ്ട്. എന്നാൽ, ഖബ്റാളികളെ വിളിച്ചു പ്രാർത്ഥിക്കുന്നവർ കാഫിറാണെന്നു പൊതുവായി പറയാനും ആ പണി ചെയ്യുന്നവന് തൗഹീദ് പ്രമാണസഹിതം പറഞ്ഞുകൊടുത്ത ശേഷം അവൻ ശിർക്കിൽ തുടരുന്ന പക്ഷം അവനുമായി ബന്ധം മുറിക്കാനും ആരും പേടിക്കേണ്ടതില്ല.

ശിർക്ക് ചെയ്യുന്ന ഒരാൾക്ക് അപ്രകാരം തെളിവു പറഞ്ഞു കൊടുത്തിട്ടും അവൻ അവന്റെ ശിർക്കിൽ തന്നെ തുടരുകയാണെങ്കിൽ അവനോടു പിന്നീട് യാതൊരു സൗഹൃദവും ഇസ്‌ലാമികമായ ബന്ധവും പാടില്ല. തെളിവ് സ്ഥാപിക്കൽ –ഇഖാമത്തുൽ ഹുജ്ജ– എന്ന് പറഞ്ഞ് വിശദീകരിക്കാതെ പോകുന്നത്, ജനങ്ങളെ സംശയത്തിലാക്കും. ഞാൻ പറഞ്ഞു കൊടുക്കുന്ന തെളിവ് അവന് മനസ്സിലായില്ലെങ്കിലോ എന്നൊരു സംശയം വരാൻ സാധ്യതയുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തെളിവ് മനസ്സിലാകാത്ത, ഹുജ്ജത്ത് സ്ഥാപിതമാകാത്ത സാധുക്കൾ എന്നൊരു അനുഭാവം ശിർക്കു ചെയ്യുന്നവരോട് മുഅ്മിനീങ്ങളുടെ മനസ്സിൽ രൂപപ്പെടാനും സാധ്യതയുണ്ട്. ഇസ്‌ലാമിക വിശ്വാസത്തിന്റെ നെടുംതൂണായ വലാഅ് ബറാഇന്റെ കടക്കൽ വെച്ച കത്തിയാണ്, ഇത്തരം അവ്യക്തമായ പ്രയോഗങ്ങൾ.

യഥാർത്ഥത്തിൽ ഇഖാമത്തുൽ ഹുജ്ജ എന്ന പറഞ്ഞാൽ ഖുബൂരിക്ക് തെളിവ് മനസ്സിലാകൽ എന്നല്ല അർത്ഥം. മറിച്ച് തെളിവ് അവൻ അറിയൽ എന്നാണ്. ഇവ തമ്മിലുള്ള വ്യത്യാസം, ഇബ്ന അബ്ദിൽ വഹ്ഹാബ് റഹിമഹുല്ലായുടെ വാക്കുകളുദ്ധരിച്ച് അദ്ദേഹത്തിന്റെ തന്നെ സന്തതിപരമ്പരയിൽ പെട്ട, അബ്ദുല്ലാഹിബ്ന അബ്ദില്ലത്വീഫ് റഹിമഹുല്ലാഹ് വിശദീകരിക്കുന്നത് കാണക.

وَأَمَّا قَوْلُهُ: وَهَؤُلَاءِ مَا فَهِمُوا الحُجَّةَ؛ فَهَذَا مِمَّا يَدُلُّ عَلَى جَهْلِهِ، وَأَنَّهُ لَمْ يُفَرِّقْ بَيْنَ فَهْمِ الحُجَّة، وَبُلُوغِ الْحُجَّةِ، فَفَهْمُهَا نوعٌ وَبُلُوغُهَا نَوعٌ آخرٌ؛ فَقَدْ تَقُومُ الْحُجَّةُ عَلَى مَنْ لَمْ يَفْهَمْهَا؛ وَقَدْ قَالَ شَيْخُناَ، الشَّيْخُ مُحَمَّدُ بْنُ عَبْدُ الْوَهَّابِ، رَحِمَهُ الله – فِي كَلَامٍ لَهُ –: فَإِنَّ الذِّي لَمْ تَقُمْ عَلَيْهِ الْحُجَّةُ، هُوَ الذِّي حَدِيثُ عَهْدٍ بِالْإِسْلَامِ، أَوْ نَشَأَ بِبَادِيَةٍ بَعِيدَةٍ، أَوْ يَكُونَ ذَلِكَ فِي مَسَائِلَ خَفِيَّةٍ، مِثْلَ مَسْأَلَةِ الصَّرْفِ وَالْعَطْفِ، فَلَا يَكْفُرُ حَتَّىَ يَعْرِفَ. وَأَمَّا أُصُولُ الدِّين الَّتِي وَضَّحَهَا الله، وَأَحْكَمَهَا فِي كِتَابِهِ، فَإِنَّ حُجَّةَ اللهِ هِيَ الْقُرْآنُ، فَمَنْ بَلَغَهُ فَقَدْ بَلَغَتْهُ الْحُجَّةُ؛ وَلَكِنْ أَصْلُ الْإِشْكَالِ: أَنَّكُمْ لَمْ تُفَرِّقُوا بَيْنَ قِيَامِ الْحُجَّةِ، وَفَهْمِ الْحُجَّةِ؛ فَإِنّ الْكُفَّارَ وَالْمُنَافِقِينَ لَمْ يَفْهَمُوا حُجَّةَ اللهِ مَعَ قِيَامِهَا عَلَيْهِمْ، كَمَا قَالَ تَعَالَى: {أَمْ تَحْسَبُ أَنَّ أَكْثَرَهُمْ يَسْمَعُونَ أَوْ يَعْقِلُونَ إِنْ هُمْ إِلَّا كَالْأَنْعَامِ بَلْ هُمْ أَضَلُّ سَبِيلاً} ، وَقَالَ تَعَالَى: {وَجَعَلْنَا عَلَى قُلُوبِهِمْ أَكِنَّةً أَنْ يَفْقَهُوهُ وَفِي آذَانِهِمْ وَقْراً} . فَقِيَامُ الْحُجَّةِ وَبُلُوغُهَا نَوعٌ، وَفَهْمُهَا نَوعٌ آخرُ، وَكَفَّرَهُمُ اللهُ بِبُلُوغِهَا إِيَّاهُمْ، مَعَ كَونِهِمْ لَمْ يَفْهَمُوهَا، إِلَى آخرِ كَلَامِهِ رَحِمَهُ الله.

الدُّرَرُ السَّنِيَّة 10\434 تَحْقِيقُ الْعَلَّامَةُ عَبْدُ الرَّحْمن بْنُ مُحَمَّد الْقَاسِم الطَّبْعَةُ السَّادِسَةُ فِي 16 مُجَلَّد

(എന്നാൽ ഇക്കൂട്ടർക്ക് തെളിവ് –ഹുജ്ജത്ത്– മനസ്സിലായിട്ടില്ല എന്നാണ് അയാളുടെ വാദമെങ്കിൽ; അത് ഇയാളുടെ ജഹ്ലിനെ മാത്രമാണ് സൂചിപ്പിക്കുന്നത്. അവന് ഇഖാമതുൽ ഹുജ്ജത്ത് (തെളിവ് സ്ഥാപിക്കൽ), ഫഹ്മുൽ ഹുജ്ജത്ത് (തെളിവ് മനസ്സിലാക്കൽ) എന്നിവ തമ്മിൽ വേർതിരിച്ചു മനസ്സിലായിട്ടില്ല. തെളിവ് മനസ്സിലാക്കൽ ഒരു കാര്യവും അത് എത്തിച്ചേരൽ മറ്റൊരു വിഷയവുമാണ്. നമ്മുടെ ശൈഖ് പറഞ്ഞു : തെളിവു കിട്ടാത്തവൻ എന്ന പറഞ്ഞാൽ, പുതുതായി ഇസ്ലാം സ്വീകരിച്ച ആൾ, അല്ലെങ്കിൽ ഉൾനാടുകളിൽ വളർന്ന വന്ന ആൾ, അല്ലെങ്കിൽ സങ്കീർണമായ മസ്അലകൾ ആയിരിക്കുക തുടങ്ങിയ സാഹചര്യങ്ങളിലാണ്. അങ്ങനെയൊക്കെയാണെങ്കിൽ അവന് അറിവു കിട്ടുന്നത് വരെ അവൻ കാഫിറാവുകയില്ല. എന്നാൽ, ഖുർആനിൽ അല്ലാഹു വ്യക്തമാക്കിയിട്ടുള്ള അടിസ്ഥാന വിഷയങ്ങളാകട്ടെ, അതിലൊക്കെ ഹുജ്ജത്തെന്ന പറഞ്ഞാൽ ഖുർആൻ തന്നെയാണ്.

ആർക്കാണോ ഖുർആൻ വന്നെത്തിയത് അവന് ഹുജ്ജത്തെത്തിക്കഴിഞ്ഞു. പക്ഷെ അടിസ്ഥാന പ്രശ്നമെന്താണെന്ന വെച്ചാൽ നിങ്ങൾക്ക് തെളിവു കിട്ടൽ, തെളിവു മനസ്സിലാക്കൽ എന്നീ രണ്ടു കാര്യങ്ങൾ വേർതിരിച്ചു മനസ്സിലായിട്ടില്ല. കാഫിറുകൾക്കും മുനാഫിഖീങ്ങൾക്കും അവർക്കു മേൽ അല്ലാഹുവിന്റെ ഹുജ്ജത്ത് സ്ഥാപിതമായിട്ടും അത് മനസ്സിലായിരുന്നില്ല.

അല്ലാഹു പറഞ്ഞു.

أَمْ تَحْسَبُ أَنَّ أَكْثَرَهُمْ يَسْمَعُونَ أَوْ يَعْقِلُونَ إِنْ هُمْ إِلَّا كَالْأَنْعَامِ بَلْ هُمْ أَضَلُّ سَبِيلاً

(ആവരിലധികപേരും കേള്ക്കുകയോ ചിന്തിക്കുകയോ ചെയ്യുന്നുണ്ടെന്ന നീ വിചാരിക്കുന്നുവോ? അവർ കന്നുകാലികളെ പോലെയാകുന്നു. അല്ല, അവർ കൂടുതൽ മോശം മാർഗത്തിലാകുന്നു.)

وَجَعَلْنَا عَلَى قُلُوبِهِمْ أَكِنَّةً أَنْ يَفْقَهُوهُ وَفِي آذَانِهِمْ وَقْراً

(നാം അത് മനസ്സിലാക്കാനാകാത്ത വിധം അവരുടെ ഹൃദയങ്ങൾക്ക് സീലു വെക്കുകയും അവരുടെ ചെവികളിൽ ഒരു മൂടി വെക്കുകയും ചെയ്തിട്ടുണ്ട്.)

അപ്പോൾ ഹുജ്ജത്ത് സ്ഥാപിതമാകുക എന്നതും അത് മനസ്സിലാകുക എന്നതും രണ്ടു കാര്യങ്ങളാണ്. അത് സ്ഥാപിതമായതോടെ അല്ലാഹു അവരെ തക്ഫീർ നടത്തിയിട്ടുണ്ട്. അവർക്കത് മനസ്സിലായിട്ടില്ലെങ്കിലും.)

തക്ഫീറിന്റെ എല്ലാ ശർത്വുകളുമൊത്ത ആളുകൾ കാഫിറുകൾ തന്നെയാണ്. അവരെ നാം പേരെടുത്ത് കാഫിറെന്ന വിളിക്കുന്നില്ലെങ്കിലും. ദഅ്വത്തെത്തിച്ച ശേഷം അവർ ശിർക്കിലും കുഫ്റിലും ഉറച്ചു നില്ക്കുകയാണെങ്കിൽ അവരോട് ബറാഅത്ത് –ബന്ധവിച്ഛേദനം– തന്നെ നടത്തണം. എന്നാൽ, പണ്ഡിതന്മാരെ അറിയിച്ച് കാഫിറുകളെ സംബന്ധിച്ച് തക്ഫീർ നടത്താനുള്ള നടപടി സ്വീകരിക്കാതെ അവരെ വിമർശിക്കുകയും ചെയ്യാതെ മിണ്ടാതിരുന്നിട്ട് അവരെ പിന്തുടർന്ന് നമസ്കരിക്കാത്ത ആത്മാഭിമാനികളായ സലഫികളെ സംബന്ധിച്ച് തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിൽ ''മുസ്ലിമായ ഒരാളെ യാ കാഫിർ എന്ന വിളിച്ചാൽ അവൻ കാഫിറല്ലെങ്കിൽ വിളിച്ചവൻ കാഫിറായി'' എന്ന ഹദീസുദ്ധരിക്കുന്നത്, കേരളത്തിലെ കെ എൻ. എം ഔദ്യോഗിക വിഭാഗത്തിലും ജമാഅത്തെ ഇസ്ലാമിയിലുമുള്ള ബുദ്ധിമാന്ദ്യവും മുർജിആക്കളുടെ വാദവുമുള്ള മൂഢന്മാർക്ക് വടികൊടുക്കലാവും എന്നു പറയാതെ വയ്യ.

ഈ വിഷയത്തിലുള്ള ശൈഖ് ഇബ്നു ബാസിന്റെ ഒരു ഫത്‌വ ഇവിടെ ചേർക്കുന്നത് ഉചിതമാകുമെന്ന് കരുതുന്നു.

يَقُولُ السَّائِلُ: حَدَثَ حِوَارٌ بَيْنِي وَبَيْنَ صَدِيقٍ لِي عَنْ الْإِسْلَامِ، حَيْثُ قَالَ هَذَا الصَّدِيقُ: إِنَّهُ لَا يُصَلِّي عَلَى الْإِطْلَاقِ، فَقُلْتُ لَهُ: أَنْتَ كَافِرٌ؛ لِأَنَّ اللهَ تَعَالَى يَقُولُ: {أَفَتُؤْمِنُونَ بِبَعْضِ الْكِتَابِ وَتَكْفُرُونَ بِبَعْضٍ فَمَا جَزَاءُ مَنْ يَفْعَلُ ذَلِكَ مِنْكُمْ إِلَّا خِزْيٌ فِي الْحَيَاةِ الدُّنْيَا وَيَوْمَ الْقِيَامَةِ يُرَدُّونَ إِلَى أَشَدِّ الْعَذَابِ} وَقَالَ لِي: أَنْتَ أَيْضًا كَذَلِكَ وَذَكَرَ لِي قَوْلَ النَّبِي صَلَّى اللهُ عَلَيْهِ وَسَلَّمَ: «مَنْ كَفَّرَ مُسْلِمًا فَقَدْ كَفَرَ» وَبَعْدَ ذَلِكَ

تَرَكْتُهُ وَذَهَبْتُ حَتَّى لَا يَحْتَدِمُ النِّقَاشُ إِلَى أَكْثَرَ مِمَّا وَصَلَ إِلَيْهِ. فَمَا حُكْمُ كَلَامِنَا هَذَا الَّذِي تَمَّ بَيْنَنَا؟ وَهَلْ نَأْثَمُ عَلَيْهِ؟

وَهَكَذَا مَنْ تَرَكَ الصَّلَاةَ وَتَسَاهَلَ بِهَا يَكُونُ كَافِرًا وَإِنْ لَمْ يَجْحَدْ وُجُوبَهَا فِي الْأَصَحِّ مِنْ قَوْلَيِ الْعُلَمَاءِ كَمَا تَقَدَّمَ دَلِيلُ ذَلِكَ فِي الْأَحَادِيثِ السَّابِقَةِ وَمَا جَاءَ فِي مَعْنَاهَا، فَنَسْأَلُ اللهَ أَنْ يُصْلِحَ أَحْوَالَ الْمُسْلِمِينَ وَأَنْ يَرُدَّ كَافِرَهُمْ وَعَاصِيَهِمْ إِلَى التَّوْبَةِ النَّصُوحِ.

وَقَوْلُهُ: «مَنْ كَفَّرَ مُسْلِمًا فَقَدْ كَفَرَ» هَذَا إِذَا كَانَ التَّكْفِيرُ فِي غَيْرِ مَحَلِّهِ، كَمَا قَالَ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ: «مَنْ قَالَ لِأَخِيهِ يَا عَدُوَّ اللهِ أَو قَالَ يَا كَافِرُ وَلَيْسَ كَذَلِكَ إِلَّا حَارَ عَلَيْهِ»

لَكِنْ هَذَا الَّذِي قَالَ: أَنْتَ كَافِرٌ بِتَرْكِ الصَّلَاةِ، قَدْ وَقَعَ تَكْفِيرِهِ فِي مَحَلِّهِ فَلَا يَرْجِعُ إِلَى الْقَائِلِ، وَلَا يَكُونُ الْقَائِلُ كَافِرًا، بَلْ قَائِلُهُ قَدْ نَفَّذَ أَمْرَ اللهِ، وَأَدَّى حَقَّ اللهِ، وَبَيَّنَ مَا أَوجَبَهُ اللهُ مِنْ تَكْفِيرِ هَذَا الصِّنْفِ مِنَ النَّاسِ، فَهُوَ مَأْجُورٌ وَلَيْسَ بِكَافِرٍ، وَإِنَّمَا الْكَافِرِ الَّذِي تَرَكَ الصَّلَاةَ وَعَانَدَ وَكَابَرَ، نَسْأَلُ اللهَ الْعَافِيَةَ[18]

(ചോദ്യം: ഞാനും എന്റെ ഒരു സുഹൃത്തും തമ്മിൽ ഇസ്‌ലാമിനെ സംബന്ധിച്ച് ചർച്ച ചെയ്യവേ അയാൾ താനൊരിക്കലും നമസ്കരിക്കാറില്ല എന്നു പറഞ്ഞു. അപ്പോൾ ഞാൻ അയാളോട് നീ കാഫിറാണ്, കാരണം ''നിങ്ങൾ വേദഗ്രന്ഥത്തിൽ അല്പം വിശ്വസിക്കുകയും ബാക്കി നിഷേധിക്കുകയുമാണോ'' എന്നു അല്ലാഹു ഖുർആനിൽ ചോദിച്ചിട്ടുണ്ടെന്നു പറഞ്ഞു. അപ്പോൾ അയാൾ എന്നോട് പറഞ്ഞു ''എന്നാൽ നീയും കാഫിറാണ്. കാരണം, മുസ്‌ലിമായ ഒരാളെ മറ്റൊരാൾ കാഫിറാക്കിയാൽ കാഫിറാക്കിയവൻ കാഫിറയി എന്ന് ഹദീസുണ്ട്.'' കൂടുതൽ കുഴപ്പം വേണ്ട എന്ന് കരുതി ഞാൻ ചർച്ച അവിടെ അവസാനിപ്പിച്ചു. ഞങ്ങൾ ഈ പറഞ്ഞതിൽ എന്താണ് വിധി? അതു കൊണ്ടു ഞങ്ങൾ കുറ്റക്കാരാകുമോ?

ഉത്തരം:..... അതു പോലെ ആരാണോ നമസ്കാരം ഉപേക്ഷിക്കുന്നത്, അവൻ ഉലമാക്കളുടെ രണ്ടഭിപ്രായങ്ങളിൽ ശരിയായ അഭിപ്രായ പ്രകാരം, നമസ്കാരത്തിന്റെ വുജൂബ് നിഷേധിച്ചിട്ടില്ലെങ്കിൽ കൂടി, കാഫിറാകും; നേരത്തെ പറഞ്ഞ ഹദീസുകളും സമാനമായ തെളിവുകളുടെയും അടിസ്ഥാനത്തിൽ. മുസ്‌ലിംകളുടെ അവസ്ഥ നന്നാക്കാനും അവരുടെ പാപികളെയും കാഫിറുകളെയും ചൊവ്വായ തൗബക്ക് തൗഫീഖ് ചെയ്യാനും നാം അല്ലാഹുവോട് തേടുകയാണ്.

എന്നാൽ മുസ്‌ലിമിനെ കാഫിറാക്കിയാൽ കാഫിറാക്കുന്നവൻ കാഫിറായിരിക്കുന്നു എന്ന ഹദീസാകട്ടെ, അത് അനവസരത്തിലുള്ള കാഫിറാക്കലിനെ സംബന്ധിച്ചാകുന്നു. നമസ്കാരമുപേക്ഷിക്കുക വഴി നീ കാഫിറായിരിക്കുന്നു എന്ന് പറഞ്ഞാൽ അത് അനവസരത്തിലുള്ള കാഫിറാക്കലല്ല. അതിനാൽ അത് പറഞ്ഞവനിലേക്ക് തിരിച്ചു വരികയും ചെയ്യുകയില്ല. പറഞ്ഞവൻ കാഫിറാവുകയും ചെയ്യില്ല. മറിച്ച്

[18] مجموع فتاوى العلامة عبد العزيز بن باز رحمه الله 10\265 طبعة بإشراف الشيخ محمد بن سعد الشويعر في ثلاثين مجلد

അവൻ അല്ലാഹുവിന്റെ കല്പന പാലിക്കുകയും അല്ലാഹുവോടുള്ള ബാധ്യത നിർവഹിക്കുകയുമാണ് ചെയ്തിരിക്കുന്നത്. ഇത്തരം ആളുകൾ കാഫിറാണെന്നുള്ള, അല്ലാഹുവിങ്കൽ നിന്നുള്ള സത്യം വ്യക്തമാക്കിയിരിക്കുകയാണയാൾ. അവൻ കാഫിറല്ല, മറിച്ച് പ്രതിഫലാർഹനാണ്. നമസ്കാരമുപേക്ഷിച്ചവനാണ് കാഫിർ! അല്ലാഹു കാത്തു രക്ഷിക്കട്ടെ.)

നമസ്കാരം ഉപേക്ഷിക്കുന്നവന്റെ അവസ്ഥയിതാണെങ്കിൽ, പച്ചയായ ശിർക്കിലേക്ക് ക്ഷണിക്കുന്ന പുരോഹിതന്മാരുടെ അവസ്ഥയെന്താണ്? വുജൂബിന്റെ ഹുക്മ് നിഷേധിക്കാതെ നമസ്കാരമുപേക്ഷിച്ചവൻ കാഫിറാകുമോ എന്ന വിഷയത്തിൽ അഭിപ്രായ വ്യത്യാസമുണ്ടായിട്ടു കൂടി ശരിയായ അഭിപ്രായം അവൻ കാഫിറാകും എന്നതായതു കൊണ്ടാണ് ഇബ്നു ബാസ് റഹിമഹുല്ലാഹ് ഹുജ്ജത്ത് സ്ഥാപിച്ച ശേഷം അവനെ കാഫിറെന്ന് വിളിച്ച ആൾക്ക് പ്രതിഫലമുണ്ടെന്ന് പറഞ്ഞത്.

എന്നാൽ, നമസ്കാരത്തിനു മുമ്പേ അല്ലാഹു ശറആക്കിയ തൗഹീദിനെ തകർക്കാൻ വേണ്ടി ദഅ്‌വത്തു നടത്തിക്കൊണ്ടിരിക്കുന്ന മനുഷ്യപ്പിശാചുക്കളെ വെള്ള പൂശുന്നത് ശരിയാണോ?

അവർ അവരുടെ സ്ഥാപനങ്ങളിൽ ഖുർആനിന്റെ തഫ്സീറും ഹദീസ് വ്യാഖ്യാനങ്ങളും വായിച്ചിട്ടും അവരെ പറ്റി ഹുജ്ജത്ത് മനസ്സിലാക്കാത്ത ആദിവാസികൾ എന്ന് നിസ്സാരവൽക്കരിക്കുകയല്ല വേണ്ടത്.

അവരെ പേരെടുത്ത് കാഫിർ എന്ന് വിളിക്കുകയും വേണ്ട. മറിച്ച് ഓരോ പുരോഹിതന്റെയും കുഫ്രിയ്യത്ത് അഹ്‌ലുസ്സുന്നത്തിന്റെ പണ്ഡിതന്മാരുടെ അടുത്തെത്തിച്ച് അന്വേഷിക്കുക. കൂടെ അവരില്പെട്ട ''കിതാബ് തിരിയുന്ന'' ശിർക്കൻ പ്രബോധകരുടെ പിന്നിൽ നിന്ന് നമസ്കരിക്കാതെ, അവരുമായുള്ള ഇസ്‌ലാമിക സാഹോദര്യം മുറിക്കുകയും ചെയ്യുക. വളരെ ലളിതമാണ് കാര്യം. ഇതും സങ്കീർണമായി തെറ്റിദ്ധരിച്ചിരിക്കുകയാണ് പലരും.

ഇനി അന്യായമായി ഒരു സാധാരണക്കാരനായ, ജാഹിലായ മുവഹ്ഹിദ് ഒരു ഖുബൂരിയെ കാഫിറെന്ന് പേരെടുത്ത് തന്നെ വിളിച്ചു എന്ന് സങ്കല്പിക്കുക. അയാൾ കാഫിറല്ലാത്ത, ജഹ്‌ലിന്റെയോ ഇക്റാഹിന്റെയോ ഉദ്റുള്ള ഒരു ഖുബൂരിയായിരുന്നു എന്നും വെക്കുക. എന്നാൽ കാഫിറെന്നു അയാളെ ആക്ഷേപിച്ച മുവഹ്ഹിദ് കാഫിറാകുമോ?

ഇല്ല ഇല്ല ഇല്ല!!!

അങ്ങനെ ആകും എന്നാണ് പുതിയ ജിന്നു ദർസിന്റെ സൂചന! അങ്ങനെ ചില സാധുക്കളായ സാധാരണക്കാർ ആവേശം കയറി തക്ഫീർ നടത്തിയതുകൊണ്ടു കിട്ടിയ ശിക്ഷയാണ്, ജിന്നിനെ വിളിക്കുക വഴി അവരിപ്പോൾ ശിർക്കു ചെയ്യുന്നതെന്ന്!! നഊദു ബില്ലാഹ്

# ശത്രുക്കളെ അടിക്കാൻ വേണ്ടി ഹബീബായ റസൂലിന്റെ ഹദീസിനെ ദുർവ്യാഖ്യാനിക്കാമോ?

ആരെങ്കിലും തന്റെ സഹോദരനെ കാഫിറെന്നു വിളിച്ചാൽ, വിളിക്കപ്പെട്ടവൻ കാഫിറല്ലെങ്കിൽ വിളിച്ചവൻ കാഫിറാകുമെന്ന ഹദീസിന്റെ യഥാർത്ഥ വിശദീകരണം, അഹ്‌ലുൽ ഹദീഥിന്റെ ഉലമാക്കളിൽ നിന്ന് പഠിച്ചോളൂ:

1. ഇസ്‌ലാമിക നാഗരികതയുടെ അഭിമാനമായിരുന്ന ഖുർതുബയിലെ മഹാപണ്ഡിതനായ അബൂ ഉമർ ഇബ്നു അബ്ദിൽ ബർറ് റഹിമഹുല്ലാഹ് പറയുന്നത് നോക്കൂ

قَالَ أَبُو عُمَرَ بَاءَ بِهَا أَيِ احْتَمَلَ وِزْرَهَا وَمَعْنَاهُ أَنَّ الْكَافِرَ إِذْا قِيلَ لَهُ يَا كَافِرُ فَهُوَ حَامِلٌ وِزْرَ كُفْرِهِ وَلَا حَرَجَ عَلَى قَائِلِ ذَلِكَ لَهُ وَكَذَلِكَ الْقَوْلُ لِلْفَاسِقِ يَا فَاسِقُ وَإِذَا قِيلَ لِلْمُؤْمِنِ يَا كَافِرُ فَقَدْ بَاءَ قَائِلُ ذَلِكَ بِوِزْرِ الْكَلِمَةِ وَاحْتَمَلَ إِثْمًا مُبِينًا وَبُهْتَانًا عَظِيمًا إِلَّا أَنَّهُ لَا يَكْفُرُ بِذَلِكَ لِأَنَّ الْكُفْرَ لَا يَكُونُ إِلَّا بِتَرْكِ مَا يَكُونُ بِهِ الْإِيمَانُ وَفَائِدَةُ هَذَا الْحَدِيثِ النَّهْيُ عَنْ تَكْفِيرِ الْمُؤْمِنِ وَتَفْسِيقِهِ قَالَ اللَّهُ عَزَّ وَجَلَّ (وَلَا تَنَابَزُوا بِالْأَلْقَبِ بِئْسَ الْإِسْمُ الْفُسُوقُ بَعْدَ الْإِيمن)[19]

(അത് (തക്ഫീർ) അവനിലേക്ക് മടങ്ങിയിരിക്കുന്നു എന്നു പറഞ്ഞാൽ അതിന്റെ പാപം അവൻ ഏൽക്കേണ്ടി വരും എന്നാണർത്ഥം. കാരണം, ഒരാൾ ഒരു കാഫിറിനോട്, എടോ കാഫിറേ എന്നു പറഞ്ഞാൽ ആ വിളിക്കപ്പെട്ടവൻ ആദ്യമേ കുഫ്റിന്റെ പാപം വഹിക്കുന്നതു കൊണ്ട് വിളിച്ചവനു കുറ്റമില്ല. അതു പോലെ തന്നെയാണ് ഫാസിഖിനെ എടോ ഫാസിഖേ എന്നു വിളിക്കുന്നതും. എന്നാൽ, ഒരു മുഅ്മിനിനെ കാഫിറേ എന്നു വിളിച്ചാൽ ആ വാക്കിന്റെ കുറ്റം അവൻ ഏറ്റെടുക്കേണ്ടി വരും. കാരണം, അവൻ വലിയ ആക്ഷേപമാണ് പറഞ്ഞിരിക്കുന്നത്. പക്ഷേ അവൻ അതു കൊണ്ട് കാഫിറാകുകയില്ല. കാരണം, കാഫിറാകുക എന്നത് ഈമാനിന്റെ അടിസ്ഥാനങ്ങൾ ഉപേക്ഷിക്കുന്നതിലൂടെയേ സംഭവിക്കുകയുള്ളൂ. ഈ ഹദീസിന്റെ ഫാഇദ എന്നു പറയുന്നത്, ഒരു വിശ്വാസിയെ കാഫിറാക്കുകയോ ഫാസിഖാക്കുകയോ ചെയ്യുന്നതിൽ നിന്നുള്ള വിലക്കാകുന്നു. അല്ലാഹു പറഞ്ഞു ''നിങ്ങൾ പരസ്പരം ചീത്തപ്പേരുകൾ വിളിക്കരുത്. വിശ്വാസിയായതിനു ശേഷം പിന്നെ ഫാസിഖ് എന്നുള്ളത് എത്ര മോശം പേര്!")

2.ഈ ഹദീസിന്റെ ആശയം വിശദീകരിച്ചു കൊണ്ട് ഇമാമു അഹ്‌ലിസ്സുന്ന ഇമാം അഹ്മദ് റഹിമഹുല്ലാഹ് പറഞ്ഞത്, ഇമാം ഇബ്നു റജബ് അൽ ഹൻബലീ റഹിമഹുല്ലാഹ് ഉദ്ധരിക്കുന്നത് ഇങ്ങനെയാണ്.

وَنَقَلَ إِسمَاعِيل الشَّالَنجِي عَن أَحمَد – وَذَكَرَ لَه قَولَ ابنِ عَبَّاسٍ المَتَقَدِّمِ وَسَأَلَه: مَا هَذَا الْكُفرُ؟ – قَالَ أَحمَد: هُوَ كُفرٌ لَا يَنقُلُ عَنِ الملةِ مِثلَ الإيمَانِ بَعضُه دُون بَعضٍ، فَكَذَلِكَ الكُفرُ حَتَّى يَجِيءَ مِن ذَلِكَ أمرٌ لَا يُختَلَفُ فِيهِ[20]

(ഇസ്മാഈൽ അശ്ശാലൻജീ رحمه الله അഹ്മദിൽ നിന്നുദ്ധരിച്ചിരിക്കുന്നു. അദ്ദേഹം ഇബ്നു അബ്ബാസിന്റെ നേരത്തെ പറഞ്ഞ വാക്കുദ്ധരിച്ച ശേഷം ചോദിക്കപ്പെട്ടു എന്താണീ പറഞ്ഞ കുഫ്റ്?

അദ്ദേഹം പറഞ്ഞു : അതു മില്ലത്തിൽ നിന്ന് പുറത്താക്കാത്ത വിധത്തിലുള്ള കുഫ്റാണ്. ഈമാൻ ചെറുതും വലുതുമുള്ളതു പോലെ തന്നെ കുഫ്റും പല വിധത്തിലുണ്ട്. തർക്കമില്ലാത്ത വിധത്തിലുള്ള ഒരു കുഫ്ർ ചെയ്യുന്നത് വരെ.)

[19] الإستذكار إبن عبد البر القرطبي 8\549 طبعة دار الكتب العلمية – بيروت في 9 أجزاء

[20] نقلا من فتح الباري لإبن رجب رحمه الله 1\139 طبعة مكتبة الغرباء الأثرية بالمدينة النبوية في تسعة أجزاء

3.ഈ കാലഘട്ടത്തിലെ മുഹദ്ദിഥായ മദീനയിലെ മഹാ പണ്ഡിതൻ അബ്ദുൽ മുഹ്സിൻ ബിൻ ഹമദ് അൽ അബ്ബാദ് അൽ ബദ്ര് ഹഫിദഹുല്ലാഹ് പറയുന്നു:

الَّذِي يَبْدُو أَنَّ هَذَا إِنَّمَا هُوَ زَجْرٌ، وَهُوَ مِثْلَ قَولِ الرَّسُولِ صَلَّى اللهُ عَلَيْهِ وَسَلَّمَ: (مَنْ قَالَ لِأَخِيهِ: يَا كَافِرُ فَإِنْ كَانَ كَذَلِكَ وَإِلَّا حَارَ عَلَيْهِ) فَالَّذِي قَالَهَا لَا يَكُونُ كافراً بِمُجَرَّدِ أَنَّهُ قَالَهَا لِإِنْسَانٍ غَيْرِ كَافِرٍ، وَإِنَّمَا الْمَعْنَى: أَنَّهُ يَعُودُ عَلَيْهِ مَغَبَّةُ ذَلِكَ وَإِثْمُهُ.[21]

(ബാഹ്യമായി മനസ്സിലാകുന്നത് ഇത് ഒരു താക്കീതിന്റെ പദമാണെന്നാണ്. ആരെങ്കിലും തന്റെ സഹോദരനോട് യാ കാഫിർ എന്ന് പറഞ്ഞാൽ ഒന്നുകിൽ അയാൾ കാഫിറായിരിക്കും. അല്ലെങ്കിൽ ആ വാക്ക പറഞ്ഞവനിലേക്ക തിരിച്ചു വരും എന്ന പ്രവാചക വചനം പോലെയാണിതും. ആ വാക്ക പറഞ്ഞവൻ കാഫിറല്ലാത്ത ഒരാളോട് അതു പറഞ്ഞു എന്നതു കൊണ്ട് മാത്രം അയാൾ കാഫിറാവുകയില്ല. മറിച്ച് അതിന്റെ അർത്ഥം, ആ വാക്ക പറഞ്ഞതിന്റെ ഗുരുതരമായ പാപം അയാൾക്ക് കിട്ടും എന്ന മാത്രം.)

സുബ്ഹാനല്ലാഹ്! തൗഹീദിലേക്ക് ദഅ്വത്ത് നടത്തുന്നതിന്റെ പേരിൽ, ഹിസ്ബിയ്യത്തും അനേകമനേകം കുറവുകളുമുണ്ടെങ്കിൽ കൂടി മുസ്‌ലിംകളായ ഒരു വിഭാഗത്തെ അല്ലാഹു ശിർക്കിലേക്ക കൊണ്ടു പോകുകയോ?!

അല്ലാഹുവിന്റെ പേരിൽ എന്തു വലിയ ഒരു ആരോപണമാണീ പറഞ്ഞിരിക്കുന്നത്?

لَّقَدْ جِئْتُمْ شَيْـًٔا إِدًّا ﴿٨٩﴾ تَكَادُ ٱلسَّمَـٰوَٰتُ يَتَفَطَّرْنَ مِنْهُ وَتَنشَقُّ ٱلْأَرْضُ وَتَخِرُّ ٱلْجِبَالُ هَدًّا ﴿٩٠﴾

سورة المريم

എന്തു കൊണ്ട് ഖുബൂരികൾക്ക് മറുപടിയായി ഒരു ദർസെടുക്കുന്നില്ല എന്ന് നമ്മുടെ ബഹുമാന്യനായ ഒരു സഹോദരൻ ചോദിച്ചപ്പോൾ അതിനിവിടെ വേറെ ആളുകളുണ്ടെന്ന് പറഞ്ഞ് തൗഹീദീ പ്രബോധനം കെ എന്നെമ്മിലെ സഹോദരങ്ങൾക്ക് പതിച്ചു കൊടുത്ത അതേ വ്യക്തിയാണ് അവർ കേവലം ശിർക്കാരോപകരും ഇപ്പോൾ ശിർക്കൻ പ്രബോധകരുമാണെന്ന് പറയുന്നത്!!

ഇക്കൂട്ടർ (സക്കരിയ്യാ സ്വലാഹിയും കൂട്ടരും) പരസ്യമായി ജിന്നിനോടു സഹായം ചോദിക്കൽ ശിർക്കിലേക്കുള്ള വസീലയാണെന്നൊക്കെ പറയുമെങ്കിലും അവരുടെ നിയന്ത്രണത്തിലുള്ള ഗൂഢ കേന്ദ്രങ്ങളിൽ അവർ ഹലാലായ വിഷയങ്ങളിൽ ജിന്നിനോട് ചോദിക്കാം എന്നു പറയുന്നുണ്ട് എന്നാണ് ബഹുമാന്യനായ സുബൈർ മൗലവി ഈ ദർസിൽ പറഞ്ഞിരിക്കുന്നത്. ഇതിനെ മലയാളത്തിൽ എന്താണ് വിളിക്കേണ്ടതെന്ന് എനിക്കറിയില്ല!!!

عَنِ ابْنِ عَبَّاسٍ، أَنَّ رَسُولَ اللَّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ، قَالَ: «لَوْ يُعْطَى النَّاسُ بِدَعْوَاهُمْ، ادَّعَى نَاسٌ دِمَاءَ رِجَالٍ وَأَمْوَالَهُمْ، وَلَكِنِ الْيَمِينُ عَلَى الْمُدَّعَى عَلَيْهِ»[22]

[21] شرح سنن أبي داود 17\208

[22] سنن ابن ماجه صححه الألباني رحمه الله

(ജനങ്ങൾക്ക് അവരുടെ അവകാശവാദങ്ങളൊക്കെ വക വെച്ചു കൊടുത്തിരുന്നെങ്കിൽ അവർ മറ്റുള്ളവരുടെ രക്തവും സമ്പത്തും അവകാശപ്പെടുമായിരുന്നു! എന്നാൽ അവകാശം പറയുന്നവൻ തെളിവ് ഹാജരാക്കേണ്ടതുണ്ട്) എത്ര സത്യമാണീ ഹദീഥ്!

ആരാണ് ഖുബൂരികളുടെ തലവന്മാരെ കാഫിറാക്കിയത്?

ഇബ്നു ബാസ് റഹിമഹുല്ലാഹ് മലബാരിയായ നമ്മുടെ സഹോദരൻ[23], അശ്ശൈഖ് ഉമർ ബിൻ അഹ്മദ് മലബാരി എന്ന് ബഹുമാനത്തോടെ വിളിച്ചിട്ടുള്ള, ഉമർ മൗലവിയാണോ? അദ്ദേഹത്തിന് എന്തൊക്കെ തെറ്റുകൾ പറ്റിയിരിക്കാമെങ്കിലും അദ്ദേഹമല്ലേ കേരളത്തിലെ ഖുബൂരികളെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു കൊണ്ട് കത്തെഴുതിയ ധീരനായ പ്രബോധകൻ? കേരളത്തിലെ കുഫ്റിന്റെ പ്രബോധകരെ ഏറ്റവുമധികം ശക്തമായി വിമർശിച്ച അദ്ദേഹമായിരുന്നില്ലേ ഈ കണക്കിൽ ജിന്നിനെ വിളിക്കുക വഴി ശിർക്കിൽ പെടാൻ ഏറ്റവും യോഗ്യൻ?

എന്തക്രമമാണീ പറയുന്നത്? ബഹുമാന്യരായ സലഫീ സഹോദരങ്ങളേ ഈവക നിലവാരം കുറഞ്ഞ തഹാമുൽ (പുറത്തു കയറി നിരങ്ങൽ) മെയിലയച്ചു രസിക്കാൻ നിങ്ങൾക്കെങ്ങനെ ധൈര്യം വരുന്നു?

പച്ച ഖുബൂരികളുടെ പിന്നിൽ നിന്ന് നമസ്കരിക്കുന്ന കാര്യം ചോദിച്ചാൽ തണുത്തുറഞ്ഞ വറളിന്റെ ആൾരൂപമായിക്കൊണ്ട് ഒഴിഞ്ഞു മാറുന്ന നിങ്ങളിതാ, സാധുക്കളായ മുസ്‌ലിം പൊതുജനങ്ങളെ വ്യംഗ്യമായി കാഫിറാക്കുന്നു!

കവി പറഞ്ഞതെത്ര സത്യം!

أَسَدٌ عَلَيَّ وَفِي الحُرُوبِ نَعَامَةٌ ... فَتْخَاءُ تَنْفِرُ مِنْ صَفِيرِ الصَّافِرِ
هَلَّا كَرَرْتَ عَلَى غَزَالَةَ فِي الْوَغَى ... بَلْ كَانَ قَلْبُكَ فِي جَوَانِحِ طَائِرِ

(എന്റെ നേർക്ക് വരുമ്പോൾ വീറുള്ള സിംഹം എന്നാൽ യുദ്ധക്കളത്തിലോ, ഒരു ചെറിയ ചൂളം വിളി കേട്ടാൽ പേടിച്ചോടുന്ന ഒട്ടകപ്പക്ഷിയും. ധൈര്യമുണ്ടായിരുന്നെങ്കിൽ യുദ്ധക്കളത്തിലെ മാനിനെ പിടിക്കാമായിരുന്നു. പക്ഷെ നിന്റെ മനസ്സെപ്പോഴും പക്ഷികളുടെ ചിറകിലായിപ്പോയി!)

# കിബാറിലേക്ക് മടങ്ങുക!

വളരെ നല്ല ആശയം. മതപരമായ ആശയക്കുഴപ്പങ്ങൾ പരിഹരിക്കാൻ ചെറിയ ചെറിയ പണ്ഡിതന്മാരെ വിട്ട് വലിയ പണ്ഡിതന്മാരിലേക്ക് മടങ്ങുക. പക്ഷേ, നമ്മുടെ ഹവക്ക് യോജിച്ച ഫത്‌വ കിട്ടുമെന്നുറപ്പുള്ള പണ്ഡിതനെ നോക്കി മടങ്ങിയാലോ? അവനാണു സ്വാഹിബു ഹവാ!

സഹോദരന്മാരേ ഇപ്പോൾ കാണുന്ന ഈ കിബാർ ജ്വരം ഒരിക്കലും സത്യസന്ധമല്ല. സാധാരണ ഒരു മനുഷ്യൻ ഫോൺ ചെയ്താൽ കിട്ടുന്ന 'പരിധിക്ക് പുറത്താണ്' ഈ പറയുന്ന കിബാറൊക്കെ എന്ന് നന്നായി അറിയാം. താൻ പറയുന്ന മുടന്തൻ വാദം 'വിളിച്ചാൽ കിട്ടുന്ന' ഏതൊരു ആലിം കേട്ടാലും തള്ളിക്കളയും എന്നും ബോധ്യമുണ്ട്!

അതു കൊണ്ടാണ് കിബാർ കിബാർ എന്ന് ഉരുവിടുന്നത്.

മറിച്ച് ഇത് ആത്മാർത്ഥമായിരുന്നെങ്കിൽ

---

[23] مجموع فتاوى ابن باز (5/ 17)

1. കിബാറുൽ ഉലമാ തനിക്കു തന്ന പ്രശ്നപരിഹാരത്തിന്റെ ഒരു ഓഡിയോ ഫയൽ അല്ലെങ്കിൽ ഒരു കടലാസു കഷണം ഹാജരാക്കാമായിരുന്നു.
2. കിബാറുൽ ഉലമാ ശിർക്കാണെന്നു പറഞ്ഞ ഒരു കാര്യം ശിർക്കല്ലെന്ന് ഫത്‌വ കൊടുത്ത സ്വിഗാറുൽ ഉലമയായ, ശൈഖ് സുലൈമാനുറുഹയ്‌ലി, മുഹമ്മദ് ബാസമൂൽ, സാലിഹ് അസ്സുഹൈമീ, തുടങ്ങിയ അസംഖ്യം പേർക്ക് കിബാറിന്റെ വിധി അറിയിച്ച് കൊടുത്ത് അവരെ തൗഹീദിന്റെ അതിരു കാക്കുന്ന വിഷയത്തിൽ ബോധവൽക്കരിക്കാമായിരുന്നു.
3. കേരളത്തിലെ ഖുബൂരികളുടെ പിന്നിൽ നമസ്കരിക്കാമോ എന്ന് കിബാറിനോട് ചോദിക്കാമോ?

സഹോദരന്മാരെ, ഇത് കിബാറിനോടുള്ള സ്നേഹമല്ല, എന്ന് ആവർത്തിച്ചു പറയട്ടെ. മറിച്ച് ഔലിയാക്കന്മാരോടുള്ള സ്നേഹത്തിന്റെ പേരിൽ സ്വന്തം കാര്യം നേടുന്ന പുരോഹിതന്മാരുടെ പരിപാടി പുതിയ കുപ്പിയിൽ ! ഖലാസ്!!

# ഖബ്റാരാധകരെ വെള്ള പൂശാൻ ''അഹ്‌ലുൽ ഖിബ്‌ല''!!

കേരളത്തിലെ ഖബ്ർപൂജകരെ നന്നാക്കാൻ കൊണ്ടു വന്ന മറ്റൊരു തട്ടിപ്പാണ് അഹ്‌ലുൽ ഖിബ്‌ല എന്ന പ്രയോഗം. മുസ്‌ലിംകൾ എന്ന അർത്ഥത്തിൽ ചില ഹദീഥുകളിൽ വന്നിട്ടുള്ള വാക്കാണ് അഹ്‌ലുൽ ഖിബ്‌ല എന്നത്. നമ്മുടെ ഖിബ്‌ലക്കാർ എന്നാണ് അർത്ഥം. സ്വന്തമായി അബദ്ധം പറയാതെ തന്നെ കേൾക്കുന്നവന്റെ മനസ്സിൽ അബദ്ധങ്ങൾ തോന്നിപ്പിക്കാൻ ചിലർക്ക് പ്രത്യേക കഴിവായിരിക്കും. അഹ്‌ലുൽ ഖിബ്‌ല എന്ന പ്രയോഗം അത്തരത്തിൽ ഒന്നാണ്. സംഗതി ഹദീഥിൽ വന്നിട്ടുള്ള പദമാണ്, പക്ഷെ കേൾക്കുന്നവന്റെ മനസ്സിൽ എന്തർത്ഥമാണ് ഓടി വരിക?

അഹ്‌ലുൽ ഖിബ്‌ല എന്നു പറഞ്ഞാൽ പടിഞ്ഞാറേക്ക് തിരിഞ്ഞു നമസ്കരിക്കുന്നവർ! അവർ ആരാധിക്കുന്നത്, അല്ലാഹുവിനെയായാലും ഓമാനൂർ ശുഹദാക്കളെയായാലും, സലഫികളായാലും സുന്നത്തിനെ പരിഹസിക്കുന്ന ബുദ്ധി വാദികളായാലും ഒക്കെ പടിഞ്ഞാട്ടു തിരിയുന്നവരാണല്ലോ!!

ഇതിനെയാണ് തൽബീസ് എന്ന് അറബിയിൽ വിളിക്കുന്നത്. അഥവാ തെറ്റിദ്ധരിപ്പിക്കൽ. കദിബ് –അഥവാ കളവിന്റെ– അനിയനായിട്ടു വരും ഈ തൽബീസ് എന്നു പറയുന്ന കക്ഷി. ഹവയുടെയും ബിദ്അത്തിന്റെയും ആളുകൾ ഈ കലയിൽ വലിയ കേമൻമാരായിരിക്കും. സുന്നത്തുകാർക്ക് തീരെ പരിചയമില്ലാത്തതാണ് ഈ പരിപാടി. ഖിബ്‌ലക്കാരെല്ലാം നമ്മുടെ സഹോദരൻമാരാണെന്ന വാദം പുതിയതൊന്നുമല്ല. പക്ഷെ ഉലമാക്കൾ തള്ളിക്കളഞ്ഞ ഒരു അബദ്ധവാദം മാത്രമാകുന്നു അത്. ഇന്ത്യക്കാരനായ മുഹദ്ദിഥ്, മുഹമ്മദ് അൻവർ ഷാഹ് കശ്മീരി റഹിമഹുല്ലാഹ് പറയുന്നത് നോക്കൂ:

فَمَنْ أَنْكَرَ شَيْئاً مِنَ الضَّرُورِيَّاتِ كَحُدُوثِ الْعَالَمِ وَحَشْرِ الْأَجْسَادِ، وَعِلْمِ اللهِ سُبْحَانَهُ بِالْجُزْئِيَّاتِ، وَفَرْضِيَّةِ الصَّلَاةِ وَالصَّومِ لَمْ يَكُنْ مِنْ أَهْلِ الْقِبْلَةِ، وَلَوْ كَانَ مُجَاهِداً بِالطَّاعَاتِ، وَكَذَلِكَ مَنْ بَاشَرَ شَيْئاً مِنْ إِمَارَاتِ التَّكْذِيبِ كَسُجُودِ الصَّنَمِ وَالْإِهَانَةُ بِأَمْرٍ شَرَعِيٍّ وَالْإِسْتِهْزَاءُ عَلَيْهِ، فَلَيْسَ مِنْ أَهْلِ الْقِبْلَةِ، وَمَعْنَى: "عَدَمُ تَكْفِيرِ أَهْلِ الْقِبْلَةِ أَنْ لَا

يُكَفَّرَ بِارْتِكَابِ الْمَعَاصِي، وَلَا بِإِنْكَارِ الْأُمُورِ الْخَفِيَّةِ غَيْرِ الْمَشْهُورَةِ. هَذَا مَا حَقَّقَهُ الْمُحَقِّقُونَ فَاحْفَظْهُ.[24]

(ആരാണോ ദീനിൽ നിർബന്ധമായും അറിയപ്പെട്ട അടിസ്ഥാന കാര്യങ്ങളിൽ പെട്ട – ലോകം സൃഷ്ടിക്കപ്പെട്ടതാണ്, അല്ലാഹു ശരീരങ്ങളെ പുനരുജ്ജീവിപ്പിക്കും, ചെറുതും വലുതുമായ സകല കാര്യങ്ങളും അല്ലാഹു അറിയുന്നു, നമസ്കാരവും നോമ്പും നിർബന്ധമാണ് തുടങ്ങിയ എന്തെങ്കിലും ഒന്ന് നിഷേധിക്കുന്നത്, അവൻ എത്ര ആരാധനാനിമഗ്നനായിരുന്നാലും ശരി, ഖിബ്‌ലക്കാരിൽ പെട്ടവനല്ല. അതു പ്രകാരം തന്നെ, നിഷേധത്തിന്റെ ലക്ഷണങ്ങളിൽ പെട്ട, വിഗ്രഹത്തിനു സുജൂദ് ചെയ്യുക, മതചിഹ്നങ്ങളെ അനാദരിക്കുകയും പരിഹസിക്കുകയും ചെയ്യുക തുടങ്ങിയ വല്ലതും ചെയ്യുന്നവനും അഹ്‌ലുൽ ഖിബ്‌ലയിൽ പെട്ടവനല്ല. ''അഹ്‌ലുൽ ഖിബ്‌ലയെ കാഫിറാക്കുന്നില്ല'' എന്നു പറയുന്നതിന്റെ അർത്ഥം പാപങ്ങളുടെ പേരിലോ അല്ലെങ്കിൽ അവ്യക്തമായ വിഷയങ്ങൾ നിഷേധിക്കുന്നതിന്റെ പേരിലോ കാഫിറാക്കുന്നില്ല എന്നാണ്. ഇതാണ് മുഹഖ്ഖിഖീങ്ങളായ പണ്ഡിതന്മാർ എത്തിച്ചേർന്ന വിധി. ഇത് നീ മന:പാഠമാക്കിക്കൊള്ളുക)

അല്ലാഹു അല്ലാത്തവരെ വിളിച്ചു പ്രാർത്ഥിക്കൽ ശിർക്കാണെന്ന കാര്യം ദീനിൽ അറിയപ്പെട്ട കാര്യമാണോ അല്ലേ? ചിന്തിച്ചു നോക്കുക. അറബ് ജ്യോതിഷമെന്നു ബോർഡു വെച്ചും വെക്കാതെയും സിഹ്റിന്റെ കച്ചവടം നടത്തൽ, അതിന്റെ ഭാഗമായി ഖുർആനിനെ അപമാനിച്ചു കൊണ്ടു പിശാചിനെ പൂജിക്കൽ, ഇതൊക്കെ ദീനിൽ അറിയപ്പെട്ട കാര്യമാണോ അല്ലേ? തങ്ങളുടെ ദൈവങ്ങളായ ഭ്രാന്തൻ ഔലിയാക്കന്മാർക്ക് നമസ്കാരം നിർബന്ധമല്ലെന്ന് വിശ്വസിക്കുന്നവർ കേരളത്തിലുണ്ടോ ഇല്ലേ?

മാന്യവായനക്കാർ ചിന്തിക്കുക.

ഇരുന്നൂറിനടുത്ത് പേജുകളുള്ള ഈ കിതാബിന്റെ പ്രധാന പരാമർശം സമുദായത്തിന്റെ ലേബലിൽ നടക്കുന്ന നിഷേധികളെക്കുറിച്ചാണ്! നമ്മുടെ രാജ്യക്കാരനായ ഈ പണ്ഡിതന്റെ ഖബ്ർ അല്ലാഹു വെളിച്ചമാക്കിക്കൊടുക്കുകയും അദ്ദേഹത്തിന് ഒരു പിൻഗാമിയെ വെച്ച് ഇന്ത്യക്കാരെ അനുഗ്രഹിക്കുകയും ചെയ്യുമാറാകട്ടെ! അദ്ദേഹത്തിനും നമുക്കുമെല്ലാം അല്ലാഹു പൊറുത്തു തരുമാറാകട്ടെ

ഖബറിനു മുകളിൽ വിഗ്രഹങ്ങളുണ്ടാക്കി വെച്ച് സമുദായത്തെക്കൊണ്ട് വിഗ്രഹാരാധന ചെയ്യിച്ച് വരുമാനമുണ്ടാക്കുന്ന മുശ്‌രിക്കുകൾ ഖിബ്‌ലയിലേക്ക് തിരിഞ്ഞു ആയിരം റക്അത്ത് നമസ്കരിച്ചാലും എത്ര കാലം ഇഅ്തികാഫിരുന്നാലും അവർ മുസ്‌ലിംകളാവുകയില്ല! അവരെ മുസ്‌ലിംകളാക്കാൻ മനസ്സുറക്കാത്തതു കൊണ്ടു അഹ്‌ലുൽ ഖിബ്‌ലയെന്ന് വിളിച്ചു തലോടുന്നത് മുസ്‌ലിംകളുടെ അടിസ്ഥാനഗുണങ്ങളിൽ പെട്ട അൽ വലാഉ വൽ ബറാഉനു യോജിക്കുന്നതല്ല. യഥാർത്ഥത്തിൽ ഇത്തരം ഖബ്ർ പൂജകരെ അഹ്‌ലുൽ ഖിബ്‌ലയെന്നല്ല അഹ്‌ലുൽ ഖുബ്ബയെന്നാണ് വിളിക്കേണ്ടത്!

ഇത്തരം ഖുബ്ബക്കാരൊട് ബറാഅത്ത് പുലർത്താനാണ് സലഫികൾ ശ്രദ്ധിക്കേണ്ടത്, അവരിൽ പെട്ട ''ഉറച്ച'' ഖുബൂരിയോടു സാധാരണക്കാരായ സലഫികൾ സംസാരിക്കാൻ തന്നെ നിൽക്കരുത്. അവരിലെ ''പൊതുജനത്തെ'' സദുപദേശം നൽകി ഇസ്‌ലാമിക വിശ്വാസത്തിലേക്ക് ദഅ്വത്ത് നടത്തുകയും വേണം. എന്നാൽ അവരിൽ പെട്ട പ്രബോധകരെ കാണുമ്പോൾ അഹ്‌ലുൽ ഖിബ്‌ലയെന്ന് കരുതി ചിരിക്കാനും കൈകൊടുക്കാനും പറ്റുമെങ്കിൽ അവന്റെ പിന്നിൽ നിന്ന് നമസ്കരിച്ച് ഇസ്‌ലാമിക സാഹോദര്യം കാണിക്കാനുമല്ല നോക്കേണ്ടത്. കുഷ്ഠരോഗിയെക്കണ്ടതു പോലെ ഓടണം.

കേരളാ ഖുബൂരികൾ ആത്മീയ നേതാവായി കാണുന്ന ''സൗദി'' പൗരനായ മാലിക്കിയെ ഷൈഖുൽ ഇസ്‌ലാം മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബിന്റെ പേരക്കുട്ടിയായ ഷൈഖ് അബ്ദുല്ലാഹ് ബിൻ ഹസൻ റഹിമഹുല്ലാഹ് നേരിട്ട് കണ്ടപ്പോൾ ചെരിപ്പൂരി അടിക്കുകയാണ് ചെയ്തത്![25]

[24] إكفار الملحدين في ضروريات الدِّين صـ17

[25] المجموع في ترجمة العلامة المحدث الشيخ حماد بن محمد الأنصاري (رحمه الله) الجزء الأول صـ394

33:

# ഖുബൂരികളെ ന്യായീകരിക്കുന്നവർ സൂക്ഷിക്കുക!

ആത്മവഞ്ചകരും പരദ്രോഹികളുമായിട്ടുള്ള അക്രമികൾക്ക് വേണ്ടി വാദിക്കുന്നത് ഖുർആൻ വിലക്കിയിട്ടുള്ള മ്ലേച്ഛ ഗുണമാകുന്നു.

ഇമാം തിർമിദി അദ്ദേഹത്തിന്റെ സുനനിൽ ഉദ്ധരിക്കുകയും അല്ലാമാ അൽബാനി റഹിമഹുല്ലാഹ് ഹസൻ എന്നു വിധിക്കുകയും ചെയ്തിട്ടുള്ള ഒരു സംഭവം നിങ്ങളുടെ അറിവിലേക്കായി ചുരുക്കിയെഴുതാം. നബി صلى الله عليه وسلمയുടെ കാലത്തുണ്ടായിരുന്ന ഒരു കുടുംബമാണ് ബനൂ ഉബൈരീഖ്. അവരിൽ പെട്ട മൂന്ന് സഹോദരങ്ങളാണ്, ബിശ്റും ബുശൈറും മുബശ്ശിറും. അവരിൽ പെട്ട ബുശൈർ സഹാബത്തിനെ തെറി പറഞ്ഞു കവിതയെഴുതുന്ന ഒരു മുനാഫിഖായിരുന്നു. അവർ ഒരു ദരിദ്രകുടുംബവുമായിരുന്നു. അങ്ങനെയിരിക്കെ, ഒരിക്കൽ ഹദീഥിന്റെ നിവേദകനായ സ്വഹാബിയായ ഖതാദയുടെ പിതൃവ്യന്റെ വീട്ടിൽ നിന്ന് ഭക്ഷണവും ആയുധവും ഈ സഹോദരന്മാർ മോഷ്ടിച്ചു. ഖതാദയാകട്ടെ ഇവരെ പറ്റി പ്രവാചകരോടു പരാതിയും പറഞ്ഞു. ഇവർ നബി صلى الله عليه وسلم യുടെ അടുത്ത് വന്ന് ഖതാദ മാന്യന്മാരായ തങ്ങളെപ്പറ്റി തെളിവില്ലാതെ ആരോപണം പറയുന്നു എന്നും പരാതി പറഞ്ഞു. ഇതു കേട്ട പ്രവാചകർ ഖതാദയോട്, നീ മാന്യന്മാരും ഇസ്ലാമിൽ മുൻകടന്നവരുമായ കുടുംബത്തെ സംബന്ധിച്ച് ആക്ഷേപം പറയുകയാണോ എന്ന് ചോദിച്ചു. ദു:ഖത്തോടെ മടങ്ങിയ ഖതാദയോട് പിതൃവ്യൻ പറഞ്ഞു :അല്ലാഹുൽ മുസ്തആൻ, നമുക്ക് സഹായിയായി അല്ലാഹു മതി. അങ്ങനെയിരിക്കെ ഇറങ്ങിയ ആയത്താണ് ഇത്:

إِنَّآ أَنزَلۡنَآ إِلَيۡكَ ٱلۡكِتَٰبَ بِٱلۡحَقِّ لِتَحۡكُمَ بَيۡنَ ٱلنَّاسِ بِمَآ أَرَىٰكَ ٱللَّهُۚ وَلَا تَكُن لِّلۡخَآئِنِينَ خَصِيمٗا ﴿١٠٥﴾ [26]

(സത്യവുമായി നിന്നിലേക്ക് നാം വേദഗ്രന്ഥം ഇറക്കിയിരിക്കുന്നു; ജനങ്ങൾക്കിടയിൽ അല്ലാഹു കാണിക്കുന്നതനുസരിച്ച് നീ വിധിക്കാൻ വേണ്ടി. അതിനാൽ നീ വഞ്ചകർക്ക് വേണ്ടി വാദിക്കുന്നവനാകരുത്.)

കേവലം ഒരു മോഷണക്കേസിലെ പ്രതിക്കുവേണ്ടി വാദിക്കുന്നത് ഇത്ര ഗൗരവത്തിലാണ് അല്ലാഹു തആലാ വിലക്കുന്നതെങ്കിൽ അല്ലാഹുവിന്റെ ഏകത്വത്തെ ചോദ്യം ചെയ്യുന്ന നികൃഷ്ടന്മാർക്ക് ഒഴികഴിവുകൾ കണ്ടെത്തുന്നതും അവരോട് നാം വിനയം കാണിക്കണം എന്നു പറയുന്നതും എന്തു വലിയ പാതകമാണ്.

എത്ര വലിയ തെറ്റുകാരാണെങ്കിലും ദഅ്‌വത്തിന്റെ സമയത്ത് വിനയത്തോടെയും താഴ്മയോടെയും വേണ്ടേ പെരുമാറാൻ എന്നു ചോദിക്കുന്നതിൽ കഴമ്പില്ല. ശിർക്കിലേക്ക് ദഅ്‌വത്ത് നടത്തുന്ന അസംഖ്യം പുരോഹിതന്മാരുണ്ട് കേരളത്തിൽ. അവരെ ദഅ്‌വത്ത് നടത്താൻ മാത്രം യോഗ്യന്മാരായ പണ്ഡിതന്മാർ ഇല്ല താനും. പിന്നെ ആര് ആരോടാണ് വിനയം കാണിക്കേണ്ടത്? അവരിലെ താർക്കികന്മാരും ഉറച്ച ഖുറാഫികളുമല്ലാത്ത സാധാരണക്കാരെയാണ് ഉദ്ദേശമെങ്കിൽ അതു പ്രത്യേകം പറയണം.

കാഫിറാക്കിക്കളയുന്ന വലിയ ബിദ്അത്തുകൾ –ബിദഉൻ മുകഫ്ഫിറ– ചെയ്യുന്ന പിഴച്ച ആളുകളോട് ബറാഅത്ത് കാണിക്കാതെ അവരുടെ ദലാലത്തുകൾക്ക് ഉദ്റുകൾ പരതുന്നതും അവരോടു നിരുപാധികം വിനയം കാണിക്കാൻ ആവശ്യപ്പെടുന്നതും, അൽ വലാഉ വൽ ബറാഉന്റെ വേലി പൊളിക്കാനുള്ള നീക്കമാകും.

ഇത് സൗദി അറേബ്യയിലെ ഗ്രാന്റ് മുഫ്തിയും മഹാപണ്ഡിതനുമായിരുന്ന, അൽ അല്ലാമ അശൈഖ് ഇബ്നു ബാസ് റഹിമഹുല്ലായുടെ ഫത്‌വയാണ്. മനസ്സിരുത്തി വായിക്കുക.

[26] سورة النساء 105

## 34:

س: يَقُولُ السَّائِلُ: هَلِ الصَّلَاةُ صَحِيحَةٌ خَلْفَ مَنْ يَقُولُ بِعُذْرِ عُبَّادِ الْقُبُورِ؟ فَإِنَّنِي وَكَثِيرٌ مِنْ إِخْوَانِي لَا نُصَلِّي خَلْفَهُمْ لِعَدَمِ تَكْفِيرِهِمْ الْقُبُورِيِّينَ، وَإِذَا صَلَّيْتَ خَلْفَهُمْ ارْتَبْتَ فِي صَلَاتِي، وَصَلَّيْتَهَا مِنْ جَدِيدٍ ؟

ج: لَا يُصَلَّى خَلْفَ الْقُبُورِيِّينَ الَّذِينَ بَيْنَ الْمُسْلِمِينَ، لَا يُصَلَّى خَلْفَهُمْ؛ لِأَنَّ الصَّلَاةَ لَا تَصِحُّ خَلْفَ الْمُشْرِكِ، فَالَّذِي يَعْبُدُ الْقُبُورَ لَا يُصَلَّى خَلْفَهُ؛ كَعُبَّادِ الْحُسَينِ وَعُبَّادِ الْبَدَوِيِّ وَعُبَّادِ أَمْثَالِهِمْ، وَعُبَّادِ الشَّيْخِ عَبْدِ الْقَادِرِ الْجِيلَانِي، وَعُبَّادِ الْأَصْنَامِ وَغَيْرِ هَذَا، كُلُّ مَنْ كَانَ يَعْبُدُ غَيْرَ الله يَدْعُوهُ أَوْ يَسْتَغِيثُ بِهِ، أَوْ يَطُوفُ أَوْ يَسْأَلُهُ قَضَاءَ الْحَاجَةِ أَوْ يُصَلِّي لَهُ أَوْ يَذْبَحُ لَهُ، أَوْ مَا أَشْبَهَ ذَلِكَ هَؤُلَاءِ لَا يُصَلَّى خَلْفَهُمْ؛ لِأَنَّ ظَاهِرَهُمْ الْكُفْرُ، فَلَا يُصَلَّى خَلْفَهُمْ، وَهَكَذَا مَنْ يَدْعُو إِلَى ذَلِكَ وَيُجِيزُ ذَلِكَ وَيُحَبِّذُهُ لَا يُصَلَّى خَلْفَهُ، وَإِذَا صَلَّى خَلْفَ الْقُبُورِيِّ يُعِيدُ صَلَاتَهُ [27].

(ഖുബൂരികളെ ന്യായീകരിക്കുന്നവന്റെ പിന്നിൽ നിന്ന് നമസ്കരിച്ചാൽ നമസ്കാരം ശരിയാകുമോ? കാരണം, ഞാനും എന്റെ അനേകം സുഹൃത്തുക്കളും അവർ ഖുബൂരികളെ കാഫിറാക്കാത്തതിന്റെ പേരിൽ അവരുടെ പിന്നിൽ നമസ്കരിക്കാറില്ല. അഥവാ അങ്ങനെയൊരുത്തന്റെ പിന്നിൽ നമസ്കരിച്ചാൽ എനിക്ക് സംശയം ബാധിക്കുകയും ഞാൻ വീണ്ടും മടക്കി നമസ്കരിക്കുകയും ചെയ്യുകയാണ് പതിവ്.

ഉത്തരം : മുസ്ലിംകൾക്കിടയിൽ ജീവിക്കുന്ന ഖുബൂരികളുടെ പിന്നിൽ നമസ്കരിക്കാൻ പാടില്ല. കാരണം, മുശ്രിക്കിന്റെ പിന്നിൽ നമസ്കരിക്കാൻ പാടില്ല. ഖബ്റിനെ ആരാധിക്കുന്നവന്റെ പിന്നിൽ നമസ്കരിച്ചു കൂടാ. ഹുസൈൻ, ബദവി, ശൈഖ് അബ്ദുൽ ഖാദിർ ജീലാനീ, തുടങ്ങിയവരെ ആരാധിക്കുന്നവരുടെയും വിഗ്രഹാരാധകരുടെയും അല്ലാഹു അല്ലാത്തവരോട് ഇസ്തിഗാഥ നടത്തുന്നവരുടെയുമൊന്നും പിറകിൽ നമസ്കരിച്ചുകൂടാ. ഇവരുടെയൊക്കെ ബാഹ്യമായ അവസ്ഥ കുഫ്റാണ്. അതുപോലെ തന്നെ അതിലേക്ക് ക്ഷണിക്കുകയും അത് അനുവദിക്കുകയും സ്വാഗതം ചെയ്യുകയും ചെയ്യുന്നവരുടെയും അവസ്ഥ. ആരാണോ ഖുബൂരിയുടെ പിന്നിൽ നമസ്കരിച്ചത്, അത് അവൻ മടക്കി നമസ്കരിച്ചു കൊള്ളട്ടെ.)

---

[27] സൗദി റേഡിയോയിൽ വന്ന നൂറുൻ അലദ്ദർബ് പ്രോഗ്രാം കേസറ്റ് നമ്പർ 152, ചോദ്യം നമ്പർ 19

# 35:

# ജിന്നിനെ വിളിക്കുന്നതിനെ ആരെങ്കിലും അനുവദനീയമാക്കുന്നുണ്ടോ?

അൽ വസിയ്യ എന്ന പേരിൽ അവസാനമെടുത്ത ദർസിൽ മൗലവി, പറഞ്ഞത് :



എന്നായിരുന്നു.

ഈ പറഞ്ഞത് സത്യമാണോ നുണയാണോ എന്നത് ഈ ആരോപണത്തിലെ പ്രതികൾ (സകരിയ്യാ സ്വലാഹിയും കൂടെയുള്ളവരും) അന്വേഷിക്കുക. സത്യമാണെങ്കിൽ അവർ തെറ്റു തിരുത്തുക. എന്നാൽ, സുബൈർ മൗലവി അദ്ദേഹത്തിന്റെ സ്വന്തം ഉസൂലുകൾ കാറ്റിൽ പറത്തിക്കൊണ്ടാണ് ഈ ആരോപണമുന്നയിച്ചത് എന്ന് പറയാതിരിക്കാൻ വയ്യ. അതാണ് സലഫികൾ ഗൗരവമായി കാണേണ്ടത്. കാരണം മുബ്തദിഉകളുടെ മറ്റൊരു ലക്ഷണമാണ് ഈ ആരോപണത്തിലൂടെ –അതു ശരിയാണെങ്കിലും തെറ്റാണെങ്കിലും– പുറത്തു വന്നിരിക്കുന്നത്.

ഹിമായത്തുൽ മുസ്തഫാ രണ്ടാം ദർസിന്റെ അവസാനത്തെ രണ്ടു മിനുട്ട് ഒന്ന് കേൾക്കുക. അതിൽ പറയുന്നത് ഇങ്ങനെയാണ്:

ഞാൻ കോഴിക്കോട് മുജാഹിദ് സമ്മേളനത്തിനു പോയതായി ഒരു പ്രചാരണമുണ്ട്. (കോഴിക്കോട് അബ്ദുറഹ്മാൻ സലഫി എന്ന ബിദ്അത്തുകാരൻ നടത്തിയ എട്ടാം മുജാഹിദ് സമ്മേളനമാണ് ഉദ്ദേശം!) ഞാൻ പോയി എന്നത് നേരാണ്. എന്നാൽ ഒരു സാധാരണക്കാരെനെ പോലെ സമ്മേളനം കേൾക്കാനല്ല ഞാൻ പോയത്. മറിച്ച് പല ഉലമാക്കളും കെ എന്നെമ്മിനെപറ്റിയുള്ള പുതിയ വിവരങ്ങൾ എന്നോട് ചോദിക്കുന്നുണ്ട്. മുജാഹിദുകളെ കുറച്ചു കൂടി കാര്യക്ഷമമായി വിമർശിക്കാൻ ചില പണ്ഡിതന്മാർ ആവശ്യപ്പെടുന്നുണ്ട്. അതിന് അവരുടെ വാദങ്ങൾ അവരുടെ ഔദ്യോഗിക വേദിയിൽ നിന്നു തന്നെ അറിയണമല്ലോ! അല്ലാതെ അവരുടെ ഏതെങ്കിലും പ്രസംഗകൻ പറഞ്ഞത് അയാളുടെ വ്യക്തിപരമായ അഭിപ്രായമായിരിക്കുമെന്ന് വിചാരിക്കുകയല്ലാതെ പ്രസ്ഥാനത്തിന്റെ തലയിൽ കെട്ടി വെക്കുന്നത് ശരിയല്ലല്ലോ!

മാ ശാ അല്ലാഹ് ! എന്തൊരു നീതി ബോധം! എന്തൊരു ആഭിജാത്യം! എന്തൊരു ഹൃദയ ശുദ്ധി! എന്തൊരു നിഷ്പക്ഷത! എന്തൊരു ആത്മ നിയന്ത്രണം! എന്തൊരു വറഅ്! എന്തൊരു മാന്യത! ഈ മാതൃകാപരമായ പ്രതിപക്ഷ ബഹുമാനത്തിന്റെ അഗാധമായ മൂലഹേതുക്കളെയും ദൂരവ്യാപകമായ സദ്ഫലങ്ങളെയും വർണിക്കാൻ സാധിക്കാതെ ഈ സാധുവിന്റെ തൂലിക വറ്റി വരണ്ടു പോകുന്നു!

എന്നാൽ സലഫികളെ അലട്ടുന്ന സംശയം അതല്ല. ഈ പറഞ്ഞ അതിസൂക്ഷ്മത സകരിയ്യാ സ്വലാഹിയുടെ മേൽ ജിന്നുവിളിയാരോപിക്കുമ്പോൾ എവിടെപ്പോയി?

“ഇവരെ നിയന്ത്രിക്കുന്ന കേന്ദ്രങ്ങളിൽ ജിന്നിനോട് ഹലാലായ വിഷയങ്ങളിൽ ചോദിക്കുന്നത് ജാഇസാണെന്നാണ് പലരും പറയുന്നത്”, എന്നാണ് പറഞ്ഞത്. ഒരൊറ്റ സെന്റൻസിൽ മൂന്ന് മുബ്ഹമിനെയാണ് ഒളിപ്പിച്ചു വെച്ചിരിക്കുന്നത്!

ആരാണ് ഈ ഇവർ?

ഏതൊക്കെയാണ് ഈ കേന്ദ്രങ്ങൾ?

ആരൊക്കെയാണ് ഈ പലർ?

ജിന്നു വിവാദവും ചില ലളിത സത്യങ്ങളും

അങ്ങനെ വല്ലവരും അനുവദിക്കുന്നുണ്ടെങ്കിൽ അതിനു ന്യായമായും മറുപടി വേണം. പക്ഷെ, അഹ്ലുസ്സുന്നത്തിന്റെ അടിസ്ഥാന ഗുണമായ മാന്യതയുടെ ഭാഗമായി ഈ ഇബ്ഹാമിന്റെ കെട്ടു പൊട്ടിച്ച് ആളുടെ പേരും വീട്ടു പേരും അടക്കം പറഞ്ഞാലെന്താണ് തരക്കേടാവോ.

ഇതാണ് കഴിവെന്നു പറയുന്നത്, തുപ്പിക്കാണിക്കുക എന്ന് ഒരു നാടൻ പഴഞ്ചൊല്ലുണ്ട്! പക്ഷെ അല്ലാഹു മുഅ്മിനീങ്ങൾക്ക് കൊടുക്കുന്ന കഴിവല്ല ഇത്.

അല്ലാഹുവേ ഇത്തരം കഴിവുകളിൽ നിന്ന് ഞങ്ങളുടെ ഹൃദയങ്ങളെ നീ കാത്തു കൊള്ളേണമേ. തൽബീസിന്റെ വിഷയത്തിൽ ഞങ്ങളെ ജാഹിലുകളാക്കേണമേ!

തീർന്നോ? ഇല്ല. ഔദ്യോഗിക വിഭാഗം മുജാഹിദുകൾക്ക് അകമഴിഞ്ഞു നൽകിയ പ്രതിപക്ഷബഹുമാനം അവരുടെ ശഖീഖുമാരായ ഇക്കൂട്ടർക്ക് നൽകാത്തതെന്തേ? സമ്മേളനത്തിനു പോയി അവരുടെ ബിദ്അത്തുകളുടെ കണക്കെടുത്തവർ അതിനെപറ്റി ഉലമാക്കൾക്ക് കൊടുക്കാൻ ഒരു രിസാല അറബിയിലെഴുതിയുമില്ല!

എന്നാൽ മറ്റവരുടെ ഏതോ ആളുകളെ നിയന്ത്രിക്കുന്ന ഏതോ കേന്ദ്രങ്ങളിലെ ആരോ അനുവദനീയമാക്കിയ ജിന്നുവിളിയെപ്പറ്റി ആവേശപൂർവം രിസാല രചിച്ച് ശൈഖ് റബീഉമായി ചർച്ച നടത്തി അഹ്മദ് ബാസമൂലിനു പരാതി കൊടുത്ത്, അദ്ദേഹത്തിന്റെ ഉത്തരം പ്രചരിപ്പിച്ചു...... എന്തേ, അബ്ദുറഹ്മാൻ സലഫിയുടെ കൂട്ടാളികളായ അഖ്ലാനികളുടെ അടുത്തുള്ള കുഫ്രിയ്യത്തു കണ്ടിട്ട് മനസ്സിൽ ഒരിളക്കവുമില്ലേ?? എന്തു പറ്റി?

ഞാൻ പറഞ്ഞില്ലേ കൂട്ടരേ, ഒരു കൂട്ടർക്ക് നേരെ ഹദ്ദാദികൾ തോറ്റു പോകുന്ന ആക്രമണോത്സുകത. മറ്റൊരു വിഭാഗത്തിനു നേരെ മുമയ്യിഊങ്ങൾ നാണിച്ചു പോകുന്ന വിധം ഉദാരത! ഇങ്ങനെ ഒരു വ്യത്യാസം അഹ്ലുസ്സുന്നത്ത് കാണിക്കുമോ? അങ്ങനെ കാണിക്കുന്നവർ അഹ്ലുസ്സുന്നത്താണോ? ചിന്തിക്കുക! ഒരാളോടും ഇരട്ടത്താപ്പ് കാണിക്കാതെ മാന്യമായി ദഅ്വത്തു നടത്തിയ പ്രവാചക സുന്നത്തിനു നിരക്കുന്നതല്ല, ഈ കൃത്രിമം.

ഇതിനെയാണ് അളവിലും തൂക്കത്തിലും കൃത്രിമം കാണിക്കൽ എന്നു പറയുന്നത്. പരലോക വിശ്വാസമില്ലാത്ത ആളുകളുടെ ഒരു ലക്ഷണമാണല്ലോ അത്.

وَيۡلٞ لِّلۡمُطَفِّفِينَ ١ ٱلَّذِينَ إِذَا ٱكۡتَالُواْ عَلَى ٱلنَّاسِ يَسۡتَوۡفُونَ ٢ وَإِذَا كَالُوهُمۡ أَو وَّزَنُوهُمۡ يُخۡسِرُونَ ٣ أَلَا يَظُنُّ أُوْلَٰٓئِكَ أَنَّهُم مَّبۡعُوثُونَ ٤ لِيَوۡمٍ عَظِيمٖ ٥ يَوۡمَ يَقُومُ ٱلنَّاسُ لِرَبِّ ٱلۡعَٰلَمِينَ ٦ [28]

(അളവിലും തൂക്കത്തിലും കൃത്രിമം കാണിക്കുന്നവർക്ക് നാശം. അതായത്, ജനങ്ങളിൽ നിന്ന് തങ്ങൾക്ക് കിട്ടാനുള്ളത് അളന്നു വാങ്ങുമ്പോൾ തൂക്കം തികച്ച് വാങ്ങുകയും അവർക്ക് അങ്ങോട്ട് കൊടുക്കുമ്പോൾ കുറച്ചു കൊടുക്കുകയും ചെയ്യുന്നവർക്ക്. മഹത്തായ ഒരു ദിവസത്തേക്ക് വേണ്ടി ഉയർത്തെഴുന്നേൽക്കാൻ പോകുന്നവരാണ് തങ്ങൾ എന്ന് അവർ വിചാരിക്കുന്നില്ലേ?)

കൂടുതൽ വഴിപിഴച്ച അഖ്ലാനികളോട് ഉദാരതയും അവരേക്കാൾ സുന്നത്തിനോട് അടുപ്പമുള്ളവരോട് കൂടുതൽ വിദ്വേഷവും കാണിക്കുന്നത് ഹദ്ദാദികളുടെ ഒരു ഗുണം കൂടിയാണ്. അല്ലാഹു കാത്തു രക്ഷിക്കട്ടെ!

സക്കരിയ്യാ സ്വലാഹിയുടെ വിഭാഗത്തേക്കാൾ സുന്നത്തിനോടടുത്ത സലഫികളെ ഖണ്ഡിക്കുന്ന ഈ ലേഖനവും അത്തരത്തിലൊന്നല്ലേ എന്ന് ചിലർക്കെങ്കിലും തോന്നാൻ സാധ്യതയുള്ളത് കൊണ്ട് അഡ്വാൻസായി മറുപടിയിരിക്കട്ടെ.

[28] سورة المطففين 1–6

1. ഇത് സലഫികൾക്കുള്ള ഒരു മറുപടിയല്ല, സലഫീ അഖീദയെ അഖ്ലാനികൾക്ക് ഏണിയാക്കിക്കൊടുക്കുന്നത് ആരായാലും അവർക്കു മാത്രമുള്ള മറുപടിയാണ്.

2. സലഫിയ്യത്ത് എന്നത്, ആജീവനാന്ത അംഗത്വം കൊടുക്കുന്ന ഒരു പ്രസ്ഥാനമല്ല. അത് സർട്ടിഫിക്കറ്റുകൾ കൊണ്ടല്ല, പ്രവർത്തി കൊണ്ടാണ് തെളിയിക്കേണ്ടത്.

3. സംഘടനാ പ്രവർത്തനം, വാദപ്രതിവാദങ്ങൾ, തുടങ്ങിയ പുത്തനാചാരങ്ങളെക്കാൾ ഒട്ടും പിന്നിലല്ല, ഖബറാരാധകരെ പ്രതിരോധിക്കലും ശിർക്കല്ലാത്ത ഒരു കാര്യത്തെ ശിർക്കാക്കലും.

4. കേരളത്തിലെ ഹിസ്ബികൾക്ക് തങ്ങളുടെ വാദങ്ങൾ തെറ്റാണെന്ന് ബോധമുള്ളതിനേക്കാൾ എത്രയോ ഇരട്ടി ബോധത്തോടെയാണ് ജിന്ന വിവാദത്തിലെ ദുർവ്യാഖ്യാനകക്ഷി വാദിക്കുന്നതെന്നാണ് സാഹചര്യത്തെളിവുകൾ സൂചിപ്പിക്കുന്നത്.

5. സലഫീ ഉലമാക്കളിൽ ആരും പറയാത്ത വാദമാണ് ഉലമാക്കളുടെ മേൽ കെട്ടി വെക്കുന്നത്.

6.പല ഉലമാക്കളും ശിർക്ക് അനുവദിക്കുകയോ ശിർക്കിനെ ശിർക്കല്ലാതാക്കുകയോ ചെയ്തു എന്നു വരുത്തിത്തീർക്കുന്നത്, മുജാഹിദുകൾ ചെയ്യുന്ന ഏത് അത്യാചാരത്തെയും തോല്പിക്കുന്ന ഹീനതയാകുന്നു.

7. അതുകൊണ്ടു തന്നെ തൗഹീദുൽ ഉലൂഹിയ്യത്തിനെ സംബന്ധിച്ച് വിവരക്കേട് പ്രചരിപ്പിക്കുന്ന നിരുപാധിക ശിർക്കുവാദികൾ സംഘടനാപക്ഷപാതികളേക്കാൾ ഒട്ടും മെച്ചമല്ല. അത്തരക്കാർ വിമർശനാതീതത്വത്തിന്റെ കൊത്തുപണി ചെയ്യുന്നതിനു മുമ്പ് തങ്ങളുടെ സലഫിയ്യത്തിന്റെ സിംഹാസനത്തിനു ഇളക്കമുണ്ടോ എന്ന് നോക്കുക, ഉണ്ടെങ്കിൽ ഇളക്കം മാറ്റി ഉറപ്പിച്ചു നിർത്തുക. എന്നിട്ടു നമുക്ക് കൊത്തുപണിയും വർണാലങ്കാരവും നടത്താം.

എന്നാൽ തങ്ങളുടെ അഖീദയിൽ മണ്ണുവാരിയിട്ടിട്ടില്ലാത്ത സലഫികളെ സംബന്ധിച്ചിടത്തോളം ഈ ലേഖനം അവരെ യാതൊരു നിലക്കും ബാധിക്കുന്നില്ല. അൽഹംദു ലില്ലാഹ്.

# സലഫിയ്യത്തിലേക്ക് മടങ്ങുവിൻ സഹോദരങ്ങളേ

കേരളത്തിൽ, സലഫികൾ എന്ന് അവകാശപ്പെടുന്ന അനേകം പേരുണ്ട്. അവർ പല തരക്കാരാണ്. സലഫിയ്യത്ത് എന്നത് തങ്ങളുടെ ഗ്രൂപ്പിന്റെ ഒരു പര്യായപദം എന്നു മാത്രം മനസ്സിലാക്കുന്നവരാണ് അതിൽ കുറേപ്പേർ. എന്നാൽ, സാങ്കേതിക വിസ്ഫോടനത്തിനും പുതിയ വിവാദങ്ങൾക്കുമിടയിൽ തങ്ങൾ പോകുന്ന വഴിയല്ല സലഫുകളുടെ മാർഗം എന്ന് അനേകം ചെറുപ്പക്കാർക്ക് മനസ്സിലായിട്ടുണ്ട്. അവർക്കു പക്ഷേ ശരിയായ വഴിയെന്താണെന്ന് പിടികിട്ടിയിട്ടില്ല. അതിൽ പ്രധാന പങ്ക് സൗദി അറേബ്യയിലും മറ്റും ഇസ്ലാമിക യൂണിവേഴ്സിറ്റികളിൽ പഠിച്ചു വന്ന ബിരുദ (വിരുത!) ധാരികൾക്കാണെന്നത് കയ്പുള്ള ഒരു സത്യമാണ്. അവർ ഇത്രയും കാലം ഇവിടെ, യുക്തിവാദവും ഖുർആൻ ശാസ്ത്ര പഠനവും നടത്തുന്നവർക്ക് തെളിവുണ്ടാക്കിക്കൊടുക്കുകയായിരുന്നു. ഇപ്പോൾ സാധാരണക്കാരായ മുജാഹിദുകൾ നമുക്ക് റൂട്ടുമാറ്റണമെന്ന് നിർബന്ധിച്ചപ്പോൾ അവർ പഴയ ''കിതാബുകൾ'' പൊടിതട്ടിയെടുത്തു എന്നു മാത്രം. മുന്നിൽ നിന്ന് നയിക്കേണ്ടിയിരുന്നവർ കേവലം, പിന്നാലെ കൂടികളായി എന്നു ചുരുക്കം. അതു കൊണ്ടു തന്നെ ജനങ്ങൾക്ക് അവരിൽ വിശ്വാസം നഷ്ടപ്പെട്ടിരിക്കുകയാണ്.

എന്നാൽ പൊതുജനങ്ങൾക്ക് അവരല്ലാതെ വേറെ പരിഹാരവുമില്ല. അതു കൊണ്ടു തന്നെ അവർ അങ്കലാപ്പിലാണ്. പല വിഷയങ്ങളിലും ''മദീനിമാർ'' ഇളക്കിവിട്ട സംശയത്തിന്റെ പൊടി പൂർണ്ണമായും അടങ്ങിയിട്ടുമില്ല. ''എല്ലാം കേട്ട് സത്യം പിൻപറ്റുക'' , ''ഖുർആൻ ശാസ്ത്ര പഠനം, മതതാരതമ്യം പോലുള്ള പുത്തൻ പരിപാടികൾ നിരുപാധികം കൈയ്യാളുക'' തുടങ്ങിയവ ഉദാഹരണങ്ങൾ മാത്രം.പല കാരണങ്ങളുടെ പേരിൽ ഇവരെ പുറത്താക്കിയതിന്റെ പേരിൽ ഹദീഥ് നിഷേധമെന്നു പരിതപിക്കുമ്പോളും തങ്ങൾ ഇളക്കിവിട്ട മേൽ പറഞ്ഞ ആശയക്കുഴപ്പങ്ങൾക്ക് മാപ്പു പറയാൻ

ഇത്തരക്കാർ തയ്യാറാകുമോ? സർവമത സത്യവാദം പ്രചരിപ്പിക്കുന്ന റഹീം കുറ്റ്യാടി എന്ന മഖ്‌ലൂഖിന്റെ നിഷേധഗ്രന്ഥത്തിലുമുണ്ട് ഇന്ന് ഹദീഥ് നിഷേധത്തിൽ പരിതപിക്കുന്ന മാന്യദേഹങ്ങളുടെ ആമുഖമെന്ന് അറിയാമോ? അധികം പഴക്കമുള്ളതല്ല, ''ദൈവത്തെ തേടി'' എന്ന ഈ ക്ഷുദ്ര കൃതി. 2011 ലാണ് അവസാനപതിപ്പ് പുറത്തിറങ്ങിയത്. അതിലുമുണ്ട് മൂന്നുതരം മുജാഹിദുകളുടെയും ആമുഖങ്ങൾ!!

സലഫിയ്യത്ത് ആർക്കും മനസ്സിലാകാത്ത നിഗൂഢ പദ്ധതിയൊന്നുമല്ല. ഖുർആനും സുന്നത്തും സലഫുസ്സാലിഹീങ്ങളുടെ രീതിയനുസരിച്ച് പിന്തുടരുക. വളരെ പെട്ടെന്ന് മനസ്സിലാകുന്ന സത്യം. അവകാശവാദം മാത്രം പോരാ എന്നു മാത്രം. ഇഖ്‌വാനികളുടെ പരിപാടികളായ ''തൊഴിലധിഷ്ഠിത'' വെക്കേഷൻ കാമ്പ്, ബാലവേദി, വയോജനക്ലാസ്സ്, തെരുവിൽ ദിവസവുമുള്ള പ്രഭാഷണങ്ങൾ, പത്രപരസ്യം മാത്രം ലക്ഷ്യം വെച്ചുള്ള സെമിനാർ, സിമ്പോസിയം, തുടങ്ങിയ അനാവശ്യങ്ങൾ ഒഴിവാക്കുക. സലഫുസ്സാലിഹിന്റെ മൻഹജനുസരിച്ച് ഖുർആനും സുന്നത്തും പഠിപ്പിക്കുന്ന, തഫ്‌സീറുകളും ഹദീഥ് ഗ്രന്ഥങ്ങളും പള്ളികളിൽ വായിച്ചു പഠിക്കുക. സലഫീ പണ്ഡിതന്മാരുമായി ബന്ധം സ്ഥാപിക്കുക. അല്ലാത്ത പക്ഷം കടിച്ച മാളങ്ങളിൽ നിന്ന് തന്നെ ഇനിയുമിനിയും പാമ്പുകടി ഏറ്റുകൊണ്ടേയിരിക്കും.

കേരളത്തിൽ സലഫിയ്യത്ത് പിൻപറ്റണമെന്ന് അഗ്രഹിച്ചിട്ടും പണ്ഡിതവേഷക്കാരാൽ വഴിതെറ്റിക്കപ്പെട്ട സഹോദരങ്ങൾക്ക് പിഴച്ചു പോയ വിഷയങ്ങൾ ഇപ്പോഴും ഒളിഞ്ഞു കിടക്കുക തന്നെയാണ്, ഉദാഹരണത്തിന് ഇതാ രണ്ട് സാമ്പിളുകൾ:

# 1. വാക്കുകൾ ശ്രദ്ധിച്ചു കേൾക്കുകയും നല്ലതു പിന്തുടരുകയും ചെയ്യുക!

സൂറത്തു സുമർ പതിനെട്ടാം ആയത്തിന്റെ വിശദീകരണത്തിൽ ഇമാം ഇമാദുദ്ദീൻ ഇബ്നു കഥീർ റഹിമഹുല്ലാഹ് പറഞ്ഞു

ثُمَّ قَالَ: {فَبَشِّرْ عِبَادِ الَّذِينَ يَسْتَمِعُونَ الْقَوْلَ فَيَتَّبِعُونَ أَحْسَنَهُ} أَيْ: يَفْهَمُونَهُ وَيَعْمَلُونَ بِمَا فِيهِ، كَقَوْلِهِ تَعَالَى لِمُوسَى حِينَ آتَاهُ التَّوْرَاةَ: {فَخُذْهَا بِقُوَّةٍ وَأْمُرْ قَوْمَكَ يَأْخُذُوا بِأَحْسَنِهَا} [الْأَعْرَافِ:145] .

(പിന്നീട് അല്ലാഹു പറഞ്ഞു فَبَشِّرْ عِبَادِ الَّذِينَ يَسْتَمِعُونَ الْقَوْلَ فَيَتَّبِعُونَ أَحْسَنَهُ (വാക്ക് ശ്രദ്ധിച്ചു കേൾക്കുകയും അതിൽ ഏറ്റവും നല്ലതിനെ പിന്തുടരുന്നവരുമായ എന്റെ അടിമകൾക്ക് സന്തോഷവാർത്ത അറിയിക്കുക). അഥവാ പ്രസ്തുത വാക്കു കേട്ടു മനസ്സിലാക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവർ. ഇതു മൂസാ عليه السلامന് തൗറാത്ത് നൽകിയപ്പോൾ, فَخُذْهَا بِقُوَّةٍ وَأْمُرْ قَوْمَكَ يَأْخُذُوا بِأَحْسَنِهَا (നീ അത് മുറുകെ പിടിക്കുകയും അതിലെ നല്ലതിനെ പിന്തുടരാൻ നിന്റെ സമൂഹത്തോട് കല്പിക്കുകയും ചെയ്യുക), എന്ന് പറഞ്ഞതു പോലെയാണ്.)

മുഹമ്മദ് അൽഅമീൻ അശ്ശൻഖീത്വീ റഹിമഹുല്ലാഹ് പറഞ്ഞു

أَظْهَرُ الْأَقْوَالِ فِي الْآيَةِ الْكَرِيمَةِ، أَنَّ الْمُرَادَ بِالْقَوْلِ، مَا جَاءَ بِهِ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ، مِنْ وَحْيِ الْكِتَابِ وَالسَّنَةِ، وَمِنْ إِطْلَاقِ الْقَوْلِ عَلَى الْقُرْآنِ قَوْلُهُ تَعَالَى: أَفَلَمْ يَدَّبَّرُوا الْقَوْلَ

(ഈ ആയത്തിനെപറ്റി പറയപ്പെട്ടിട്ടുള്ള അഭിപ്രായങ്ങളിൽ ഏറ്റവും ശരി, 'വാക്ക്' എന്നതുകൊണ്ടുദ്ദേശം നബി صلى الله عليه وسلمകൊണ്ടു വന്ന ഖുർആനും സുന്നത്തും ആകുന്നു എന്നതാണ്. 'വാക്ക്' എന്ന് ഖുർആനിനെ സംബന്ധിച്ച് പ്രയോഗിക്കുന്നതിന്റെ ഉദാഹരണമാണ്, أَفَلَمْ يَدَّبَّرُوا الْقَوْلَ : (അവർ ഈ വാക്കിനെ സംബന്ധിച്ച് ചിന്തിച്ചു നോക്കിയില്ലേ) എന്ന ആയത്ത്.)

ഇനി ഖുർആനും സുന്നത്തുമാണ് 'വാക്ക്' എന്നതുകൊണ്ടുദ്ദേശമെങ്കിൽ 'അതിൽ ഏറ്റവും നല്ലതിനെ പിന്തുടരുക' എന്നതിന്റെ ഉദ്ദേശമെന്താണ്? ഖുർആനിൽ തന്നെ ഏറ്റവും നല്ലതും അല്ലാത്തതുമുണ്ടോ എന്നൊരു സംശയം ന്യായമായും ഉന്നയിക്കപ്പെടാം. ഇതിന് ഇമാം ശൻഖീത്വീ റഹിമഹുല്ലാഹ് തന്നെ മറുപടി പറയുന്നത് നോക്കൂ.

وَأَمَّا كَوْنُ الْقُرْآنِ فِيهِ الْأَحْسَنُ وَالْحَسَنُ، فَقَدْ دَلَّتْ عَلَيْهِ آيَاتٌ مِنْ كِتَابِهِ.

وَاعْلَمْ أَوَّلًا أَنَّهُ لَا شَكَّ فِي أَنَّ الْوَاجِبَ أَحْسَنُ مِنَ الْمَنْدُوبِ، وَأَنَّ الْمَنْدُوبَ أَحْسَنُ مِنْ مُطْلَقِ الْحَسَنِ، فَإِذَا سَمِعُوا مَثَلًا قَوْلَهُ تَعَالَى: وَافْعَلُوا الْخَيْرَ لَعَلَّكُمْ تُفْلِحُونَ [22 \ 77] قَدَّمُوا فِعْلَ الْخَيْرِ الْوَاجِبِ، عَلَى فِعْلِ الْخَيْرِ الْمَنْدُوبِ، وَقَدَّمُوا هَذَا الْأَخِيرَ، عَلَى مُطْلَقِ الْحَسَنِ الَّذِي هُوَ الْجَائِزُ، وَلِذَا كَانَ الْجَزَاءُ بِخُصُوصِ الْأَحْسَنِ الَّذِي هُوَ الْوَاجِبُ وَالْمَنْدُوبُ، لَا عَلَى مُطْلَقِ الْحَسَنِ، كَمَا قَالَ تَعَالَى: وَلَنَجْزِيَنَّهُمْ أَجْرَهُمْ بِأَحْسَنِ مَا كَانُوا يَعْمَلُونَ [16 \ 97] وَقَالَ تَعَالَى وَيَجْزِيَهُمْ أَجْرَهُمْ بِأَحْسَنِ الَّذِي كَانُوا يَعْمَلُونَ [39 \ 35] كَمَا قَدَّمْنَا إِيضَاحَهُ فِي سُورَةِ النَّحْلِ، فِي الْكَلَامِ عَلَى قَوْلِهِ تَعَالَى: مَنْ عَمِلَ صَالِحًا مِنْ ذَكَرٍ أَوْ أُنْثَى وَهُوَ مُؤْمِنٌ فَلَنُحْيِيَنَّهُ حَيَاةً طَيِّبَةً وَلَنَجْزِيَنَّهُمْ أَجْرَهُمْ بِأَحْسَنِ مَا كَانُوا يَعْمَلُونَ [16 \ 97] ، وَبَيَّنَّا هُنَاكَ دَلَالَةَ الْآيَاتِ عَلَى أَنَّ الْمُبَاحَ حَسَنٌ، كَمَا قَالَ صَاحِبُ الْمَرَاقِي:

مَا رَبُّنَا لَمْ يَنْهَ عَنْهُ حَسَنُ وَغَيْرُهُ الْقَبِيحُ وَالْمُسْتَهْجَنُ

# 40:

وَمِنْ أَمْثِلَةِ التَّرْغِيبِ فِي الْأَخْذِ بِالْأَحْسَنِ وَأَفْضَلِيَّتِهِ مَعَ جَوَازِ الْأَخْذِ بِالْحَسَنِ قَوْلُهُ تَعَالَى: وَإِنْ عَاقَبْتُمْ فَعَاقِبُوا بِمِثْلِ مَا عُوقِبْتُمْ بِهِ وَلَئِنْ صَبَرْتُمْ لَهُوَ خَيْرٌ لِلصَّابِرِينَ [16 \ 126] فَالْأَمْرُ فِي قَوْلِهِ: فَعَاقِبُوا بِمِثْلِ مَا عُوقِبْتُمْ بِهِ لِلْجَوَازِ، وَاللَّهُ لَا يَأْمُرُ إِلَّا بِحَسَنٍ. فَدَلَّ ذَلِكَ عَلَى أَنَّ الِانْتِقَامَ حَسَنٌ، وَلَكِنَّ اللَّهَ بَيَّنَ أَنَّ الْعَفْوَ وَالصَّبْرَ، خَيْرٌ مِنْهُ وَأَحْسَنُ فِي قَوْلِهِ: وَلَئِنْ صَبَرْتُمْ لَهُوَ خَيْرٌ لِلصَّابِرِينَ وَأَمْثَالُ ذَلِكَ كَثِيرَةٌ فِي الْقُرْآنِ،

(എന്നാൽ ഇനി ഖുർആനിൽ തന്നെ 'ഏറ്റവും നല്ലതും' 'നല്ലതും' ഉണ്ട് എന്ന വിഷയമാണെങ്കിൽ, അത് അനേകം ആയത്തുകളാൽ തെളിയിക്കപ്പെട്ടതാണ്. ആദ്യമേ മനസ്സിലാക്കുക: നിർബന്ധകാര്യങ്ങൾ സുന്നത്തുകളേക്കാൾ നല്ലതും സുന്നത്തുകൾ പൊതുവിൽ നല്ലത് എന്ന് പറയാവുന്ന കാര്യങ്ങളേക്കാൾ നല്ലതുമാണ്. ഉദാഹരണമായി നല്ല ആളുകൾ, وَافْعَلُوا الْخَيْرَ لَعَلَّكُمْ تُفْلِحُونَ ('നിങ്ങൾ നൻമ ചെയ്യുവിൻ നിങ്ങൾ വിജയം വരിച്ചേക്കാം') തുടങ്ങിയ ആയത്തുകൾ കേട്ടാൽ നിർബന്ധമായ നല്ല കാര്യങ്ങൾ സുന്നത്തായ നല്ല കാര്യങ്ങളേക്കാളും സുന്നത്തായ നല്ല കാര്യങ്ങൾ അനുവദനീയമായ കാര്യങ്ങളേക്കാളും പ്രാധാന്യത്തോടെ ചെയ്യും. ഇതു കൊണ്ട്, ഫർദും സുന്നത്തുമടങ്ങുന്ന, 'ഏറ്റവും നല്ല കാര്യങ്ങൾ'ക്കാണ്, പ്രതിഫലം നൽകുന്നത്. അനുവദനീയ കാര്യങ്ങളായ 'സാധാരണ നല്ല കാര്യങ്ങൾ'ക്കല്ല. അല്ലാഹു പറഞ്ഞു

: وَلَنَجْزِيَنَّهُمْ أَجْرَهُمْ بِأَحْسَنِ مَا كَانُوا يَعْمَلُونَ

(അവർക്ക് നാം അവർ പ്രവർത്തിച്ചിരുന്നതിൽ വെച്ച് 'ഏറ്റവും നല്ലതിനുള്ള' പ്രതിഫലം നൽകും.) وَيَجْزِيَهُمْ أَجْرَهُمْ بِأَحْسَنِ الَّذِي كَانُوا يَعْمَلُونَ (അവർക്കുള്ള പ്രതിഫലം അവർ പ്രവർത്തിച്ചിരുന്നതിൽ വെച്ച് 'ഏറ്റവും നല്ലതിനുള്ള' രീതിയിൽ അവൻ നൽകും.) സൂറത്തുന്നഹ്ലിൽ

مَنْ عَمِلَ صَالِحًا مِنْ ذَكَرٍ أَوْ أُنْثَى وَهُوَ مُؤْمِنٌ فَلَنُحْيِيَنَّهُ حَيَاةً طَيِّبَةً وَلَنَجْزِيَنَّهُمْ أَجْرَهُمْ بِأَحْسَنِ مَا كَانُوا يَعْمَلُونَ (ആരാണോ വിശ്വാസിയായിക്കൊണ്ട് സൽക്കർമ്മങ്ങളനുഷ്ഠിക്കുന്നത്, അവർക്ക് നാം നല്ല ജീവിതവും അവർ പ്രവർത്തിച്ചിരുന്നതിൽ വെച്ച് ഏറ്റവും നല്ലതിനുള്ള പ്രതിഫലവും നൽകും) എന്ന ആയത്തിന്റെ വിശദീകരണത്തിൽ ഇക്കാര്യം വിവരിച്ചിട്ടുണ്ട്. അനുവദനീയമായ കാര്യങ്ങളെപ്പറ്റി 'നല്ലത്' എന്ന് പറയാം എന്ന് അവിടെ നാം വ്യക്തമാക്കിയിട്ടുണ്ട്.

മറാഖീ അസ്സുഊദിൽ പറഞ്ഞതു പോലെ,

مَا رَبُّنَا لَمْ يَنْهَ عَنْهُ حَسَنُ          وَغَيْرُهُ الْقَبِيحُ وَالْمُسْتَهْجَنُ

(നമ്മുടെ റബ്ബ് വിലക്കാത്തതെന്തോ അത് നല്ലതാണ്, മറ്റെല്ലാം ചീത്തയും.)

'നല്ലത്' പ്രവർത്തിക്കുന്നതിനെ അനുവദിക്കുന്നുണ്ടെങ്കിലും 'ഏറ്റവും നല്ലത്' ചെയ്യുന്നതിനെ പ്രോത്സാഹിപ്പിക്കുകയും അതാണ് കൂടുതൽ ശ്രേഷ്ഠമെന്ന് ഓർമിപ്പിക്കുകയും ചെയ്യുന്ന ആയത്തുകൾക്ക് ഒരു ഉദാഹരണമാണ്,

وَإِنْ عَاقَبْتُمْ فَعَاقِبُوا بِمِثْلِ مَا عُوقِبْتُمْ بِهِ وَلَئِنْ صَبَرْتُمْ لَهُوَ خَيْرٌ لِلصَّابِرِينَ

(നിങ്ങൾ ആക്രമിക്കുകയാണെങ്കിൽ നിങ്ങളെ ഇങ്ങോട്ടാക്രമിച്ച രീതിയിൽ ആക്രമിച്ചു കൊള്ളുക, ഇനി നിങ്ങൾ ക്ഷമിക്കുകയാണെങ്കിൽ അതാകുന്നു ക്ഷമിക്കുന്നവർക്ക് ഉത്തമം.) എന്ന ആയത്ത്. ഈ ആയത്തിൽ ആക്രമിക്കുവാനുള്ള കല്പനയുടെ അർഥം അതിനുള്ള അനുവാദം മാത്രമാകുന്നു. അല്ലാഹുവാകട്ടെ ഒരു 'നല്ലത്' അല്ലാതെ കല്പ്പിക്കുകയില്ല. അതിനാൽ, പ്രതികാരം ഒരു 'നല്ല' കാര്യം ആണെന്നു വ്യക്തമായി. എന്നാൽ ക്ഷമയും വിട്ടുവീഴ്ചയുമാണ് അതിനേക്കാൾ നല്ലത്. ഇത്തരം ഉദാഹരണങ്ങൾ ഖുർആനിൽ നിരവധിയുണ്ട്.)

ഇനി, ഈ ആയത്തിനെ അറിഞ്ഞോ അറിയാതെയോ ദുർവ്യാഖ്യാനിക്കുന്നതിന്റെ ഫലമെന്താണെന്ന് ആലോചിച്ചു നോക്കൂ, അവിശ്വാസികളും പുത്തൻവാദികളും എഴുതിവിടുന്ന എല്ലാം വായിക്കാം എന്നിട്ടു സത്യം കണ്ടെത്തുക, എന്ന വാദം. ഇതിന്റെ അടിസ്ഥാനത്തിൽ 'പരന്ന വായന' എന്ന് ഓമനപ്പേരിട്ടു കൊണ്ട് എത്ര സമയവും പണവും വെറുതെ കളയുന്നു? എന്നു മാത്രമല്ല, ഇതോടുകൂടി അഹ്ലുസ്സുന്നത്തിന്റെ ഒരു അടിസ്ഥാന തത്വത്തെ എതിർക്കുക വഴി ഈ ദുർവ്യാഖ്യാനക്കാരനും അവന്റെ കെണിയിൽ പെട്ടവനും 'അഹ്ലുസ്സുന്ന' 'സലഫിയ്യ' 'ഫിർഖതുൻ നാജിയ' എന്ന സ്വർഗാവകാശിയായ കക്ഷിയുടെ ഒരു അടിസ്ഥാന ഗുണത്തെയാണ് കൈവെടിയുന്നത്.

ഇമാം സ്വിദ്ദീഖ് ഹസൻ ഖാൻ അൽഖന്നൂജീ റഹിമഹുല്ലാഹ് പറഞ്ഞു

وَمِنَ السُّنَّةِ هَجْرَانُ أَهْلِ الْبِدَعِ، وَمُبَايَنَتُهُمْ، وَتَرْكُ الْجِدَالِ وَالْخُصُومَاتِ فِي الدِّينِ وَالسُّنَّةِ، وَكُلُّ مُحْدَثَةٍ فِي الدِّينِ بِدْعَةٌ، وَتَرْكُ النَّظَرِ فِي كُتُبِ الْمُبْتَدِعَةِ، وَالْإِصْغَاءِ إِلَى كَلَامِهِمْ، فِي أُصُولِ الدِّينِ وَفُرُوعِهِ،

(قطف الثمر في بيان عقيدة أهل الأثر144)

(ബിദ്അത്തുകാരെ അകറ്റി നിർത്തുക എന്നത് സുന്നത്തിൽപ്പെട്ടതാണ്, ദീനിലും സുന്നത്തിലും തർക്കവും സംവാദവും ഉപേക്ഷിക്കുക എന്നതും അങ്ങനെ തന്നെ. എല്ലാ പുത്തൻവാദവും ബിദ്അത്തു തന്നെ. അതുപോലെതന്നെ സുന്നത്തിൽ പെട്ടതാണ്, അടിസ്ഥാനപരമോ ശാഖാപരമോ ആയ ഒരു വിഷയത്തിലും ബിദ്അത്തുകാർക്ക് ചെവികൊടുക്കുകയോ അവരുടെ പുസ്തകങ്ങളിലേക്ക് തിരിഞ്ഞു നോക്കുകയോ ചെയ്യാതിരിക്കുക എന്നത്.)

ശൈഖ് മുഹമ്മദ് ബിൻ സാലിഹ് അൽഉഥൈമീൻ റഹിമഹുല്ലാഹ് പറഞ്ഞു

وَمِنْ هَجْرِ أَهْلِ الْبِدَعِ تَرْكُ النَّظَرِ فِي كُتُبِهِمْ خوفًا مِنَ الْفِتْنَةِ بِهَا أَوْ تَرْوِيجِهَا بَيْنَ النَّاسِ فَالِابْتِعَادُ عَنْ مَوَاطِنِ الضَّلَالِ وَاجِبٌ لِقَوْلِهِ -صَلَّى اللهُ عَلَيْهِ وَسَلَّمَ- فِي الدَّجَّالِ: "مَنْ سَمِعَ بِهِ فَلْيَنْأَ عَنْهُ فَوَاللهِ إِنَّ الرَّجُلَ لَيَأْتِيَهُ وَهُوَ يَحْسَبُ أَنَّهُ مُؤْمِنٌ فَيَتَّبِعُهُ مِمَّا يَبْعَثُ بِهِ مِنَ الشُّبُهَاتِ"

(تعليق مختصر على لمعة الإعتقاد الهادي إلى سبيل الرشاد160 )

(ബിദ്അത്തുകരെ വെടിയുക എന്നതിൽ പെട്ടതാണ്, അവരുടെ പുസ്തകങ്ങൾ, അവകൊണ്ട് ഫിത്നയുണ്ടാകുന്നതും അവ പ്രചാരം നേടുന്നതും ഭയപ്പെട്ടുകൊണ്ട് വായിക്കാതിരിക്കുക എന്നത്.

വഴികേടിന്റെ സാഹചര്യങ്ങളിൽ നിന്ന് വിട്ടുനിൽക്കൽ വാജിബാകുന്നു, കാരണം ദജ്ജാലിനെക്കുറിച്ച് നബി صلى الله عليه وسلمപറഞ്ഞു ആരെങ്കിലും അവനെക്കുറിച്ച് കേട്ടാൽ അവന്റെഅടുത്തു നിന്ന് അകന്ന് നിൽക്കട്ടെ, ചിലയാളുകൾ സ്വയം വിശ്വാസിയാണെന്ന് ധരിച്ചു കൊണ്ട് അവന്റെ അടുത്ത് ചെല്ലുകയും അവനുണ്ടാക്കുന്ന സംശയങ്ങളിൽ കുടുങ്ങി അവനെ പിന്തുടരുകയും ചെയ്യും.)

അഹ്ലുസ്സുന്നത്തിന്റെ ഈ അടിസ്ഥാന നിയമം അവഗണിച്ചതു കൊണ്ടുണ്ടായ ഫലമെന്തായിരുന്നു? ഖാദിയാനികളും ചേകന്നൂരികളും മറ്റും മറ്റുമായി എത്രയെത്ര മുസ്ലിംകളാണ് കുഫ്റിലേക്ക് പോയത്?

എല്ലാം കേട്ട് സത്യം കണ്ടെത്തുക എന്ന പിഴച്ച വാദത്തിന്റെയും അതിനു വേണ്ടിയുള്ള ഖുർആൻ ദുർവ്യാഖ്യാനത്തിന്റെയും അനന്തരഫലമായ ഈ മതനിരാസപ്രചാരത്തിന് ആരാണുത്തരവാദികൾ?

അല്ലാഹു കാത്തു രക്ഷിക്കട്ടെ!

ഈ അപകടകരമായ ദുഷിച്ച വാദത്തിന് പറയാറുള്ള ഒരു ന്യായം, ദഅ്വത്തിനും ഖണ്ഡനത്തിനും വേണ്ടിയാണ് നമ്മൾ അന്യമതക്കാരുടെയും പുത്തൻ വാദികളുടെയും പുസ്തകങ്ങൾ വായിക്കുന്നത് എന്നായിരിക്കും. എന്നാൽ അങ്ങനെ അനുവദനീയമായ പഠനത്തിന് ചില നിയമങ്ങളും നിബന്ധനകളുമൊക്കെയുണ്ട്. ഇമാം ദഹബീ റഹിമഹുല്ലാഹ് പറയുന്നത് നോക്കൂ

وَلاَ يُشْرَعُ لأَحَدٍ بَعْدَ نُزُوْلِ القُرْآنِ أَنْ يَقْرَأَ التَّوْرَاةَ، وَلاَ أَنْ يَحْفَظَهَا، لِكَوْنِهَا مُبَدَّلَةً، مُحَرَّفَةً، مَنْسُوْخَةَ العَمَلِ، قَدِ اخْتَلَطَ فِيْهَا الحَقُّ بِالبَاطِلِ، فَلْتُجْتَنَبْ. فَأَمَّا النَّظَرُ فِيْهَا لِلاعْتِبَارِ، وَلِلرَّدِّ عَلَى اليَهُوْدِ، فَلاَ بَأْسَ بِذَلِكَ لِلرَّجُلِ العَالِمِ قَلِيْلاً، وَالإِعْرَاضُ أَوْلَى (سير أعلام النبلاء الجزء الثالث صفحة 86 طبعة الرسالة)

(സത്യാസത്യങ്ങൾ കൂടിക്കുഴഞ്ഞതും മാറ്റത്തിരുത്തലുകൾക്ക് വിധേയമായ്തും നിമിത്തം തൗറാത്ത് വായിക്കുകയോ മന:പാഠമാക്കുകയോ ചെയ്യുക എന്നത്, ഖുർആൻ അവതരിച്ചതിനു ശേഷം ആർക്കും അനുവദനീയമല്ല. എന്നാൽ ഗുണപാഠമുൾക്കൊള്ളാനും, ജൂതൻമാർക്ക് മറുപടി നൽകാനും വേണ്ടിയാണെങ്കിൽ പണ്ഡിതൻമാർക്ക്, കുറഞ്ഞ അളവിൽ അത് അനുവദിക്കപ്പെടും, അതു തന്നെയും ഒഴിവാക്കലാണ് ഉത്തമം.)

ആരാണ് ഈ പറഞ്ഞ പണ്ഡിതൻ? എല്ലാം പഠിച്ച് തികഞ്ഞവനാണോ? ആർക്കെങ്കിലും ഞാൻ പണ്ഡിതനാണെന്ന് സ്വയം അവകാശപ്പെടാൻ സാധിക്കുമോ? ഇങ്ങനെയുള്ള സംശയങ്ങളൊക്കെയാണ് പിന്നെ ബാക്കിയുണ്ടാകുക, അതിനുള്ള ഉത്തരങ്ങൾപണ്ഡിതൻമാർ നൽകിക്കഴിഞ്ഞതാണ്,

ദീർഘകാലത്തെ ജയിൽ വാസത്തിനു ശേഷം രാജാവിന്റെ സ്വപ്നം വ്യാഖ്യാനിക്കുകയും കൊട്ടാരത്തിൽ സ്വീകാര്യത ലഭിക്കുകയും ചെയ്ത യൂസുഫ് അലൈഹിസ്സലാം തന്നെ ഭക്ഷ്യധാന്യങ്ങളുടെ നിയന്ത്രണമേൽപ്പിക്കുവാൻ ആവശ്യപ്പെട്ടത് താൻ അറിവുള്ളവനാണ് എന്ന് അവകാശപ്പെട്ടുകൊണ്ടായിരുന്നുവല്ലോ.

قَالَ ٱجْعَلْنِى عَلَىٰ خَزَآئِنِ ٱلْأَرْضِ ۖ إِنِّى حَفِيظٌ عَلِيمٌ ﴿٥٥﴾

(അദ്ദേഹം പറഞ്ഞു താങ്കളെന്നെ ഭൂമിയിലെ ഖജനാവുകളുടെ മേൽ അധികാരമേല്പിക്കുക. തീർച്ചയായും ഞാൻ അങ്ങേയറ്റം സൂക്ഷിക്കുന്നവനും അറിവുള്ളവനുമാകുന്നു.)

ഈ ആയത്തിന്റെ വിശദീകരണത്തിൽ ഇമാം ഖുർത്തുബി റഹിമഹുല്ലാഹ് പറഞ്ഞു

وَدَلَّتِ الْآيَةُ أَيْضًا عَلَى أَنَّهُ يَجُوزُ لِلْإِنْسَانِ أَنْ يَصِفَ نَفْسَهُ بِمَا فِيهِ مِنْ عِلْمٍ وَفَضْلٍ

(الجامع لأحكام القرآن9\217)

(ഒരു മനുഷ്യൻ സ്വന്തത്തിലുള്ള ഇൽമും ശ്രേഷ്ഠതയും പരാമർശിച്ചു സ്വയം പരിചയപ്പെടുത്തൽ അനുവദനീയമാണെന്ന് ഈ ആയത്ത് സൂചിപ്പിക്കുന്നു.)

ജലാലുദ്ദീൻ അസ്സുയൂഥീ റഹിമഹുല്ലാഹ് തന്റെ الصواعق، على النواعق എന്ന ഗ്രന്ഥത്തിൽ സ്വയം പരിചയപ്പെടുത്തിക്കൊണ്ട് സംസാരിച്ചിട്ടുള്ള സഹാബത്തിനെയും താബിഈങ്ങളെയും പറ്റി പറഞ്ഞ ശേഷം പറഞ്ഞു

مَنْ مَدَحَ نَفسَه منَ: الصَّحَابَة، وَالتَّابِعِينَ، هَذَا لَيْسَ مِنْ بَابِ الفَخْرِ، وَلَا تَزْكِيَةِ النَّفْسِ، بَلْ مِنْ بَابِ تَعْرِيفِ الْعَالِمِ حَالَهُ، إِذَا جُهِلَ مَقَامُهُ (نقله حاجي خليفة في كشف الظنون الجزء الثاني ضفحة 1083 )

(സ്വഹാബത്തിലോ താബിഈങ്ങളിലോ പെട്ട ആരെങ്കിലും സ്വയം പ്രശംസിച്ചിട്ടുണ്ടെങ്കിൽ അത് ആത്മപ്രശംസയെന്നോ അഹങ്കാരമെന്നോ വിചാരിക്കാൻ പാടില്ല. മറിച്ച് അത്, ഒരു ആലിമിന്റെ സ്ഥാനം അവഗണിക്കപ്പെട്ടാൽ അത് പറഞ്ഞറിയിക്കുക എന്ന ഇനത്തിലേ പരിഗണിക്കാൻ സാധിക്കൂ.)

ഇത്രയും യോഗ്യതയുള്ള ആളുകൾക്ക് അന്യമതങ്ങളുടെയും അവാന്തര വിഭാഗങ്ങളുടെയും പുസ്തകങ്ങൾ വായിക്കുകയും അവക്ക് മറുപടി നൽകുകയും ചെയ്യാം. യോഗ്യതയുള്ളവർ വിനയത്തിന്റെ പേരിൽ തങ്ങളുടെ മഹത്വം മറച്ചു വെക്കേണ്ട കാര്യമില്ല. ഒരാൾക്കും എത്തിപ്പെടാൻ സാധിക്കാത്ത സാങ്കല്പിക പദവിയുമല്ല ഈ പറഞ്ഞത്. പക്ഷെ ഇതിന്റെ അടുത്തെങ്കിലും എത്തുകയോ എത്താൻ ശ്രമിക്കുകയോ എത്തിയവരുമായി ബന്ധപ്പെടുകയോ ചെയ്യുന്ന എത്ര പേരുണ്ട് ചേകനൂരികളോടും ഖാദിയാനികളോടും സംവാദത്തിനു പോയവരിൽ? പിന്നീട് പ്രസ്തുത വിഭാഗങ്ങളുടെ കുഫ്രിയ്യത്തുകളിൽ പെട്ടു പോയവരിൽ? ഇന്നും ഇത്തരം ഗുരുതരമായ ദജ്ജാലീ സാഹിത്യങ്ങൾ വായിക്കുന്നവരിൽ?

അല്ലാഹു കാത്തു രക്ഷിക്കട്ടെ!

# 2.ദഅ്വത്തിനു വേണ്ടി ഹദീസ് നിഷേധം!

സമുദായത്തിന്റെ വിശ്വാസസംരക്ഷണത്തിനു അനിവാര്യമായി വരുന്ന സന്ദർഭങ്ങളിൽ നിർബന്ധമായും പാലിക്കേണ്ട നിബന്ധനകളോടെ നടത്തേണ്ട ഒരു ഇബാദത്താണ് സംവാദങ്ങൾ. എന്നാൽ യാതൊരു വ്യവസ്ഥകളും പാലിക്കാതെ നടത്തുന്ന സംവാദങ്ങൾ നേരത്തെ പറഞ്ഞ വിധത്തിൽ മതനിഷേധത്തിനാണ് അവസരമൊരുക്കുന്നത്. ഒരു ഉദാഹരണത്തിലൂടെ വിശദീകരിക്കാം.

*“ബൈബിളിലെ ശാസ്ത്രീയാബദ്ധങ്ങളിൽ പെട്ടതാണ് രാവും പകലും മാറുന്നത്, സൂര്യന്റെ ചലനം കൊണ്ടാണെന്നത്. പഴയനിയമത്തിൽ ഒരു പ്രവാചകൻ യുദ്ധം ജയിക്കാൻ വേണ്ടി സൂര്യനെ ഒരു താഴ്‌വരയിലും ചന്ദ്രനെ മറ്റൊരു താഴ്‌വരയിലും തടഞ്ഞുനിർത്തിയതായി പറയുന്നുണ്ട്. ഭൂമിയുടെ ഭ്രമണം മൂലമാണ് രാപ്പകലുകൾ മാറുന്നതെന്നാണ് ശാസ്ത്രം തെളിയിച്ചിട്ടുള്ളത്....” (ബൈബിളിന്റെ ദൈവികത സ്നേഹസംവാദം)*

കേരളത്തിൽ നടന്ന അറിയപ്പെട്ട ഒരു ക്രൈസ്തവ മുസ്‌ലിം സംവാദത്തിൽ ഇസ്‌ലാമിനെ പ്രതിനിധീകരിച്ചു സംസാരിച്ച വ്യക്തിയുടെ വാക്കുകളാണ് മുകളിൽ ഉദ്ധരിച്ചത്. ഇനി ഈ വിമർശനത്തിന്റെ യാഥാർത്ഥ്യം എന്താണെന്നു നോക്കാം.

ഇമാം മുസ്‌ലിം അബൂ ഹുറയ്റ رضي الله عنهവിൽ നിന്നു ഉദ്ധരിച്ചിരിക്കുന്നു.

غَزَا نَبِيٌّ مِنَ الْأَنْبِيَاءِ........ فَغَزَا فَأَدْنَى لِلْقَرْيَةِ حِينَ صَلَاةِ الْعَصْرِ، أَوْ قَرِيبًا مِنْ ذَلِكَ، فَقَالَ لِلشَّمْسِ: أَنْتِ مَأْمُورَةٌ، وَأَنَا مَأْمُورٌ، اللهُمَّ، احْبِسْهَا عَلَيَّ شَيْئًا، فَحُبِسَتْ عَلَيْهِ حَتَّى فَتَحَ اللهُ عَلَيْهِ

(നബിമാരിൽ പെട്ട ഒരു നബി ഒരു യുദ്ധത്തിനു വേണ്ടി പുറപ്പെട്ടു..... അങ്ങനെ ശത്രു രാജ്യത്തിനടുത്ത് അദ്ദേഹം എത്തിയപ്പോൾ സമയം അസ്റിനോടടുത്തിരുന്നു. അദ്ദേഹം സൂര്യനോടു പറഞ്ഞു. നിനക്ക് ഒരു കല്പന ലഭിച്ചിട്ടുണ്ട്. അതു പോലെ എനിക്കും ഒരു കല്പന ലഭിച്ചിട്ടുണ്ട്. അല്ലാഹുവേ അല്പ സമയം നീ അതിനെ പിടിച്ചു വെക്കേണമേ. അങ്ങനെ, അദ്ദേഹത്തിന് യുദ്ധം ജയിക്കാനുള്ള അത്രയും സമയം അല്ലാഹു അതിനെ (സൂര്യനെ) പിടിച്ചു വെച്ചു.) (സഹീഹ് മുസ്ലിം 1747) ഈ ഹദീഥിന്റെ വിശദീകരണമായി ഇമാം നവവി رحمه الله പറഞ്ഞത് നോക്കൂ.

قَالَ الْقَاضِي اخْتُلِفَ فِي حَبْسِ الشَّمْسِ الْمَذْكُورِ هُنَا فَقِيلَ رُدَّتْ عَلَى أَدْرَاجِهَا وَقِيلَ وُقِفَتْ وَلَمْ تُرَدَّ وَقِيلَ أُبْطِئَ بِحَرَكَتِهَا

شرح النووي على صحيح مسلم الجزء الثاني عشر صـ52

(സൂര്യനെ പിടിച്ചു വെച്ചതെങ്ങനെ എന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസമുണ്ട്. അതിനെ പിന്നിലേക്ക് ചലിപ്പിച്ചു, അതല്ല നിശ്ചലമാക്കി, അതുമല്ല ചലനവേഗം കുറച്ചു എന്നും അഭിപ്രായങ്ങളുണ്ട്.)

ഹദീഥിൽ പരാമർശിക്കപ്പെട്ട പ്രവാചകൻ യൂഷഅ് ബിൻ നൂൻ ആണെന്ന് ഇമം അഹ്മദിന്റെ റിപ്പോർട്ട് വ്യക്തമാക്കിയിട്ടുണ്ട്. (ഈ റിപ്പോർട്ട് സഹീഹാണെന്ന് ഷൈഖ് അൽബാനീ റഹിമഹുല്ലാഹ് സിൽസിലത്തുൽ അഹാദീസി സ്സഹീഹ 202 നമ്പറിൽ രേഖപ്പെടുത്തിയിരിക്കുന്നു)

രാവും പകലും മാറിമാറി വരുന്നത്, സൂര്യന്റെ ചലനം കൊണ്ടാണെന്നാണ് ഖുർആനും ഹദീസുകളും പഠിപ്പിക്കുന്നത്, സഹീഹ് മുസ്‌ലിമിലുള്ള പ്രശസ്തമായ ഈ ഹദീസ് ഈ വിഷയത്തിലെ ഖണ്ഡിതമായ

രേഖയാകുന്നു. എനി, എന്തിനാണ് യൂഷഅ് നബിക്കുവേണ്ടി അല്ലാഹു സൂര്യനെ തടഞ്ഞു വെച്ചത് എന്ന് നോക്കാം. അതു മനസ്സിലാക്കുമ്പോൾ രാവും പകലും ദിവസങ്ങളും മാറുന്നത് സൂര്യന്റെ ചലനം കൊണ്ടാണെന്നത് കൂടുതൽ വ്യക്തമാകും.

ഷൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ رحمه الله പറയുന്നു.

لَكِنَّ يُوشَعَ كَانَ مُحْتَاجًا إِلَى ذَلِكَ ؛ لِأَنَّ الْقِتَالَ كَانَ مُحَرَّمًا عَلَيْهِ بَعْدَ غُرُوبِ الشَّمْسِ ؛ لِأَجْلِ مَا حَرَّمَ اللَّهُ عَلَيْهِمْ مِنَ الْعَمَلِ لَيْلَةَ السَّبْتِ وَيَوْمَ السَّبْتِ

(കാരണം, യൂഷഇന് അതു ആവശ്യമായിരുന്നു. എന്തെന്നാൽ അദ്ദേഹത്തിനു സൂര്യാസ്തമയത്തിനു മുമ്പായി യുദ്ധം ജയിക്കണമായിരുന്നു. കാരണം, ശനിയാഴ്ചയുടെ രാവിലും പകലിലും അവർക്ക് ജോലി ചെയ്യാൻ പാടില്ലായിരുന്നു.)

(منهاج السنة النبوية في نقض كلام الشيعة القدرية الجزء الثامن صـ169)

ആധുനിക സലഫീ പണ്ഡിതന്മാരിൽ പ്രശസ്തനായ ഇമാം മുഹമ്മദ് സാലിഹ് അൽഉഥയ്മീൻ رحمه الله പറയുന്നതു നോക്കൂ.

أَمَّا رَأْيُنَا حول دَورَانِ الشَّمْسِ عَلَى الْأَرْضِ الذِّي يَحْصُلُ بِهِ تَعَاقُبُ اللَّيْلِ وَالنَّهَارِ، فَإِنَّنَا مُسْتَمْسِكُونَ بِظَاهِرِ الْكِتَابِ وَالسُّنَّةِ مِنْ أَنَّ الشَّمْسَ تَدُورُ عَلَى الْأَرْضِ دَورَانًا يَحْصُلُ بِهِ تَعَاقُبُ اللَّيْلِ وَالنَّهَارِ، حَتَّى يَقُومَ دَلِيلٌ قَطْعِيٌّ يَكُونُ لَنَا حُجَّةً بِصَرْفِ ظَاهِرِ الْكِتَابِ وَالسُّنَّةِ إِلَيْهِ – وَأَنَّ ذَلِكَ – فَالْوَاجِبُ عَلَى الْمُؤْمِنِ أَنْ يَسْتَمْسِكَ بِظَاهِرِ الْقُرْآنِ الْكَرِيمِ وَالسُّنَّةِ فِي هَذِهِ الْأُمُورِ وَغَيْرِهَا.

مجموع فتاوى ورسائل فضيلة الشيخ محمد بن صالح العثيمين الجزء الأول صـ71

(ഭൂമിക്കു ചുറ്റുമുള്ള സൂര്യന്റെ ചലനത്തെ സംബന്ധിച്ചാണെങ്കിൽ തദ്വിഷയകമായി വന്ന ഖുർആൻ സൂക്തങ്ങളുടെയും ഹദീസുകളുടെും ബാഹ്യാർത്ഥത്തിൽ ഉറച്ചു നില്ക്കുകയാണ് നാം ചെയ്യുക. അഥവാ രാപ്പകലുകൾ മാറി വരുന്നവിധത്തിലുള്ള ഒരു രീതിയിൽ സൂര്യൻ ഭൂമിക്കു ചുറ്റും കറങ്ങിക്കൊണ്ടിരിക്കുകയാണ്. ഈ ബാഹ്യാർത്ഥത്തെ വ്യാഖ്യാനിക്കാൻ നിർബന്ധിക്കുന്ന ഖണ്ഡിതമായ ഒരു തെളിവു നമുക്ക് ലഭിക്കുന്നത് വരെ– അതെങ്ങനെ ലഭിക്കാനാണ്!– ഇക്കാര്യത്തിലും മറ്റെല്ലാം വിഷയങ്ങളിലും ഖുർആനിന്റെയും സുന്നത്തിന്റെയും ബാഹ്യാർത്ഥങ്ങളെ പിന്തുടരുകയാണ് ഒരു മുസ്‌ലിമിന്റെ ബാധ്യത.)

ദഅ്‌വത്തിനു വേണ്ടി അന്യവേദങ്ങൾ – അവയുടെ തെറ്റുകൾ ചൂണ്ടിക്കാണിക്കാൻ വേണ്ടി– ഉദ്ധരിക്കാം എന്ന് പണ്ഡിതന്മാർ പറഞ്ഞിട്ടുള്ളതിനെ അതിന്റെ നിബന്ധനകളിൽ നിന്ന് സ്വതന്ത്രമാക്കി

ഉപയോഗിക്കുന്നതിന്റെ ദുരന്തഫലം കൂടിയാണ് ഈ ഹദീസ് നിഷേധം. അതെ, സഹോദരങ്ങളെ, ബൈബിളും തോറയുമൊക്കെ വായിക്കുന്നത് ഹറാമാണെന്നതാണ് അടിസ്ഥാന നിയമം.

അനിവാര്യമായ ഘട്ടത്തിൽ പണ്ഡിതന്മാർക്ക് അത് അനുവദിക്കപ്പെടുമെന്ന് മാത്രം. ഇമാം ദഹബി റഹിമഹുല്ലാഹ് പറഞ്ഞ ഉദ്ധരണി നേരത്തെ വായിച്ചുവല്ലോ.

സാധാരണക്കാരെ സംബന്ധിച്ചിടത്തോളം യാതൊരു കാരണവശാലും അന്യമതങ്ങളുടെ വേദങ്ങൾ പഠിക്കുന്നതും അവയിലേക്ക് നോക്കുന്നത് പോലും അനുവദിക്കപ്പെട്ടിട്ടില്ല.

ഇബ്നു ബാസ്رحمه الله പറയുന്നത് നോക്കുക.

أَمَّا الْعَامَّةُ وَأَشْبَاهُ الْعَامَّةِ فَلَيْسَ لَهُمْ شَيْءٌ مِنْ هَذَا، بَلْ مَتَى وُجِدَ عِنْدَهُمْ شَيْءٌ مِنَ التَّورَاةِ أَوِ الْإِنْجِيلِ أَوِ الزَّبُورِ، فَالْوَاجِبُ دَفْنُهَا فِي مَحَلٍّ طَيِّبٍ أَوْ إِحْرَاقُهَا حَتَّى لَا يَضِلَّ بِهَا أَحَدٌ (فتاوى نور على الدرب صـ11)

(സാധാരണക്കാരോ സാധാരണക്കാരെപ്പോലുള്ളവരോ ആകട്ടെ അവർക്കിതൊന്നും തന്നെ ബാധകമല്ല. എന്നു മാത്രമല്ല, അവരുടെ പക്കൽ തൗറാത്തോ ഇൻജീലോ സബൂറോ ലഭിക്കുകയാണെങ്കിൽ അത് വായിച്ച് ആരും വഴിതെറ്റിപ്പോകാത്ത വിധത്തിൽ ഉചിതമായ ഒരു സ്ഥലത്ത് അതു കുഴിച്ചു മൂടുകയോ കത്തിച്ചുകളയുകയോ ആണു വേണ്ടത്.)

പണ്ഡിതന്മാർക്കാവാമെങ്കിൽ എന്തു കൊണ്ടു ആയിരക്കണക്കിനു പൊതുപ്രഭാഷണങ്ങളും ഡസൻ കണക്കിനു സംവാദങ്ങളും നടത്തിയിട്ടുള്ള 'നമ്മുടെ പണ്ഡിതന്മാർ'ക്ക് ആയിക്കൂടാ എന്നു ചോദിക്കുന്നവർക്കുള്ള മറുപടിയാണ് മുകളിൽ ഉദ്ധരിച്ച ഹദീസ് നിഷേധം.

ശാസ്ത്രത്തിനു യോജിക്കുന്നില്ല എന്ന് പറഞ്ഞു പരിഹസിച്ചത് ബൈബിളിനെയാണ് പക്ഷെ നിബന്ധനകൾ പാലിക്കാതെയായതു കൊണ്ടു പരിഹാസം ഏറ്റതു അല്ലാഹുവിന്റെ പ്രവാചകൻ صلى الله عليه وسلم ക്കായിപ്പോയി എന്നു മാത്രം!!

ഇത്തരം സത്യനിഷേധപരമായ അബദ്ധങ്ങളിൽ പോയി വീഴാതിരിക്കാൻ വേണ്ടിയാണ് കരുണാനിധികളായ പണ്ഡിതന്മാർ അനുഭാവ പൂർവം സാധാരണക്കാരെ ഈ ഭാരത്തിൽ നിന്നൊഴിവാക്കിയത്. പക്ഷെ ദഅ്‌വത്തിനെ ഒരു ഭാരവും ബാധ്യതയും ഒരു മഹത്തായ ഉത്തരവാദിത്തവും എന്ന നിലക്കല്ലാതെ നോക്കിക്കാണുന്നവർ എല്ലാ പരിധികളും ലംഘിച്ചു സ്വന്തം പരലോകം അപകടത്തിലാക്കുന്നു!

അറിവില്ലാതെ അന്യമതഗ്രന്ഥങ്ങളെക്കുറിച്ചു സംസാരിക്കുന്നത് റസൂൽصلى الله عليه وسلم വിലക്കിയിട്ടുണ്ട്. അവിടുന്ന് പറഞ്ഞതായി ഒരു ഹദീസിൽ ഇങ്ങനെ വന്നിരിക്കുന്നു.

നിങ്ങൾ വേദക്കാരോട് ഒന്നും ചോദിക്കരുത്. കാരണം,ഒരു പക്ഷെ നിങ്ങൾ അവർ പറയുന്ന സത്യത്തെ നിഷേധിച്ചേക്കാം. അല്ലെങ്കിൽ അവർ പറയുന്ന അസത്യത്തെ വിശ്വസിച്ചേക്കാം.

ഇവിടെയിതാ, അവർ പറഞ്ഞ ഒരു പച്ചയായ സത്യത്തെ നിഷേധിച്ചിരിക്കുന്നു!

മാത്രമല്ല, അന്യമത ഗ്രന്ഥങ്ങളെക്കുറിച്ച് അന്യായം പറയുന്നത്, അവരോടു ചെയ്യുന്ന ഒരു അക്രമം കൂടിയാണ്. യുദ്ധവേളയിൽ പോലും അക്രമം ചെയ്യാൻ പാടുള്ളതല്ലല്ലോ.

# 47:

وَقَـٰتِلُواْ فِي سَبِيلِ ٱللَّهِ ٱلَّذِينَ يُقَـٰتِلُونَكُمْ وَلَا تَعْتَدُوٓاْ ۚ إِنَّ ٱللَّهَ لَا يُحِبُّ ٱلْمُعْتَدِينَ ﴿١٩٠﴾

(നിങ്ങൾ നിങ്ങളോടിങ്ങോട്ടു അക്രമം ചെയ്യുന്നവരെ അല്ലാഹുവിന്റെ മാർഗത്തിൽ നേരിട്ടുകൊള്ളൂക. പക്ഷെ നിങ്ങൾ അതിക്രമം ചെയ്യരുത്. അല്ലാഹു അതിക്രമകാരികളെ ഇഷ്ടപ്പെടുന്നില്ല.) (അൽബഖറ 190) അവരുടെ മതഗ്രന്ഥത്തിൽ വന്ന ഒരു മുഅ്ജിസത്തിനെ (അതു നമ്മുടെ ദീനിൽ സ്ഥിരപ്പെട്ടതായിരുന്നിട്ടു പോലും) നാം ശാസ്ത്രത്തിനു യോജിക്കുന്നില്ല എന്നു പറഞ്ഞു കളിയാക്കിയാൽ അവരെങ്ങനെ നമ്മുടെ ദഅ്വത്ത് സ്വീകരിക്കും?!

തീർന്നില്ല, ശാസ്ത്രത്തിന്റെ പേരിൽ ബൈബിളിൽ പറഞ്ഞിട്ടുള്ള ഒരു സത്യത്തെ നിഷേധിക്കുക വഴി ഖുർആനിനുകൂടി ആക്ഷേപം ക്ഷണിച്ചു വരുത്തുകയാണ് ഫലത്തിൽ സംഭവിക്കുന്നത്. അവരുടെ മതഗ്രന്ഥത്തിൽ പറഞ്ഞ മുഅ്ജിസത്തിനെ ശാസ്ത്രമുപയോഗിച്ച് നാം നിഷേധിക്കുകയും പരിഹസിക്കുകയും ചെയ്താൽ അവർ തിരിച്ചു നമ്മുടെ നബിയുടെയും വേദഗ്രന്ഥത്തിന്റെയും അത്ഭുതങ്ങളെ പരിഹസിക്കുകയില്ലേ?

അത് അവർ ചെയ്യുന്നതല്ലേ അതിനു നമുക്കു ഉത്തരവാദിത്തമില്ല എന്ന് പറഞ്ഞു രക്ഷപ്പെടാനും സാധിക്കുകയില്ല. അല്ലാഹുتعالى പറഞ്ഞിരിക്കുന്നു.

وَلَا تَسُبُّواْ ٱلَّذِينَ يَدْعُونَ مِن دُونِ ٱللَّهِ فَيَسُبُّواْ ٱللَّهَ عَدْوًۢا بِغَيْرِ عِلْمٍ ﴿١٠٨﴾

(അല്ലാഹുവിനു പുറമെ അവർ പ്രാർഥിച്ചുകൊണ്ടിരിക്കുന്ന വിഗ്രഹങ്ങളെ നിങ്ങൾ തെറിപറയരുത്. അപ്പോൾ അവർ അല്ലാഹുവെ ശത്രുതമൂലം വിവരമില്ലാതെ തെറിപറഞ്ഞേക്കും.) (അൻആം 108) ഈ ആയത്തിന്റെ വിശദീകരണമായി ഇമാം ഇബ്നു കഥീർ റഹിമഹുല്ലാഹ് പറയുന്നതു നോക്കൂ

يَقُولُ تَعَالَى نَاهِيًا لِرَسُولِهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ وَالْمُؤْمِنِينَ عَنْ سَبِّ آلِهَةِ الْمُشْرِكِينَ، وَإِنْ كَانَ فِيهِ مَصْلَحَةٌ، إِلَّا أَنَّهُ يَتَرَتَّبُ عَلَيْهِ مَفْسَدَةٌ أَعْظَمُ مِنْهَا، وَهِيَ مُقَابَلَةُ الْمُشْرِكِينَ بِسَبِّ إِلَهِ الْمُؤْمِنِينَ، وَهُوَ اللَّهُ لَا إِلَهَ إِلَّا هُوَ.

كَمَا قَالَ عَلِيُّ بْنُ أَبِي طَلْحَةَ، عَنِ ابْنِ عَبَّاسٍ فِي هَذِهِ الْآيَةِ: قَالُوا: يَا مُحَمَّدُ، لَتَنْتَهِيَنَّ عَنْ سَبِّكَ آلِهَتَنَا، أَوْ لَنَهْجُوَنَّ رَبَّكَ، فَنَهَاهُمُ اللَّهُ أَنْ يَسُبُّوا أَوْثَانَهُمْ، {فَيَسُبُّوا اللَّهَ عَدْوًا بِغَيْرِ عِلْمٍ}

(تفسير القرآن العظيم أبو الفداء إسماعيل بن عمر بن كثير القرشي دار طيبة الجزء الثالث صـ314)

(അല്ലാഹുتعالى തന്റെ പ്രവാചകനെയും വിശ്വാസികളെയും മുശ്രിക്കുകളുടെ ദൈവങ്ങളെ തെറിവിളിക്കുന്നതിനെത്തൊട്ട് തടയുകയാണ്. കാരണം, അവരെ തെറിവിളിക്കുന്നതിൽ ഗുണമുണ്ടെങ്കിലും ആ ഗുണത്തേക്കാൾ വലിയ ഒരു ദോഷം അതു വരുത്തിവെക്കാനിടയുണ്ട്. അഥവാ അവർ അല്ലാഹുവെ തിരിച്ച് തെറി പറയാൻ സാധ്യതയുണ്ട്. ഇബ്നു അബ്ബാസ് رضي الله عنهപറഞ്ഞു.

48:

മുശ്രിക്കുകൾ നബിയോട് പറഞ്ഞു നീ ഞങ്ങളുടെ ദൈവങ്ങളെ ആക്ഷേപിക്കുന്നത് നിർത്തിയേ തീരൂ. അല്ലാത്ത പക്ഷം ഞങ്ങൾ നിന്റെ റബ്ബിനെയും കുറ്റം പറയും. അപ്പോൾ അല്ലാഹു അവരുടെ വിഗ്രഹങ്ങളെ തെറിപറയുന്നത് വിലക്കി.)

നോക്കൂ സഹോദരങ്ങളെ, വ്യാജ ദൈവങ്ങളെ തെറിവിളിക്കുക എന്നത്, ചില ഗുണങ്ങളൊക്കെയുള്ള ഒരു കാര്യവും പറയുന്ന കാര്യം സത്യവും ആയിരുന്നിട്ടും അത് അല്ലാഹു വിലക്കി, അതിന്റെ പരിണതഫലം കണക്കിലെടുത്തുകൊണ്ട്. അപ്പോൾ അന്യായമായി ബൈബിളിനെ ശാസ്ത്രത്തിന്റെ വടികൊണ്ടടിച്ച് ഖുർആനിനു നേരെ അവരെ ഇളക്കിവിടുന്നതിന്റെ ഉത്തരവാദിത്തത്തിൽ നിന്ന് അതു ചെയ്യുന്നവർക്ക് ഒഴിഞ്ഞുമാറാൻ സാധിക്കുമോ?! പ്രത്യേകിച്ച് ശാസ്ത്രമേഖലയിൽ ഇന്ന് മുസ്ലിംകളെ അപേക്ഷിച്ച് എത്രയോ പുരോഗമിച്ചവരാണ് കൃസ്ത്യാനികൾ. പാവപ്പെട്ട മുസ്ലിംകൾക്ക് തങ്ങളുടെ ദീനിൽ സംശയമുണ്ടാക്കുന്ന വിധത്തിൽ ഖുർആനിൽ ശാസ്ത്രത്തോടു യോജിക്കാത്ത പരാമർശങ്ങളുണ്ടെന്ന നിലക്ക് അവർ പ്രചാരണം നടത്താനല്ലേ ഇത്തരം പ്രകോപനങ്ങൾ വഴിയൊരുക്കുക.

അപ്പോൾ ഇത്തരം പ്രസ്താവനകൾ നടത്തുന്നവർ ചെയ്യുന്ന തെറ്റ്, അല്ലാഹുവെ തെറിവിളിക്കാൻ വഴിവെക്കുന്ന വിധത്തിൽ പരസ്യമായി അന്യമതസ്ഥരുടെ ആരാധനാവസ്തുക്കളെ തെറിവിളിക്കുന്നതിനെക്കാൾ വലുതാണ്, പല കാരണത്താൽ.

ഒന്ന്) ഖുർആനിനെ തെറിവിളിക്കുന്നത് അല്ലാഹുവെ തെറിവിളിക്കുന്നതിനു തുല്യമാണ്. കാരണം, ഖുർആൻ അല്ലാഹുവിന്റെ സൃഷ്ടിയല്ല. അല്ലാഹുവിന്റെ കലാമാണ്. അതിനാൽ രണ്ടു പ്രവർത്തിയും തുല്യമായി.

രണ്ട്) അല്ലാഹുവെ തെറിവിളിക്കുന്നത് കളവാണെന്ന് ഏതുമുസ്ലിമിനും ഒറ്റത്തവണ കേൾക്കുമ്പോഴേ മനസ്സിലാകും. എന്നാൽ ഖുർആനിനെ സംബന്ധിച്ച് സംശയമുണ്ടാക്കുന്നത് അവന്റെ മനസ്സിലെ യഖീൻ നഷ്ടപ്പെടുത്താൻ കാരണമായേക്കാം.

മൂന്ന്) അന്യദൈവങ്ങളെ ആക്ഷേപിക്കുന്നത്, സഹാബത്ത് ചെയ്തതും ന്യായവുമായ ഒരു കാര്യമാണ്. എന്നാൽ, ഇൻജീലിൽ മാറ്റത്തിരുത്തലുകൾ വന്നിട്ടുണ്ടെങ്കിലും അതിൽ പല സത്യങ്ങളും (നമ്മുടെ കുറിപ്പിന്റെ വിഷയം പോലെ ചില ഭാഗങ്ങൾ) ഉള്ളതു കൊണ്ടു അതിനെ മൊത്തത്തിൽ ആക്ഷേപിക്കുന്നത് വിലക്കപ്പെട്ടതാണ്.

ഇനിയുമിനിയും എത്രയോ ഉദാഹരണങ്ങൾ ദഅ്വത്തിനു വേണ്ടി ഹദീസുകളും ആയത്തുകളും തന്നെ ദുർവ്യാഖ്യാനിക്കുന്നതിനു നമുക്കു ചുറ്റുപാടും കാണാൻ സാധിക്കും. പക്ഷെ ഒരു കവി പറഞ്ഞതു പോലെ,

الْحُـــرُّ تَكْـــفِـــيـــهِ الْإِشَـــارَةْ          وَالْعَـــبْدُ يُـــقْرَعُ بِـــالْعَـــصَـــا

(മാന്യനായ സ്വതന്ത്ര വ്യക്തിക്ക് കാര്യം മനസ്സിലാകാൻ ഒരു സൂചന മതിയാകും. എന്നാൽ അടിമയെ വടി കൊണ്ട് അടിച്ചു തെളിക്കേണ്ടി വരും!)

രണ്ടേ രണ്ട് ഉദാഹരണങ്ങൾ ചൂണ്ടിക്കാണിച്ചെന്നുമാത്രം. പ്രിയ സഹോദരങ്ങളേ, ഞാനും നിങ്ങളുമെല്ലാം സത്യമറിയാതെ അബദ്ധം ചെയ്യുന്ന എന്തെന്തു വിഷയങ്ങളുണ്ടായിരിക്കും! അതെല്ലാം മനസ്സിലാക്കാൻ സലഫീ മൻഹജിന്റെ വിഷയത്തിൽ പ്രത്യേകം ശ്രദ്ധചെലുത്തി വിമർശനഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ള സലഫീപണ്ഡിതന്മാരുടെ ഗ്രന്ഥങ്ങൾ ശ്രദ്ധയോടെ പഠിക്കുക. എന്റെ ശ്രദ്ധയാകർഷിച്ചിട്ടുള്ള ഒരു കൗതകം, സലഫീ പണ്ഡിതന്മാരിൽ മൻഹജുപരമായ വിമർശനഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ളവർ ലോകത്തു മറ്റു പലയിടത്തുമെന്ന പോലെ കേരളത്തിലും പൂർണമായി പാർശ്വവൽക്കരിക്കപ്പെട്ടിരിക്കുകയാണ്, വിശിഷ്യാ അവരുടെ വിമർശന രചനകൾ. സമകാലികരായ അത്തരം ചില പണ്ഡിതന്മാരാണ്:

ശൈഖ് മുഹമ്മദ് അമാൻ ബിൻ അലീ അൽജാമീ റഹിമഹുല്ലാഹ്,

ശൈഖ് അഹ്മദ് ബിൻ യഹ്‌യാ അന്നജ്മീ റഹിമഹുല്ലാഹ്

ജിന്നു വിവാദവും ചില ലളിത സത്യങ്ങളും

49:

ശൈഖ് മുഖ്ബിൽ ബിൻ ഹാദീ അൽവാദിഈ റഹിമഹുല്ലാഹ്

തുടങ്ങിയവർ. ഇവരുടെ ഗ്രന്ഥങ്ങൾ ശ്രദ്ധയോടെ വായിക്കുക. സലഫീ മൻഹജ് എന്താണെന്ന് പകൽ വെളിച്ചം പോലെ മനസ്സിലാകും ഇൻശാ അല്ലാഹ്!

كتبه ساجد بن شريف



\